

*വീരക്കല്ല്*



*വീരക്കല്ല്*



*ദക്ഷിണാമൂർത്തി*

സ്സും മുഖഭാവങ്ങളിലും ശിൽപനിർമ്മാണ വൈദഗ്ധ്യത്തിലും ദൃശ്യമാണ്. തലപ്പാവു ധരിച്ച് രാജകീയ പ്രൗഢിയുടെ തലയറുത്തുമാറ്റിയ നിലയിലാണ് വീരക്കല്ല് കാണപ്പെടുന്നത്. തേജോമയിരൂപത്തിന്റെ തലപ്പാവേന്തിയ ശിരസ്സു മാത്രമാണ് ഇപ്പോഴുള്ളത്. മറ്റൊരു വീരക്കല്ലിൽ തലപ്പാവും കർണ്ണകുണ്ഡലവും ദൃശ്യമാണ്. മൂന്നാമതൊരു വീരക്കല്ലിൽ ഇടതുകാൽമുട്ടിൽ നിന്ന് അൽപം മടക്കിയ നിലയിൽ പാദം ഇടതുഭാഗത്തേക്ക് തിരിച്ചുവച്ചിട്ടുണ്ട്. വലതുകാൽ തൃകോണാകൃതിയിൽ മുട്ടുഭാഗം മടക്കി അൽപം മുകളിലേക്ക് ഊന്നിയ നിലയിലാണ്. ഇടതുകൈപ്പാദം വലതുതുടയുടെ മുകളിൽ അമർത്തിവച്ച നിലയിലാണ്. തുടവരെയാണ് വസ്ത്രധാരണം. കട്ടിയുള്ള മാല ദേഹത്ത് അണിഞ്ഞിട്ടുണ്ട്. വലതുകൈ വിജയഹസ്തത്തിന്റെ പ്രതീകമായി ഉയർത്തിയ നിലയിലാണ്. എന്നാൽ മറ്റു രണ്ട് വീരക്കല്ലുകളുടെയും മുഖഭാവങ്ങൾ മുഴുവൻ നമ്മൾ കാണും വിധമാണ് കൊത്തിവച്ചിട്ടുള്ളത്. ശിരോചക്രത്തിന്റെ മുൻഭാഗത്ത് മരച്ചുവട്ടിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഈ വീരക്കല്ലുകൾക്ക് മധ്യകാലഘട്ടത്തിലെ ശിൽപഭംഗിയാണുള്ളത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നശിപ്പിക്കപ്പെട്ടതാണ് ഇവിടുത്തെ രാജകീയ പ്രൗഢിയുള്ള ശിൽപങ്ങൾ എന്നു അനുബന്ധതെളിവുകളിലൂടെ ബോധ്യപ്പെടുന്നു.

ഈ വീരക്കല്ലുകളെല്ലാംതന്നെ ആറാം നൂറ്റാണ്ടിൽ നിർമ്മിച്ചവയാണെന്ന് സൂക്ഷ്മാവലോകനത്തിൽ ബോധ്യമാകുന്നു. ഒരു പ്രതിഷ്ഠ നിലത്ത് ഉറപ്പിച്ച നിലയിലാണ്. അതേസമയം, രാജകീയ പ്രൗഢിയുള്ള രണ്ട് ശിൽപങ്ങളുടെ ഉടൽഭാഗങ്ങളും നഷ്ടപ്പെട്ട നിലയിലാണ്.

**വെള്ളാന്തറയിലെ അപൂർവ്വ ശിൽപമാതൃക**

കൊല്ലങ്കോട് അയ്യപ്പൻകാവിൽ നിന്ന് ഏകദേശം അഞ്ഞൂറു മീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന വെള്ളാന്തറ ശിവക്ഷേത്രത്തിനു ചുറ്റുമായാണ് എട്ട് അപൂർവ്വ ശിൽപമാതൃകകളുള്ളത്. ഒരു കാലത്ത് തകർക്കപ്പെടുകയും ഭാഗികമായി പുനരുദ്ധീകരിക്കപ്പെടുകയും ചെയ്ത ഈ ക്ഷേത്രം ജീർണ്ണാവസ്ഥയിലാണ്. ദക്ഷിണാമൂർത്തി, വിശാലാക്ഷി, കാലഭൈരവൻ, ചണ്ഡികേശ്വരൻ, ഗണപതി, സൂര്യദേവൻ, സുബ്രഹ്മണ്യൻ, മയിൽ എന്നീ ശിൽപമാതൃകകളാണ് ഇവിടെയുള്ളത്.

ശ്രീകോവിലിനു ചുറ്റും പുറമെയുമായാണ് ശിൽപങ്ങളുടെ പ്രതിഷ്ഠ. ദക്ഷിണാമൂർത്തിയുടെ കാൽക്കീഴിൽ കമിഴ്ന്നുകിടക്കുംവിധം മരവുരിയുടുത്ത് മുട്ടു മടക്കി കൈകളൂന്നികിടക്കുന്ന മൂർത്തിരൂപത്തിന്റെ മുതുകിൽ വലതു കാൽ ഊന്നി ഇടതുകാൽ വലതുകാൽ മുട്ടിനു മുകളിൽ ത്രികോണാകൃതിയിൽ മടക്കിവച്ചിരിക്കുംവിധമാണ് ദക്ഷിണാമൂർത്തിയുടെ കരിങ്കല്ലിൽ തീർത്ത ശിൽപവൈദഗ്ധ്യം. ഈ മൂർത്തിയുടെ കൈയിൽ ഫണമുയർത്തിയിരിക്കുന്ന ഒരു നാഗമുണ്ട്. ഇടതുകാൽപാദം ഇടതുകാൽമുട്ടിൽ തൂങ്ങിക്കിടക്കുന്നു. വലതുകൈപ്പത്തിയിൽ ഒരു ആയുധമുണ്ട്. ഇരുകാതുകളിലും കുണ്ഡലങ്ങൾ ധരിച്ചിട്ടുണ്ട്. കഴുത്തിന് താഴെ വീതിയുള്ള പതക്കം കാണാം. നേത്രങ്ങൾ അടച്ച് ധ്യാനാവസ്ഥയിലാണ്. കിരീടമോ തലപ്പാവോ ധരിച്ചിട്ടില്ല. കഴുത്തിൽ രുദ്രാക്ഷമാല. ഉദരബന്ധത്തോടെയുള്ള ചേലയാണ് ധരിച്ചിട്ടുള്ളത്. യജ്ഞോപവീതവുമുണ്ട്. കൈത്തണ്ടകളിൽ കേയൂരവളയും കടകവളയും. ശിൽപത്തിന്റെ പിന്നിൽ ദിവ്യചൈതന്യത്തിന്റെ പ്രതീകമായി പ്രഭാവലയം

രാജകീയ പ്രൗഢിയിലുള്ള വീരക്കല്ലിന്റെ മുഖഭാവത്തിന് പ്രത്യേക ആകർഷകത്വമുണ്ട്. മധ്യകാലഘട്ടത്തിൽ കേരളത്തിൽ ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും മറ്റും സവിശേഷതകളായ കുടുമകളുള്ള നിരവധി ശിൽപങ്ങൾ ഈ പ്രദേശത്തുനിന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ശിൽപത്തിലെ മനുഷ്യരൂപത്തിലെ കുടുമ ഇടതുഭാഗത്താണ്. ഇരുചെവികളിലും പത്രകുണ്ഡലം അണിഞ്ഞിട്ടുണ്ട്. ഇരുകൈകളും നെഞ്ചോടു ചേർത്തുപിടിച്ച് കൈ കൂപ്പി തൊഴുതുനിൽക്കുന്ന നിലയിലാണ് വിഗ്രഹത്തിന്റെ രൂപകൽപന. ഇരുകൈകളിലും പൗരുഷപ്രതാപത്തിന്റെ പ്രതീകങ്ങളായ കേയൂരവളയും കടകവളയും ധരിച്ചിട്ടുണ്ട്. മനോഹരമായ ഞൊറിയോടുകൂടിയ ചേലയും അണിഞ്ഞിട്ടുണ്ട്.



കാലഭൈരവൻ



ഗണപതി



വിശാലാക്ഷി

വലിയ കരിങ്കൽ സ്ലാബിൽ തീർത്തിട്ടുണ്ട്.


രണ്ടാമത്തെ പ്രതിമയായ ചണ്ഡികേശ്വരൻ ലൈലാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു. ഇടതുകാൽ മടക്കിവച്ച് വലതുകാൽ തൂങ്ങിക്കിടക്കും വിധമാണ് ഇരിപ്പ്. ഇടതുകൈ ഇടതുകാൽ മുട്ടിൽ തൂങ്ങിക്കിടക്കുന്നു. വലതുകൈയിൽ വെൺമഴുവുമുണ്ട്. മൂന്ന് നിലകളിലുള്ള മകുടാകൃതിയിലുള്ള കിരീടം ധരിച്ചിട്ടുണ്ട്. ജാതഭാരം വിടർത്തിയിട്ടിരിക്കുന്നു. കേയൂരവളയും കടകവളയും ഇരുകരങ്ങളിലും കാണാം. കാൽത്തള, പതക്കം, കുണ്ഡലം, യജ്ഞോപവീതം, ഉദരബന്ധം എന്നിവയൊക്കെ ശിൽപനിർമ്മിതിയിലെ സവിശേഷതകളാണ്.

കൊല്ലങ്കോട് അയ്യപ്പൻകാവിൽനിന്ന് ഏകദേശം അഞ്ഞൂറു മീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന വെള്ളാന്തറ ശിവക്ഷേത്രത്തിനു ചുറ്റുമായാണ് എട്ട് അപൂർവ്വ ശിൽപമാതൃകകളുള്ളത്. ഒരു കാലത്ത് തകർക്കപ്പെടുകയും ഭാഗികമായി പുനരുദ്ധീകരിക്കപ്പെടുകയും ചെയ്ത ഈ ക്ഷേത്രം ജീർണ്ണാവസ്ഥയിലാണ്. ദക്ഷിണാമൂർത്തി, വിശാലാക്ഷി, കാലഭൈരവൻ, ചണ്ഡികേശ്വരൻ, ഗണപതി, സൂര്യദേവൻ, സുബ്രഹ്മണ്യൻ, മയിൽ എന്നീ ശിൽപമാതൃകകളാണ് ഇവിടെയുള്ളത്.


ഇവിടെ കാണപ്പെടുന്ന മൂന്നാമത്തെ ശിൽപമാണ് കാലഭൈരവൻ. ഒരു ശ്വാനന്റെ മുമ്പിൽ കാലഭൈരവൻ നിലയുറപ്പിച്ചു നിൽക്കും വിധമാണ് ഇതിന്റെ ശിൽപനിർമ്മാണം. ഒരേ ശിലയിൽനിന്നാണ് വ്യത്യസ്ത രൂപങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. നാലു ഭുജങ്ങളോടെയുള്ള ശിൽപത്തിൽ ഇടതുകൈയിൽ ഉടുക്കും വലതുകൈയിൽ ശൂലവുമുണ്ട്. താമരപ്പൂവും ആയുധവുമാണ് മറ്റു കരങ്ങളിലുള്ളത്. കടകവള കൈകളിൽ ധരിച്ചിട്ടുണ്ട്. ഇടുപ്പിലൂടെ ശ്വാനന്റെ പുറത്തുകൂടി മുട്ടുവരെ തൂങ്ങിക്കിടക്കുന്ന ഒരു ഹാരവും ശിൽപത്തിൽ ദൃശ്യമാണ്. ശ്വാനന്റെ വാല് ഉയർന്നു മടങ്ങിയ നിലയിലും ചെവികൾ തൂങ്ങിക്കിടക്കുന്ന വിധവുമാണ്. ശ്വാനന്റെ പുറത്ത് ഇരിക്കുകയാണോ എന്നു തോന്നും വിധമാണ് ശിൽപനിർമ്മാണം.

ഇവിടുത്തെ മറ്റൊരു മനോഹര ശിൽപമാണ് സൂര്യദേവന്റേത്. പീഠത്തിൽ പ്രതിഷ്ഠിച്ച നിലയിലാണ് ശിൽപനിർമ്മാണം. നാലു ഭുജങ്ങളുണ്ട്. പീഠത്തിൽ പ്രതിഷ്ഠിച്ച നിലയിലാണ് ശിൽപം. പിന്നിൽ ഉയർത്തിയിട്ടിരിക്കുന്ന രണ്ടു കരങ്ങളിലും ഗദകളുണ്ട്. മുമ്പിലുള്ള രണ്ടു കൈകളും അഭയമുദ്രയിലാണ് ചിത്രീകരണം. വിഗ്രഹത്തിന്റെ തനതു സവിശേഷതകളായ കിരീടം, കടകവള, കുണ്ഡലങ്ങൾ, പതക്കം, കാൽവള, ഉദരബന്ധം, ചേല എന്നിവ ഈ വിഗ്രഹത്തിൽ സന്നിവേശിച്ചിട്ടുണ്ട്. ഒറ്റക്കല്ലിൽത്തന്നെയാണ് ഈ ശിൽപത്തിന്റെ നിർമ്മാണവും. പ്രഭാവലയം തീർത്തുകൊണ്ട് കരിങ്കല്ലുകൊണ്ടുളണ്ഡിരോചക്രത്തിന്റെ നിർമ്മാണത്തിലും ശിൽപകലാവൈദഗ്ധ്യവും ഭാവനയും ദർശിക്കാം. പീഠത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള മറ്റൊരു കരിങ്കൽ ശിൽപമാണ് വിശാലാക്ഷിയുടേത്. കിരീടം, പതക്കം, കുണ്ഡലം, ജാതഭാരം എന്നിവ ഈ ശിൽപത്തിന്റെ സവിശേഷതകളാണ്. ഇടതുകൈ തൂക്കിയിട്ട നിലയിലാണ്; വലതു കൈയിൽ ദണ്ഡ് പിടിച്ചിട്ടുണ്ട്.

ഇവിടെ കാണപ്പെടുന്ന ഗണപതിയുടെ രണ്ട് ശിൽപങ്ങൾക്കും വ്യത്യസ്തതകളും സമാനതകളും ഏറെയുണ്ട്. രണ്ട് കരിങ്കൽ ശിൽപങ്ങളുടെ നിർമ്മാണരീതിയും കാലപ്പഴക്കവും തമ്മിൽ കാര്യമായ അന്തരം ദൃശ്യമാണ്. പീഠത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഗണപതിയുടെ ശിലാമകുടം, ഉപവീതം, ഉദരബന്ധം, ഹാരം എന്നിവയും ആയുധങ്ങളും അടങ്ങിയിരിക്കുന്നു. ആഭരണങ്ങൾ അണിയാതെ തല മുണ്ഡനം ചെയ്ത് സന്ന്യാസഭാവത്തിലുള്ള സുബ്രഹ്മണ്യ പ്രതിഷ്ഠക്ക് പ്രത്യേക ശിൽപസൗകുമാര്യമുണ്ട്. ചേലയുടുത്ത നിലയിലാണ്. ഉദരബന്ധവുമുണ്ട്. സന്ന്യാസി വേഷത്തിന്റെ പ്രതീകമായി രുദ്രാക്ഷമാല അണിഞ്ഞിട്ടുണ്ട്. തലക്കെട്ട് കാണാം. കൈകളിൽ കേയൂരവളയും കടക വളകളും അണിഞ്ഞിട്ടുണ്ട്. ഇടതുകൈപ്പത്തി ഇടുപ്പിൽ കുത്തിവച്ച നിലയിലും വലതുകൈയിൽ ദണ്ഡും പിടിച്ചിട്ടുണ്ട്. പുറമെയാണ് സുബ്രമഹ്ണ്യന്റെ പ്രതിഷ്ഠയുള്ളത്. സുബ്രഹ്മണ്യന്റെ മുൻഭാഗത്തായാണ് മനോഹരമായൊരു മയിലിന്റെ കരിങ്കൽപ്രതിമയുള്ളത്. സു



*ചണ്ഡികേശ്വരൻ*



*മയിൽ*

ബ്രഹ്മണ്യന്റെ മുൻഭാഗത്തായാണ് ആൺമയിലിന്റെ പ്രതിഷ്ഠ. രണ്ടു അടുക്കുകളായുള്ള പീഠത്തിലാണ് ശിൽപമുള്ളത്. ആൺമയിലിന്റെ ചിറകുകൾ വളരെ മനോഹരമാണ്. കഴുത്തിനോടു ചേർന്ന് ചന്ദ്രക്കലാരൂപത്തിലുള്ള ഒരു വലയവും ദൃശ്യമാണ്. ഉയർന്നിരിക്കുന്ന മയിലിന്റെ കഴുത്തിനോട് ചേർന്ന് ഫണമുയർത്തിനിൽക്കുന്ന ഒരു സർപ്പം മനോഹരമായി കൊത്തിവച്ചിട്ടുണ്ട്.

സുബ്രഹ്മണ്യന്റെ കരിങ്കൽശിൽപത്തിന് ചന്ദനനിറമാണുള്ളതെങ്കിൽ, മറ്റു ശിൽപങ്ങൾക്കെല്ലാം കരിങ്കല്ലിന്റെ നിറമാണ്. മയിലിന്റെ കഴുത്തിലെ പച്ചനിറം വളരെ മനോഹരമായി കൊത്തിവച്ചിട്ടുണ്ട്. ചാരനിറത്തിലുള്ള ശിലയാണ് മയിലിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നത്.

എന്തുകൊണ്ടാണ് കൊല്ലങ്കോടിന്റെ ഹൃദയഭാഗത്തുതന്നെ വൈവിധ്യമാർന്ന രീതിയിൽ ശിൽപകലാസംസ്കാരം കാണപ്പെടുന്നത് എന്നത് മറ്റൊരു ചർച്ചാവിഷയമാണ്. കൊല്ലങ്കോട് അയ്യപ്പൻകാവിലെ പ്രതിഷ്ഠയ്ക്ക് പൊതുസമൂഹത്തിന്റെ മൊത്തത്തിലുള്ള സ്വീകാര്യത കൈവന്നതിനു പിന്നിൽ പല കാരണങ്ങളുണ്ട്. കൊല്ലങ്കോട് രാജകുടുംബത്തിന്റെ കാർമികത്വത്തിൽ അരങ്ങേറി വരുന്ന ആറാട്ടുത്സവത്തിന് കൊട്ടാരത്തിനകത്തെ പ്രതിഷ്ഠയും, അയ്യപ്പൻ കാവിലെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട ഐതിഹ്യമാണുള്ളത്. മാത്രമല്ല, ഗോവിന്ദാപുരം-തൃശ്ശൂർ പ്രധാന പാതയുടെ ഹൃദയഭാഗത്താണ് അയ്യപ്പൻ കാവിന്റെ സ്ഥാനം. അതേ സമയം, ഈ ക്ഷേത്രത്തിന്റെ വടക്കുകിഴക്ക് മാറി അഞ്ഞൂറു മീറ്റർ അകലെ, കൊല്ലങ്കോട്-പാലക്കാട് പാതയിൽ നിന്ന് നൂറു മീറ്റർ അകലം മാത്രമാണ് വെള്ളാന്തറയിലെ ആരാധനാകേന്ദ്രത്തിനുള്ളത്. ഈ ശിൽപങ്ങൾക്ക് പരിസരവാസികളുടെ കാര്യമായ പരിഗണന ലഭിക്കാതിരിക്കുന്നത് തകർക്കപ്പെട്ട വിഭാഗത്തിൽ ഉൾപ്പെട്ടതുകൊണ്ടുകൂടിയാണ്. സമീപവാസികൾ ചെറിയ രീതിയിൽ ആരാധന നടത്തിവരാറുണ്ടെങ്കിലും ഇവിടുത്തെ പ്രതിഷ്ഠകളുടെ മഹത്വത്തിനും പ്രാധാന്യത്തിനും അനുസരിച്ചല്ല ഇവയെന്നും കാണാം. ഈ പ്രതിഷ്ഠകൾ നിൽക്കുന്ന വെള്ളാന്തറ എന്ന സ്ഥലനാമത്തിനു പിന്നിലും ചില ചരിത്രവസ്തുതകൾ ഒളിഞ്ഞിരിപ്പുണ്ട്. ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആദ്യകാല ഹിന്ദുമതത്തിന്റെയും ആരാധനാസമ്പ്രദായത്തിന്റെ സമന്വയം ഇവിടെ ഉണ്ടായിരുന്നത് ഇത്തരത്തിലുള്ള വൈവിധ്യമാർന്ന ആരാധനാക്രമങ്ങളും ശിൽപമാതൃകകളും ഒരു പ്രദേശത്തുതന്നെ കേന്ദ്രീകരിക്കുന്നതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ദക്ഷിണേന്ത്യയുടെ പല ഭാഗത്തുനിന്നുള്ള കുടിയേററത്തിന്റെ സ്വാധീനവും ശിൽപകലാവൈവിധ്യം രൂപപ്പെടുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ആന്ധ്ര, തമിഴ്നാട്, കർണ്ണാടക എന്നീ പ്രദേശങ്ങളിൽനിന്നുള്ള കുടിയേററ മാതൃകകൾ പാലക്കാടു ജില്ലയിൽ ശക്തമായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. പല്ലവ, ചാലൂക്യ, ചോള, പാണ്ഡ്യ, ചേരനാടുകളിലെ തനതുശൈലികൾ ഈ പ്രദേശങ്ങളിലെ ശിൽപനിർമ്മാണകലയിലും ക്ഷേത്രനിർമ്മാണ കലയിലും ശക്തമായി സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ഇവിടെനിന്നു കണ്ടെത്തിയ ശിൽപങ്ങളും ക്ഷേത്രാധിഷ്ഠാനങ്ങളും ബോദ്ധ്യപ്പെടുത്തുന്നു. വിവിധ തൊഴിൽവിഭാഗങ്ങളുടെയും ജാതി വിഭാഗങ്ങളുടെയും സാന്നിദ്ധ്യം ഈ പ്രദേശത്ത് രൂപപ്പെട്ടതിനു പിന്നിലും ശക്തമായ കുടിയേററത്തിന്റെ സ്വാധീനമുണ്ടെന്നത് അവിതർക്കമാണ്●

(തുടരും)

**കൊല്ലങ്കോട് രാജകുടുംത്തിന്റെ കാർമികത്വത്തിൽ അരങ്ങേറി വരുന്ന ആറാട്ടുത്സവത്തിന് കൊട്ടാരത്തിനകത്തെ പ്രതിഷ്ഠയും, അയ്യപ്പൻ കാവിലെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട ഐതിഹ്യമാണുള്ളത്. മാത്രമല്ല, ഗോവിന്ദാപുരം– തൃശ്ശൂർ പ്രധാന പാതയുടെ ഹൃദയ ഭാഗത്താണ് അയ്യപ്പൻ കാവിന്റെ സ്ഥാനം. വെള്ളാന്തറ എന്ന സ്ഥലനാമത്തിനു പിന്നിലും ചില ചരിത്രവസ്തുതകൾ ഒളിഞ്ഞിരിപ്പുണ്ട്. ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആദ്യകാല ഹിന്ദുമതത്തിന്റെയും ആരാധനാസമ്പ്രദായത്തിന്റെ സമന്വയം ഇവിടെ ഉണ്ടായിരുന്നത് ഇത്തരത്തിലുള്ള വൈവിധ്യമാർന്ന ആരാധനാക്രമങ്ങളും ശിൽപമാതൃകകളും ഒരു പ്രദേശത്തുതന്നെ കേന്ദ്രീകരിക്കുന്നതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.**

# പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

*അപഹരിക്കപ്പെട്ട ശിൽപങ്ങളുടെ കാര്യത്തിൽ ഭരണകൂടത്തിന് എന്തു ചെയ്യാൻ കഴിയും?*

## അപഹരണ ഭീഷണിനേരിടുന്ന ശിൽപങ്ങൾ

പാലക്കാട് ജില്ലയിലെ തെൻമല താഴ്‌വരയിൽ തകർന്നടിഞ്ഞ ക്ഷേത്രാങ്കണപരിസരത്ത് കാണപ്പെടുന്ന നിരവധി വീരക്കല്ലുകളും കരിങ്കൽ പ്രതിഷ്ഠകളും സുരക്ഷാഭീഷണിയും അപഹരണ ഭീഷണിയും നേരിടുന്നുണ്ട്. ഈ പ്രദേശങ്ങളിൽനിന്ന് ഈ ലേഖകൻ മുമ്പ് കണ്ടെത്തിയിരുന്ന പല അപൂർവ്വ വീരക്കല്ലുകളും കരിങ്കൽ ശിൽപങ്ങളും ഇന്നില്ല. ഇവിടെ ഉപേക്ഷിക്കപ്പെട്ട നിലയിലും തകർന്നടിഞ്ഞും കിടക്കുന്ന ആരാധനാ സമുച്ചയങ്ങളും അപൂർവ്വ ശിൽപങ്ങളും സംസ്ഥാന പുരാവസ്തുവകുപ്പിന്റെ നേതൃത്വത്തിൽ സംരക്ഷിക്കപ്പെടണമെന്ന ആവശ്യം പരിഗണിക്കപ്പെടാതിരിക്കുന്നതാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. സുരക്ഷിതമെന്നു കരുതപ്പെടുന്ന പല ക്ഷേത്രപ്രതിഷ്ഠകളും വിഗ്രഹങ്ങളും ആസൂത്രിതമായി മോഷ്ടിക്കപ്പെടുന്ന പ്രവണത സമീപകാലത്തു പോലും വാർത്താ പ്രാധാന്യം സൃഷ്ടിച്ചിട്ടുള്ളതാണ്. അതിനാൽ, ഉപേക്ഷിക്കപ്പെട്ടു കിടക്കുന്ന, തകർന്നടിഞ്ഞ കരിങ്കൽ ശിൽപങ്ങളെ കേന്ദ്രീകരിച്ച് മോഷണം നടത്തുന്ന ലോബികൾ ഈ പ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ അത്ഭുതമില്ല. ഈ ലേഖകൻ കണ്ടെത്തിയ മുന്നൂറോളം മഹാശിലായുഗ സ്മരകങ്ങൾ പലതും തകർക്കപ്പെട്ടും തുറന്ന നിലയിലും കാണപ്പെട്ടുന്നതിലെ യുക്തിയും ചെന്നുനിൽക്കുന്നത് ഇത്തരം നിധിവേട്ടക്കാരുടെ ഗൂഢ സംരംഭങ്ങളിൽത്തന്നെയാണ്.

ഇതിൽ ഏറെ വേദനയും ഞെട്ടലും ധാർമ്മികരോഷവും ഉണർത്തിയ സംഭവമാണ് മുൻപ് കണ്ടെത്തിയ പല വീരക്കല്ലുകളും അപൂർവ്വ ശിൽപങ്ങളും. അടുത്ത കാലത്തു നടത്തിയ വീണ്ടുമുള്ള പര്യവേഷണത്തിൽ കാണാതാവുന്നു എന്നത് തകർക്കപ്പെട്ടു കിടക്കുന്ന അപൂർവ്വ സാംസ്കാരിക അവശിഷ്ടങ്ങളിൽ നാട്ടുകാരുടെ ശ്രദ്ധ പതിയാത്തതും സംസ്ഥാന പുരാവസ്തുവകുപ്പിന് ഇവയൊക്കെ കണ്ടെത്തുവാനും സംരക്ഷിക്കുവാനുമുള്ള മനഃസ്ഥിതിയില്ലാത്തതും വിഗ്രഹമോഷ്ടാക്കളുടെ ലോബിക്ക് കാര്യങ്ങൾ സുഗമമാക്കുന്നു. അടുത്ത കാലത്ത് പണി കഴിപ്പിച്ച വലിയ ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങൾ അപഹരിക്കുമ്പോൾ ഉണ്ടാകുന്ന കോലാഹലവും വാർത്താപ്രാധാന്യവും ഉപേക്ഷിക്കപ്പെട്ടും പൊട്ടിതകർന്നും കിടക്കുന്ന ശിൽപങ്ങൾ മോഷ്ടിക്കുമ്പോൾ ഉണ്ടാകുന്നില്ലെന്നതും പോലീസന്വേഷണഭീഷണിയെ നേരിടേണ്ടതില്ലാ എന്നതും ഇത്തരം ലോബികൾക്ക് മോഷണത്തിന് പ്രേരണയേകുന്നു. മോഷ്ടാക്കൾക്കാണെങ്കിൽ ആധുനിക ശിൽപങ്ങളിലും അനേകമടങ്ങ് പുരാവസ്തു മൂല്യമുള്ള ശിൽപങ്ങൾ കൈക്കലാക്കാനും കോടിയുടെ വിപണിവില നേടിയെടുക്കാനും കഴിയുന്നു.

**അപൂർവ്വ കരിങ്കൽശിൽപങ്ങളും സതിക്കല്ലും**

സംഘകാല കൃതിയായ 'പുറനാനൂറി'ലെ 241-ാം ശ്ലോകത്തിന്റെ കർത്താവും ചേരരാജാവുമായിരുന്ന കോട്ടമ്പലത്തു തുഞ്ചിയമാകോതയുടെ നാമധേയം വഹിക്കുന്ന കോട്ടമ്പലത്തുണ്ടായിരുന്ന (വിഷ്ണുവിന്റെയോ മുരുകന്റെയോ എന്നു കരുതപ്പെടുന്ന) അപൂർവ്വ കരിങ്കൽശിൽപവും, കൊടുവായൂരിൽ റോഡരികിലുണ്ടായിരുന്ന വീരക്കല്ലിന്റെ ഗണത്തിൽപ്പെടുന്ന അപൂർവ്വ സതിക്കല്ലും ഇന്നവിടെ കാണുന്നില്ല. ഇവിടെ പല ഭാഗങ്ങളിലായി വിന്യസിച്ചു കിടക്കുന്ന വീരക്കല്ലുകളും ഇരുപത്തിയഞ്ചിലധികം ശിൽപങ്ങളും ഇപ്പോൾ അപ്രത്യക്ഷഭീഷണിയിലാണ്. ഇതേച്ചൊല്ലി ജില്ലാ കലക്ടർക്കും പുരാവസ്തുവകുപ്പിനും സാംസ്കാരികവകുപ്പിനും കത്തയച്ചിട്ടുണ്ടെങ്കിലും അവയ്ക്കൊന്നിനും മറുപടി



*പനങ്കാവിലെ വീരക്കല്ല്*

www.cpiml-agrani.blogspot.com

ഇല്ല. ഇത്തരം ചുമതലകൾ വഹിക്കുന്ന പുരാവസ്തുസംരക്ഷണ അധികാരികളോട് നേരിട്ടു കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും നാട്ടിലെ എല്ലാ പുരാവസ്തുക്കളും സംരക്ഷിക്കുകയല്ല തങ്ങളുടെ ചുമതല എന്ന നിസ്സഹായ മറുപടിയാണ് ലഭിക്കുന്നത്. മന്ത്രിതലത്തിലും പ്രമുഖ ജനപ്രതിനിധികളോടും പുരാവസ്തുസംരക്ഷണ കാര്യങ്ങളും നടപടികളും കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത രേഖാമൂലം അറിയിക്കുമ്പോൾ ഒരു പുരാവസ്തുപ്രാധാന്യവുമില്ലാത്ത തങ്ങളുടെ മണ്ഡലങ്ങളിലും പ്രദേശങ്ങളിലും സംരക്ഷണകേന്ദ്രങ്ങളും പൈതൃകഗ്രാമങ്ങളും സ്ഥാപിച്ച് നിർദ്ദേശകരെ നോക്കി കൊഞ്ഞനം കാണിക്കുന്ന അവസ്ഥയാണുള്ളത്.

**നഷ്ടപ്പെട്ട സതിക്കല്ല് കേരളത്തിന്റെ അപൂർവ വീരക്കല്ല്**

കൊടുവായൂർ നവക്കോട് പാലത്തിന് സമീപം ഉണ്ടായിരുന്ന മധ്യകാലഘട്ടത്തിലെ അപൂർവ്വ വീരക്കല്ലാണ് ഇപ്പോൾ അപ്രത്യക്ഷമായിട്ടുള്ളത്. കൊടുവായൂർ ചന്തയുടെ പരിസരത്ത് ഉണ്ടായിരുന്ന ഈ സതിക്കല്ല് കുറച്ചു വർഷങ്ങൾക്കു മുമ്പ് ആരോ ചിലർ ഈ പ്രദേശത്ത് സ്ഥാപിച്ചതാണെന്ന് സമീപവാസികൾ പറയുന്നു. പിന്നീട്, കരിങ്കൽ ശിൽപത്തിൽ ദീപം തെളിയിക്കലും പുഷ്പാർച്ചനയും നടത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നു.

ഏകദേശം എൺപതു സെ.മീ നീളവും എഴുപത് സെ.മീ. വീതിയുമാണ് ഏകശിലയിൽ തീർത്ത ഈ ശിൽപത്തിനുള്ളത്. ഇടതു കൈയിൽ വാളോ ദണ്ഡോ നിലത്തൂന്നി, വലതു കൈപ്പത്തി സല്യൂട്ട് ചെയ്ത് നിൽക്കുന്ന രൂപമാണ് പുരുഷന്റേത്. ഇടതുഭാഗത്ത് പുരുഷനോടു ചേർന്ന് കൈകൂപ്പി തൊഴുതുനിൽക്കുന്ന രൂപമാണ് സ്ത്രീയുടേത്. പുരുഷന്റെയും സ്ത്രീയുടെയും തലക്കുടുമ ഇടതുഭാഗത്താണ്. ഇരുശിൽപങ്ങളുടെയും കൈകളിൽ കടകവളകളും തോൾവളകളും ധരിച്ചിട്ടുണ്ട്. കഴുത്തിൽ നെക്ലേസിനു സമാനമായ ആഭരണങ്ങളുണ്ട്. അരയ്ക്കു താഴെ ചേല ധരിച്ചിട്ടുണ്ട്. ഒരു യോദ്ധാവിന്റെയോ രാജാവിന്റെയോ പ്രൗഢിയോടെയുള്ള ബലിഷ്ഠരൂപമാണ് പുരുഷന്റേത്. സ്ത്രീരൂപത്തിൽ കുലീനത്വം കാണാം.

യുദ്ധത്തിൽ വീരമൃത്യു വരിച്ച യോദ്ധാവിന്റെ സ്മരണയിൽ ജീവനൊടുക്കിയ പത്നിയുടെ സ്മരണാർത്ഥമാണ് രണ്ടുപേരുടെയും രൂപങ്ങൾ ഏകശിലയിൽ വീരക്കല്ലിന്റെ രൂപത്തിൽ കൊത്തിവയ്ക്കാറുള്ളത് എന്നാണ് ചരിത്രമതം. രാജകീയ പദവികൾ വഹിച്ചിരുന്ന പതിയും പത്നിയും ആക്രമണത്തിൽ കൊല്ലപ്പെടുന്നതിന്റെ സ്മരാണാർത്ഥവും സതിക്കല്ല് സ്ഥാപിക്കാറുണ്ട്. രാജകീയ പദവിയോ ഔദ്യോഗിക പദവിയോ വഹിക്കുന്ന കുടുംബങ്ങൾക്കേ ഇത്തരം വീരക്കല്ലുകൾ നിർമ്മിക്കാനും പൊതുജനമധ്യത്തിൽ സ്ഥാപിക്കുവാനുമുള്ള ശേഷിയും സമ്പത്തും ഉണ്ടാവുകയുള്ളു. വീരമൃത്യുവോ വീരകൃത്യമോ ചെയ്ത് പരലോകം പ്രാപിക്കുന്നവർ സ്വർഗ്ഗപ്രാപ്തി കൈവരിക്കുമെന്ന വിശ്വാസവും നിലവിലുണ്ടായിരുന്നു.

പാലക്കാട് ജില്ലയിൽ നിന്ന് നിരവധി വീരക്കല്ലുകൾ കണ്ടെടുത്തിട്ടുണ്ടെങ്കിലും ഈയൊരു സതിക്കല്ല് മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. കേരളത്തിൽ വയനാടൊഴിച്ച് മറ്റെവിടെനിന്നും വീരക്കല്ലുകളോ സതിക്കല്ലുകളോ കണ്ടെടുത്തിട്ടില്ലെന്നാണ് മറ്റ് ചരിത്രകാരൻമാരുടെയും അഭിപ്രായം. ആ അർത്ഥത്തിൽ, കൊടുവായൂരിൽനിന്നു കാണാതായ ഈ അപൂ



*ദുർഗ്ഗ*

ർവ്വ സതിക്കല്ലിന്റെ ചരിത്രപ്രാധാന്യം ഏറെയാണ്; സാംസ്കാരിക സ്മാരകത്തിന്റെ നഷ്ടം പറഞ്ഞറിയാനാവാത്തതും.

**കോട്ടമ്പലത്തെ അപൂർവ്വ വിഗ്രഹം**

പ്രാചീന സംസ്കൃതി പേറുന്ന കൊല്ലങ്കോടിലെ കോട്ടമ്പലത്ത് ഈ ലേഖകൻ മുമ്പ് കണ്ടെത്തിയിരുന്ന വിഷ്ണുവിന്റെയോ മുരുകന്റെതോ എന്നു കരുതപ്പെടുന്ന കരിങ്കൽ വിഗ്രഹം ഇന്നവിടെ കാണാൻ കഴിയാത്തതും ദുഃഖകരം. സമീപത്തെ ഗായത്രിപ്പുഴയിൽനിന്ന് കണ്ടെത്തിയ ആ അപൂർവ്വ വിഗ്രഹം തൊട്ടടുത്തുള്ള ക്ഷേത്രപരിസരത്ത് വയ്ക്കുകയായിരുന്നു. വിഗ്രഹത്തിന് കേടുപാടുകളുണ്ടായിരുന്നതിനാൽ മാറ്റിവച്ചിരിക്കുകയാണെന്നു സമീപവാസികൾ പറഞ്ഞെങ്കിലും പ്രാഥമികാന്വേഷണത്തിൽ അത് കണ്ടെത്താനായില്ല. പൗരാണികപ്രസക്തിയും ചരിത്രപ്രാധാന്യവുമുള്ള, തകർക്കപ്പെട്ടു കിടക്കുന്ന അഞ്ചിലധികം ക്ഷേത്രസമുച്ചയമുള്ള പ്രദേശമാണിവിടം. ഇതിൽ ഏതെങ്കിലുമൊരു ക്ഷേത്രത്തിലെ തകർക്കപ്പെട്ട വിഗ്രഹമാവും പുഴയിൽ നിമഞ്ജനം ചെയ്തിരിക്കുകയെന്നു കരുതപ്പെടുന്നു. കൃഷ്ണശിലയിൽ പരിപൂർണ്ണ ആകാരവടിവിൽ തീർത്തിട്ടുള്ള കരന്തമകുടവും കർണ്ണകുണ്ഡലവും ഹാരവും കൈവളകളും അണിഞ്ഞ വിധമാണ് ശിൽപനിർമ്മാണം. ഈ പ്രദേശം അഭിമുഖീകരിച്ച (പുറമേനിന്നും ഉണ്ടായ) നിരവധി ആക്രമണങ്ങളിൽ ഏറ്റവും ഒടുവിലത്തെ പ്രധാന ആക്രമണമായിരുന്നു മൈസൂരിൽനിന്നുള്ള ടിപ്പുസുൽത്താന്റേത്. ടിപ്പുവിന്റെ സൈന്യത്തിന്റെ ആക്രമണത്തിന്റെ സ്വഭാവം പരിശോധിച്ചാൽ ഒരു കാര്യം ബോധ്യമാകും. ഇടുപ്പിനു താഴെവച്ചു രണ്ടായി മുറിക്കപ്പെട്ട നിലയിലാണ് വിഗ്രഹം കാണപ്പെടുന്നത്. പ്രാചീന വെൺകുൺട്രനാടിന്റെ ആസ്ഥാനമായി നെൻമേനി കോവിലകംപറമ്പിലെ കൽമണ്ഡപത്തിലെ ദുർഗ്ഗാവിഗ്രഹം ഈ രീതിയിൽ രണ്ടായി മുറിക്കപ്പെട്ട നിലയിലാണ്. കോട്ടമ്പലത്തിൽനിന്നും കണ്ടെത്തിയ വിഗ്രഹവും മറ്റു വിഗ്രഹങ്ങളുടെയും വീരക്കല്ലുകളുടെയും കൈകൾ മുറിച്ച അവസ്ഥയിലാണ് കാണപ്പെടുന്നത്. മനോഹരമായ മൂക്ക് മുറിച്ച് ശിൽപം വിരൂപമാക്കിയ അവസ്ഥയിലും ധാരാളം ശിൽപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈവിധത്തിൽ വിഗ്രഹങ്ങൾക്ക് കേടുപാട് വരുത്തി പ്രതിഷ്ഠക്കടിയിലുള്ള അപൂർവ്വ സ്വർണ്ണ-രത്നക്കല്ലുകൾ കൊള്ളയടിക്കുകയാണ് ആക്രമണരീതി. വിഗ്രഹങ്ങൾക്ക് ഈ രീതിയിൽ കേടുപാടുകൾ സംഭവിക്കുകയോ ക്ഷേത്രം അശുദ്ധമാവുകയോ ചെയ്താൽ പ്രസ്തുത വിഗ്രഹം നിമഞ്ജനം ചെയ്യുകയോ ഉപേക്ഷിക്കുകയോ ആണ് പതിവ്.

സാമ്പത്തിക സഹായമൊന്നുമില്ലാതെ വിവിധ ഘട്ടങ്ങളിലായി ദുർഘടപ്രദേശങ്ങളിലൂടെ കാൽനടയായും മറ്റും നിരവധി തവണ യാത്ര ചെയ്താണ് ചരിത്രപ്രാധാന്യമുള്ള കരിങ്കൽ ശിൽപങ്ങളും വിവിധ കാലഘട്ടത്തിലെ പുരാവസ്തുതെളിവുകളും ഈ ലേഖകൻ കണ്ടെത്തിയിട്ടുള്ളത്. ഇത്തരം ചരിത്രാവശിഷ്ടങ്ങളിൽ ഈശ്വരാംശം പഴമക്കാർ ദർശിച്ചിട്ടുള്ളതിനാൽ ഇവിടെനിന്നുള്ള ഒരു കരിങ്കൽപോലും കടത്തിക്കൊണ്ടുപോകുന്നതും പാപമായി കരുതിയതുകൊണ്ടാണ് തലമുറകൾ കഴിഞ്ഞിട്ടും പാലക്കാടുജില്ലയിൽ മാത്രം വലിയ ക്ഷേത്രങ്ങൾ നിലനിന്നിരുന്നത്. എന്നാൽ, കാർഷികവൃത്തിക്കും മറ്റും ജില്ലയുടെ പുറമേനിന്നുള്ള ജനതയുടെ കടന്നുകയറ്റവും ഗതാഗതസംവിധാനങ്ങളുടെ വളർച്ചയും മറ്റു സംസ്കാരങ്ങളുടെ അധിനിവേശവും ഈ പ്രദേശത്തിന്റെ സാംസ്കാരികത്തനിമയ്ക്ക് അടുത്തകാലത്തായി വലിയ ഭീഷണി ഉയർത്തിയിട്ടുണ്ട്. അതുപോലെ, അതീവ പ്രാധാന്യത്തോടെ നിലനിന്നിരുന്ന പല പുരാവസ്തു തെളിവുകളും ഇല്ലാതാകുന്നു. തെളിവുകൾ ഭൂരിഭാഗവും ഡോക്യുമെന്റ് ചെയ്ത സ്ഥിതിക്ക് അവ സംരക്ഷിക്കപ്പെടുക എന്ന കടമ മാത്രമാണുള്ളത്. പുറംലോകം അധികം ശ്രദ്ധിക്കാത്ത, മോഷ്ടിക്കപ്പെടാൻ സാധ്യതയുള്ള പല

വിഗ്രഹങ്ങളും ഈ ലേഖകൻ വർഷങ്ങൾക്കു മുമ്പ് ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

കോട്ടമ്പലം സുബ്രഹ്മണ്യക്ഷേത്രത്തിൽനിന്നും അൽപം മാറി ഒരു മരച്ചുവട്ടിൽ ക്ഷേത്രപ്രതിഷ്ഠയ്ക്ക് അഭിമുഖമായി വച്ചിരിക്കുന്ന കരിങ്കൽശിൽപത്തിന് രാജകീയ പ്രൗഢിയാണുള്ളത്. തകർന്ന നിലയിൽ കാണപ്പെടുന്ന വിഗ്രഹത്തിന്റെ പുറമെയുള്ള ഭാഗത്തിന് മുപ്പതു സെ.മീ നീളവും ഇരുപത് സെ.മീ വീതിയുമാണുള്ളത്. കണ്ണിന്റെയും പുരികത്തിന്റെയും മുഖത്തിന്റെയും ഭാഗങ്ങൾ നശിപ്പിക്കപ്പെടുകയോ വികൃതമാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. കോണാകൃതിയിൽ അഞ്ച് നിലകളോടു കൂടിയ കീരീടമാണ് അണിഞ്ഞിട്ടുള്ളത്. ഇരുചെവികളിലും തൂങ്ങിക്കിടക്കുന്ന കുണ്ഡലവും കഴുത്തിൽ ഹാരവും ദൃശ്യമാണ്. വെൺകുൺട്രരാജ്യവുമായി ഏറെ ബന്ധമുള്ള ഏതെങ്കിലുമൊരു രാജാവിന്റെയോ രാജകുടുംബത്തിന്റെയോ ആവാം ഈ വീരക്കല്ലെന്നു കരുതപ്പെടുന്നു. തിരുവിലാമല ക്ഷേത്രപരിസരത്തുനിന്നും കണ്ടെത്തിയ പ്രൗഢിയോടെയുള്ള രൂപകൽപനയിലാണ് ഈ ശിൽപത്തിന്റെ നിർമ്മാണവും നിർവ്വഹിച്ചിട്ടുള്ളത്. ഈ ശിൽപവും കാലഘട്ടത്തെ അതിജീവിച്ച് നിലനിൽക്കുന്നുവെങ്കിലും സത്വരസംരക്ഷണ നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ അപഹരിക്കപ്പെടാനുള്ള സാധ്യത ഏറെയാണ്.

കോട്ടമ്പലം സുബ്രഹ്മണ്യക്ഷേത്രത്തിനോടു ചേർന്ന്, പുറംഭാഗത്ത് കാണുന്ന പ്രതിഷ്ഠയിൽ ജൈനസ്വാധീനമുണ്ട്. അരയാലിന്റെയും അരളിമരത്തിന്റെയും ചുവട്ടിലാണ് ഗായത്രീദേവിയുടെ പ്രതീകമായ ഈ പ്രതിഷ്ഠയുള്ളത്. ഫണമുയർത്തി നിൽക്കുന്ന അഞ്ച് തലകളുള്ള നാഗത്തിനു താഴെ കാലുകൾ ചമ്രംപടിഞ്ഞിരിക്കുന്ന വിധമാണ് നാഗദേവതയുടെ രൂപകൽപന. കൈകളിൽ ആയുധമേന്തിയ നിലയിലാണ്. അർദ്ധനഗ്നാവസ്ഥയിലാണ് ഈ ശിൽപം. അരയാലിന്റെയും അരളിമരത്തിന്റെയും ചുവട്ടിലുള്ള പ്രതിഷ്ഠാസ്ഥാനവും ശ്രദ്ധേയം. രണ്ട് ചിത്രക്കൂടക്കല്ലുകളും മൂന്ന് നാഗങ്ങളുടെ കരിങ്കൽശിൽപങ്ങളും ഉണ്ട്. അവയിൽ ചിലത് ക്ഷേത്രനാഗാരാധനയുടെ ഭാഗമായി വ്യത്യസ്ത കാലയളവിൽ സ്ഥാപിക്കപ്പെട്ടതാണെന്നു തോന്നുന്നു.

കോട്ടമ്പലം ക്ഷേത്രസമുച്ചയത്തിൽനിന്ന് അൽപം അകലെയായി, താഴ്ത്തപ്പെട്ട നിരവധി ക്ഷേത്ര സമുച്ചയങ്ങളിലൊന്നിൽ കാണപ്പെടുന്ന ദുർഗ്ഗാശിൽപത്തിന് സവിശേഷതയുണ്ട്. വലിപ്പമുള്ള ഒറ്റക്കല്ലിലാണ് ശിൽപം കൊത്തിവച്ചിട്ടുള്ളത്. മറ്റ് ക്ഷേത്രനിർമ്മാണശൈലികളിൽനിന്നും വ്യത്യസ്തമായി ഇരുഭാഗങ്ങളിലും തോളറ്റംവരെ വൃത്താകൃതിയിൽ ജാതഭാരം വിടർത്തിയിട്ടിരിക്കുംവിധം കരിങ്കൽ സ്ലാബിന്റെ പശ്ചാത്തലത്തിലാണ് ദേവീപ്രതിഷ്ഠ. മുഖത്തിന് കേടുപാട് സംഭവിച്ചിട്ടുണ്ട്. കൈകൾ മുറിച്ചുമാറ്റിയ അവസ്ഥയിലും. തലപ്പാവും കുടുമയും ചേർന്ന വിധമാണ് ശിരോമകുടമുള്ളത്. ഇരുചെവികളിലും കുണ്ഡലം ധരിച്ചിട്ടുണ്ട്. അർദ്ധനഗ്നമായ ശിൽപത്തിന്റെ രൂപഭംഗി ദ്രവിച്ചുതുടങ്ങിയിട്ടുണ്ട്. ഉദരബന്ധത്തിനോടു ചേർന്ന് ഇടതുകാൽ മടക്കി വലതുകാൽ തൂക്കിയിട്ട് ലൈലാസനത്തിലാണ് ശിൽപനിർമ്മാണം. കാലുകളിൽ കട്ടിയുള്ള രണ്ട് തണ്ടകളും അണിഞ്ഞിട്ടുണ്ട്. ദേഹത്ത് ആഭരണങ്ങൾ വ്യക്തമായി കാണുന്നില്ല. വിടർന്ന കണ്ണുകളും കമാനാകൃതിയിലുള്ള കൺപുരികങ്ങളും മനോഹരമാണ്. എ.ഡി. എട്ടാം നൂറ്റാണ്ടിൽ ഒരു തില്ലൈ (ചിദംബരം) ക്ഷേത്രം വെൺകുൺട്രനാട്ടിലെ റാണി നിർമ്മിച്ചതു സംബന്ധിച്ച ശിലാലിഖിതം ലഭ്യമാണ് (അതിനെപ്പറ്റി ഈ പംക്തിയിൽ സൂചിപ്പിച്ചിട്ടുള്ളത് ഓർക്കുക). ഈ പ്രദേശങ്ങളിൽ തകർക്കപ്പെട്ട അഞ്ചോളം ക്ഷേത്രസമുച്ചയങ്ങളിലൊന്നാണ് ഇത്. പ്രസ്തുത ശിലാലിഖിതവും മറ്റ് പുരാവസ്തു തെളിവുകളും ഈ തകർന്നടിഞ്ഞ ക്ഷേത്രപരിസരത്ത് ഉൽഖനനം ചെയ്താൽ പുറത്തെടുക്കാൻ കഴിയും. എന്നാൽ, പുരാവസ്തുവകുപ്പാണ് ഇതിൽ അന്തിമ തീർപ്പ് കൽപിക്കേണ്ടത്. പ്രസ്തുത കരിങ്കൽ ശിൽപം നിലനിൽക്കുന്ന ഭാഗം കാടുപിടിച്ചുകിടക്കുന്നതിനാൽ സമീപവാസികൾക്കു പോലും അടുക്കാൻ പേടിയാണ്.



***വിഷ്ണു/മുരുകൻ***

### പനങ്കാവിലെ വീരക്കല്ല്

കൊടുവായൂരിൽനിന്ന് കണ്ടെത്തിയ സതിക്കല്ലിനു സമാനമായ മറ്റൊരു പ്രധാനപ്പെട്ട വീരക്കല്ലാണ് കോട്ടമ്പലത്തിനു സമീപമുള്ള പനങ്കാവിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. കൊടുവായൂരിലെ സതിക്കല്ല് പതിയുടെയും പത്നിയുടെയും ശിൽപമാണെങ്കിൽ, പനങ്കാവിലേത് രണ്ട് യോദ്ധാക്കളുടെ രൂപങ്ങളാണ്. എ.ഡി. ഒൻപത്-പത്ത് നൂറ്റാണ്ടുകളാണ് ഈ ശിൽപത്തിന്റെ കാലപ്പഴക്കമെന്നാണ് സംസ്ഥാന പുരാവസ്തുവകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഗായത്രിപ്പുഴയ്ക്കു സമീപം തിരുനാക്കുറുശ്ശി ശിവക്ഷേത്രത്തിനു സമീപമുള്ള തുറസ്സായ പ്രദേശത്തെ ആരാധനാകേന്ദ്രത്തിന് അഭിമുഖമായാണ് ചരിത്രപ്രാധാന്യമുള്ള ഈ വീരക്കല്ല് പടിഞ്ഞാറ് അഭിമുഖമായി സ്ഥാപിച്ചിട്ടുള്ളത്. പതിനാറ് സെ.മീ കട്ടിയുള്ള വീരക്കല്ലിന് നാൽപ്പത്തിയെട്ടു സെ.മീ വീതം നീളവും വീതിയുമാണ് ഉള്ളത്. കൈകൾ രണ്ടും തൂങ്ങിക്കി

**യുദ്ധത്തിൽ വീരമൃത്യു വരിച്ച യോദ്ധാവിന്റെ സ്മരണയിൽ ജീവനൊടുക്കിയ പത്നിയുടെ സ്മരണാർത്ഥമാണ് രണ്ടുപേരുടെയും രൂപങ്ങൾ ഏകശിലയിൽ വീരക്കല്ലിന്റെ രൂപത്തിൽ കൊത്തിവയ്ക്കാറുള്ളത് എന്നാണ് ചരിത്രമതം. രാജകീയ പദവികൾ വഹിച്ചിരുന്ന പതിയും പത്നിയും ആക്രമണത്തിൽ കൊല്ലപ്പെടുന്നതിന്റെ സ്മാരാണാർത്ഥവും സതിക്കല്ല് സ്ഥാപിക്കാറുണ്ട്. രാജകീയ പദവിയോ ഔദ്യോഗിക പദവിയോ വഹിക്കുന്ന കുടുംബങ്ങൾക്കേ ഇത്തരം വീരക്കല്ലുകൾ നിർമ്മിക്കാനും പൊതുജനമധ്യത്തിൽ സ്ഥാപിക്കുവാനുമുള്ള ശേഷിയും സമ്പത്തും ഉണ്ടാവുകയുള്ളൂ.**



*സതിക്കല്ല്*

ടക്കുന്ന നിലയിലാണ്. രണ്ട് രൂപങ്ങളുടെയും ഇടത് കൈകളിൽ ഗദകൾ പിടിച്ച് നിലത്ത് നിൽക്കുന്ന രൂപമാണ്. തലക്കുടുമ ഇടത് ഭാഗത്ത് കെട്ടിവച്ചിരിക്കുന്നു. അർദ്ധനഗ്നശില്പമാണ്. ചേലയും അരപ്പട്ടയും അണിഞ്ഞിട്ടുണ്ട്. ആഭരണങ്ങളുടെയും കർണ്ണകുണ്ഡലത്തിന്റെയും ലക്ഷണം കാണുന്നുണ്ട്. ഈ വീരക്കല്ലിലെ രണ്ട് രൂപങ്ങളുടെ മുഖങ്ങളും നശിപ്പിച്ച് വികൃതമാക്കിയിട്ടുണ്ട്. പുറമേ നിന്നുള്ള ആക്രമണ കാരികളുടെ പ്രഹരം ഈ ശിൽപങ്ങളിലും ദൃശ്യമാണ്. ഈ ലേഖകന്റെ സൂചന പ്ര

**കൊടുവായൂരിൽനിന്ന് കണ്ടെത്തിയ സതിക്കല്ലിനു സമാനമായ മറ്റൊരു പ്രധാനപ്പെട്ട വീരക്കല്ലാണ് കോട്ടമ്പലത്തിനു സമീപമുള്ള പനങ്കാവിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. കൊടുവായൂരിലെ സതിക്കല്ല് പതിയുടെയും പത്നിയുടെയും ശിൽപമാണെങ്കിൽ, പനങ്കാവിലേത് രണ്ട് യോദ്ധാക്കളുടെ രൂപങ്ങളാണ്. എ.ഡി. ഒൻപത്-പത്ത് നൂറ്റാണ്ടുകളാണ് ഈ ശിൽപത്തിന്റെ കാലപ്പഴക്കമെന്നാണ് സംസ്ഥാന പുരാവസ്തുവകുപ്പ് അഭിപ്രായപ്പെ ട്ടിട്ടുള്ളത്. ഗായത്രി പ്പുഴയ്ക്കു സമീപം തിരുനാക്കുറുശ്ശി ശിവക്ഷേത്രത്തിനു സമീപമുള്ള തുറസ്സായ പ്രദേശത്തെ ആരാധനാകേന്ദ്രത്തിന് അഭിമുഖമായാണ് ചരിത്രപ്രാധാന്യമുള്ള ഈ വീരക്കല്ല് പടിഞ്ഞാറ് അഭിമുഖമായി സ്ഥാപിച്ചിട്ടുള്ളത്.**

കാരം സംസ്ഥാന പുരാവസ്തു വകുപ്പ് സ്ഥലം സന്ദർശിച്ച് മധ്യകാല ഘട്ടത്തിലെ വീരക്കല്ലാണിതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വയനാട്ടിൽ മാത്രമാണ് നാളിതുവരെയും വീരക്കല്ലുകൾ കണ്ടെത്തിയിട്ടുള്ളത് എന്നു സൂചിപ്പിച്ചുവല്ലോ. അവയെല്ലാം പതിനേഴാം നൂറ്റാണ്ടിനു ശേഷം പഴശ്ശിരാജയുടെ കാലത്ത് കൊത്തിവച്ച വീരക്കല്ലുകളാണെന്നാണ് പൊതുവെയുള്ള ചരിത്രകാരൻമാരുടെ അഭിപ്രായം. വയനാടിനു പുറമെ മറ്റു ജില്ലകളിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ, ഈ ലേഖകനാണ് ഏറ്റവും കൂടുതൽ വീരക്കല്ലുകൾ കണ്ടെത്തിയിട്ടുള്ളത്. അവയാകട്ടെ, മധ്യകാലഘട്ടത്തിലെയും അതിനു മുമ്പുള്ള കാലഘട്ടത്തിലേതുമാണെന്നത് ഇവയുടെ ചരിത്രപ്രസക്തി വർദ്ധിപ്പിക്കുന്നു.

പനങ്കാവിലെ തിരുനാക്കുറുശ്ശി ശിവക്ഷേത്രക്ഷേത്രമതിൽക്കെട്ടിനു പുറത്ത് തെക്കു മാറി കാഞ്ഞിരമരത്തിനു താഴെ തുറസ്സായ ആരാധനാ കേന്ദ്രത്തിന് അഭിമുഖമുള്ള ഈ വീരക്കല്ല് വിശകലനവിധേയമാക്കേണ്ടതാണ്. നെൻമേനി കോവിലകം പറമ്പിലെ കരിങ്കൽനിർമ്മിത കാളയോട് സാദൃശ്യമുള്ള പ്രതിഷ്ഠയാണ് ഇവിടത്തേത്. എന്നാൽ, കോവിലകം പറമ്പിലേതുപോലെ പൂർണ്ണതയാർന്ന കാളയുടെ രൂപമല്ല ഇത്. അതുകൊണ്ടുതന്നെ, ശിൽപത്തിന്റെ കാലപ്പഴക്കവും കുറേക്കൂടി പിറകിലേക്ക് കൊണ്ടുപോകാവുന്നതാണ്. പ്രസ്തുത കാളയുടെ കരിങ്കൽ ശിൽപത്തിന് സമീപംനിന്നാണ് പതിനായിരം ബി.സി.ക്ക് ഇപ്പുറമുള്ള കാലഘട്ടത്തിന്റെ മൈക്രോലിത്തിക് ഉപകരണങ്ങളും പ്രാചീന ചരിത്രകാലത്തിലെ ടെറാക്കോട്ടാശിൽപങ്ങളും ഈ ലേഖകൻ കണ്ടെത്തിയിരുന്നത്. പതിനായിരം ബി.സി.ക്കു ശേഷമുള്ള മെസോലിത്തിക്ക് കാലഘട്ടത്തിനും എ.ഡി. പത്താം നൂറ്റാണ്ടു വരെയുള്ള മധ്യകാലഘട്ടത്തിനും ഇടയിലുള്ള പുരാവസ്തു തെളിവുകൾ ഇവിടെ ഉണ്ടെന്നുള്ളത് ഏറെ പ്രസക്തമാണ്.

ഇതുപോലെ ചരിത്രപ്രാധാന്യമുള്ള നിരവധി വീരക്കല്ലുകൾ പാലക്കാട് ജില്ലയിലുള്ളതിനാൽ അവയുടെയൊക്കെ ശിൽപനിർമ്മാണരീതിയും പൗരാണികപ്രസക്തിയും ചരിത്രപ്രാധാന്യവും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. ഇവിടെ തകർക്കപ്പെട്ടുകിടക്കുന്ന നിരവധി വിഗ്രഹങ്ങളുടെയും ക്ഷേത്ര അധിഷ്ഠാനങ്ങളുടെയും പ്രാധാന്യവും പ്രസക്തിയും വിലയിരുത്തപ്പെടണം. നിരവധി സാംസ്കാരിക അധിനിവേശങ്ങളും വ്യാപനവും ഈ പ്രദേശങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെന്ന് ഇവ വിശകലനം ചെയ്യുമ്പോൾ ബോധ്യപ്പെടും. ശിലാലിഖിതങ്ങളിൽ നിന്ന് ചരിത്ര രചന പുനഃസൃഷ്ടിച്ചെടുക്കാം എന്നതുപോലെ പ്രസക്തമാണ് തകർക്കപ്പെട്ട ക്ഷേത്രാങ്കണങ്ങളിലെ വീരക്കല്ലുകളിൽനിന്നും സതിക്കല്ലുകളിൽനിന്നും വിഗ്രഹങ്ങളിൽനിന്നും ചരിത്രം പുനഃസൃഷ്ടിച്ചെടുക്കാമെന്നതും. ദൗർഭാഗ്യവശാൽ പ്രാദേശിക ചരിത്ര തെളിവുകൾ കണ്ടെത്തുകയും വിശകലനം ചെയ്യുകയും ചെയ്ത് ഒരു പ്രദേശത്തിന്റെയും രാജവംശത്തിന്റെയും നിഗൂഢ ചരിത്രരഹസ്യങ്ങൾ പുറത്തെടുക്കാൻ കഴിയുമെന്ന ചരിത്രസത്യം വേണ്ടവിധം ഉൾക്കൊള്ളാൻ നമ്മുടെ പുരാവസ്തുവകുപ്പിലുള്ള അധികാരികൾക്കും സാംസ്കാരികാവബോധം കുറഞ്ഞ ഭരണാധികാരികൾക്കും ഇല്ല എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി.

ഇവിടെനിന്നും മോഷണംപോയ ശിൽപങ്ങളുടെ പൗരാണിക പ്രസക്തിയും ചരിത്രപ്രാധാന്യവും ഏറെയാണെന്ന് മറ്റ് പ്രദേശങ്ങളിലെ സമാനങ്ങളായ ശിൽപങ്ങളുടെയും വീരക്കല്ലുകളുടെയും വിശകലനത്തിലൂടെ തെളിഞ്ഞിട്ടുണ്ട്. ഇത്രയും പുരാവസ്തു തെളിവുകൾ വ്യാപകമായ രീതിയിൽ കേന്ദ്രീകരിച്ചിട്ടുള്ളത് കേരളത്തിൽ മറ്റൊരു സ്ഥലത്തും കാണാൻ കഴിഞ്ഞിട്ടില്ല എന്നതും പാലക്കാട് ജില്ലയുടെ പ്രാചീനകാല പ്രസക്തി വർദ്ധിപ്പിക്കുന്നു. പുരാവസ്തു പ്രാധാന്യമില്ലാത്ത സ്ഥലങ്ങൾക്കും പദ്ധതികൾക്കുമായി മുതൽമുടക്കുന്ന പദ്ധതിവിഹിതത്തിന്റെ ചെറിയൊരു ശതമാനം തുക നീക്കിവയ്ക്കുകയും സംരക്ഷണ നടപടികൾ കൈക്കൊള്ളുകയുമാണെങ്കിൽ അത് ഇരുളടഞ്ഞുകിടക്കുന്ന കേരളചരിത്രരചനയ്ക്ക് പുതിയ ദിശാബോധം നൽകുമെന്നതിൽ സംശയമില്ല. അതിനുള്ള ഇച്ഛാശക്തിയും സാംസ്കാരികാവബോധവും നമ്മുടെ അധികാരികൾക്ക് ഉണ്ടോ എന്നതാണ് സംശയം! ●

# പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

*പാലക്കോടിലെ വീരക്കല്ലുകൾ ചൊരിയുന്ന ആത്മീയധാരയെക്കുറിച്ച്*

## വീരക്കല്ലുകളുടെ നിറസാന്നിധ്യം

പാലക്കാട് ജില്ലയിൽ കണ്ടെത്തിയ വീരക്കല്ലുകൾക്ക് കാലപഴക്കംകൊണ്ടും നിർമ്മാണകലയിലെ സവിശേഷതകൊണ്ടും ചരിത്രപശ്ചാത്തലംകൊണ്ടും ഏറെ പ്രാധാന്യവും വൈവിധ്യവുമുണ്ടെന്ന് സൂചിപ്പിച്ചിരുന്നല്ലോ. പ്രാചീന തമിഴകത്തിന്റെയും ദ്രാവിഡദേശത്തിന്റെയും എല്ലാ തരത്തിലുള്ള സ്വാധീനവും ഇവിടുത്തെ ശിൽപകലയിലും കാണാവുന്നതാണെന്ന് ചരിത്രാവബോധമുള്ള ഏവർക്കും ബോധ്യപ്പെടും. തനതായ ക്ഷേത്രനിർമ്മാണ സംസ്കാരം പ്രാചീന ചേരനാടിന്റെ സവിശേഷ ഭൂമിശാസ്ത്രപശ്ചാത്തലത്തിൽനിന്ന് രൂപപ്പെട്ടതാണെങ്കിൽ, ശിൽപ നിർമ്മാണകലയിൽ തമിഴകത്തിലെ (ദ്രാവിഡദേശത്തിന്റെ) എല്ലാ ശൈലികളും ഇവിടെ സന്നിവേശിച്ചിട്ടുണ്ട്. പ്രാചീന ദ്രാവിഡമതത്തിന്റെയും ഹിന്ദുമതത്തിന്റെയും ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും പ്രഭാവങ്ങളും സ്വാധീനങ്ങളുമാണ് ശിൽപകലയിൽ സമന്വയിപ്പിച്ചിട്ടുള്ളത്. അതിൽ ആരോഗ്യകരമായ കിടമത്സരങ്ങളെക്കാളുപരി വിശ്വാസികളിലുള്ള ദിവ്യത്വംതന്നെയാണ് നിർമ്മാണവേളയിൽ പ്രചോദനമേകിയ പ്രേരകഘടകമെന്നു പറയാം.

പല്ലവ, ചാലൂക്യ ദേശങ്ങളുടെ സ്വാധീനം പാലക്കാട് ജില്ലയിലെ ആദ്യകാല സാംസ്കാരിക വൈവിധ്യത്തിൽ പ്രകടമായതിന് ഏറെ തെളിവുകൾ നിരത്താനുണ്ട്. അതുപോലെ, പാണ്ഡ്യദേശത്തിന്റെയും ചോളരാജ്യത്തിന്റെയും സ്വാധീനവും തനതുശൈലികളും ഈ പ്രദേശത്ത് പ്രകടമായും ദൃശ്യമായിട്ടുള്ളത് അധികമൊന്നും വിലയിരുത്തപ്പെട്ടിട്ടില്ല. ചരിത്രദൃഷ്ടിയിൽ വിശകലനം ചെയ്യപ്പെടുമ്പോൾ മാത്രമാണ് അവയുടെ സംസ്കാരിക പ്രസക്തി ഇതൾ വിരിയിച്ചെടുക്കാൻ കഴിയുക. അതോടൊപ്പം, പ്രാചീന തമിഴകത്തിലെ പ്രധാന ഭക്തകവികളുടെ വിഹാരകേന്ദ്രമായിരുന്നു ചേരനാടെന്നതിന് ഈ ഹൃദയഭൂവിലും ഏറെ ഉദാഹരണങ്ങളുണ്ട്. ശൈവമതത്തിന്റെയും വൈഷ്ണവമതത്തിന്റെയും പ്രഭാവം ഈ പ്രദേശത്ത് അലിഞ്ഞുചേർന്നിട്ടുണ്ട്.

ആൾവാർമാരെയും നായനാർമാരെയും പരമ്പരാഗതമായി ആരാധിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്ന കുടുംബങ്ങൾ ഇപ്പോഴും ഇവിടെയുണ്ട്; അതിലേക്ക് വെളിച്ചം വീശുന്ന നിരവധി ജീവൽസ്മാരകങ്ങളും. കറുത്ത ശിലയിലും തവിട്ടുനിറത്തിലുമുള്ള കൃഷ്ണശിലയിലും മറ്റുമുള്ള കരിങ്കല്ലുകളാണ് വിഗ്രഹങ്ങളുടെയും വീരക്കല്ലുകളുടെയും നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. ശിലകളുടെ ഇത്തരത്തിലുള്ള തെരഞ്ഞെടുപ്പുകളിലും ബ്രാഹ്മണ-ദ്രാവിഡ ജനങ്ങളിലെ നിറവ്യത്യാസം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചോഴ-പാണ്ഡ്യ അധിനിവേശത്തിന്റെ സൂചനകളും വീരക്കല്ലുകളുടെ വിന്യാസത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്.

**പാലക്കോടിലെ ആത്മീയ വീരക്കല്ലുകൾ**

പ്രാചീന വെൺകുണ്ടറ നാടിന്റെ ആസ്ഥാന കേന്ദ്രമായിരുന്ന നെൻമേനി കോവിലകം മണ്ണിൽനിന്നും ചേരരാജവംശബന്ധമുള്ള കോട്ടമ്പലത്തിന്റെയും ഏകദേശം അഞ്ചു കിലോമീറ്റർ കിഴക്കുമാറിയാണ് പാലക്കോടിന്റെ സ്ഥാനം. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഈ പ്രദേശങ്ങൾ കൊള്ളയടിക്കുകയും തച്ചുതകർക്കപ്പെടുകയും ചെയ്തതിന്റെ കഥകൾ പാലക്കോടിലെ പഴയ തലമുറയ്ക്ക് പറയാനുണ്ട്. 'പാലകൻമാരുടെ കേന്ദ്രം' എന്നാണ് സംസ്കൃതത്തിൽ പാലക്കോടിന് നൽകാവുന്ന അർത്ഥം. വൈഷ്ണവമതത്തിന്റെയും ശൈവമതത്തിന്റെയും ആചാര്യസ്ഥാനീയരായ നായനാർമാരുടെയും ആൾവാർമാരുടെയും ചില പ്രതിമകൾ വച്ചു പൂജിക്കുന്ന തലമുറകൾ ഇപ്പോഴും അവിടെയുണ്ട്.

ടിപ്പുവിന്റെ പടയോട്ടകാലത്ത് വിഗ്രഹധ്വംസനം നടന്ന ഘട്ടത്തിൽ പാലക്കോടുള്ള വിഷ്ണുക്ഷേത്രത്തിലെ വിഗ്രഹമെടുത്ത് ബ്രാഹ്മണർ ഓടിപ്പോകുകയായിരുന്നു. കൊല്ലങ്കോട് പെരുമാൾകോവിൽ ഗ്രാമത്തിലെ പ്രതിഷ്ഠ പാലക്കോടിലേതാണെന്നാണ് തലമുറകൾ കൈമാറിയ



*നല്ലേപ്പിള്ളിയിലെ വീരക്കല്ലുകൾ*

വിശ്വാസം. പാലക്കോട് ശ്രീകൃഷ്ണ ക്ഷേത്രത്തിനു സമീപം നാല് പ്രതിഷ്ഠകളാണ് സ്ഥാപിച്ചിട്ടുള്ളത്. അവയിലൊന്ന് ആധ്യാത്മിക മാർഗ്ഗം സ്വീകരിച്ച ഒരു സന്ന്യാസിയുടെയും, മറ്റ് രണ്ടെണ്ണം ഭക്തിഭാവത്തിൽ തൊഴുതുനിൽക്കുന്ന രണ്ടു പുരുഷൻമാരുടെയും, മറ്റൊന്ന് സ്ത്രീയുടേതുമാണ്.

ഏകദേശം നാൽപത്തിയഞ്ചു സെന്റീ മീറ്റർ നീളവും ഇരുപത്തിയഞ്ചു സെന്റീ മീറ്റർ വീതിയുമുള്ള ഋഷിയുടെ കരിങ്കൽശിൽപം പീഠത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്. അനുഗ്രഹ പ്രഭാഷണത്തിനായോ ശിഷ്യൻമാർക്ക് അനുഗ്രഹസന്ദേശം നൽകുമ്പോഴോ ഉള്ള ഇരിപ്പാണ് സന്ന്യാസിയുടേത്.ആദ്യകാലത്തെ സംഗീതജ്ഞർ കൈവശം വയ്ക്കാറുള്ള (നാരദമുനിയുടെ കൈയിലുള്ളതുപോലെ) ചപ്ലാംകട്ട വലതുകൈയിലും, താളിയോലക്കെട്ട് ഇടതുകൈയിലും ഉണ്ട്. ഇടതുകാൽ ചമ്രം പടിഞ്ഞിരിക്കുന്ന രീതിയിൽ മടക്കിയിരിക്കുന്നു. എന്നാൽ, വലതു കാൽപാദം നിലത്തൂന്നി കാൽമുട്ട് ഉയർത്തിവച്ച നിലയിലാണ്. ഇടതുകൈ ത്രികോണാകൃതിയിൽ കാൽവണ്ണയോടു ചേർന്ന് താളിയോലപോലെയുള്ള സാധനം പിടിച്ചിരിക്കുന്നു. വലതുകൈയുടെ സ്ഥാനം വലതു കാൽമുട്ടിനു മുകളിലാണ്. ഇരുകൈകളിലും തോൾവളയവും കടകവളയും ഉണ്ട്. കഴുത്തിൽ രുദ്രാക്ഷമാല അണിഞ്ഞിരിക്കുന്നു. എന്നാൽ, കാലിൽ രണ്ടോ മൂന്നോ നിലയിലുള്ള വളയമാണ് കാണുന്നത്.

ഈ പ്രദേശങ്ങളിൽനിന്ന് കണ്ടെത്തിയ മറ്റു കരിങ്കൽശിൽപങ്ങളിൽ നിന്നും വ്യത്യസ്തമായി സന്ന്യാസിവര്യന്റെ മുടിയും താടിയും ഈ ശിൽപത്തിൽ മനോഹരമായി കൊത്തിവച്ചിട്ടുണ്ട്. പിന്നിൽ അലക്ഷ്യമായി ചീകിവച്ചതു പോലെ തോളറ്റംവരെ പരന്നുകിടക്കുന്ന മുടി വിരുത്തിയിലെ മുനീശ്വരപ്രതിഷ്ഠയുടെ നിർമ്മാണകലയോളം മനോഹരമാണ്. ശിരസിനു മുകളിൽ ചെറിയ കുടുമയുമുണ്ട്. മറ്റേത് വീരക്കല്ലിലും താടിയുടെ സാന്നിധ്യം ഇല്ലാത്തതുകൊണ്ടുതന്നെ ഈ ആധ്യാത്മിക ഋഷീശ്വരവീരക്കല്ലിന്റെ പ്രസക്തി വർദ്ധിക്കുന്നു. പിന്നിൽനിന്നുള്ള ദൃശ്യത്തിൽ ഒരു യോഗീശ്വരന്റെ ആകാരവടിവ് ശരീരഘടനയും ദൃശ്യമാണ്. നായനാർമാരുടെയോ ആൾവാർമാരുടെയോ വംശത്തിലുള്ള പ്രതിഷ്ഠയാണിതെന്നാണ് ഇവിടെ നിലവിലുള്ള വിശ്വാസം. കറുപ്പുനിറമുള്ള ശിലയിൽ സന്ന്യാസിയുടെ തനതുശൈലിയിൽത്തന്നെയാണ് ശിൽപനിർമ്മാണം. അതേസമയം, അവിടെയുള്ള മറ്റ് രണ്ടു കരിങ്കൽ ശിൽപങ്ങൾ വലിയ കരിങ്കല്ലിന്റെ പശ്ചാത്തലത്തിൽനിന്ന് കൊത്തിയെടുത്തവയാണ്.

ഏകദേശം നാൽപത് സെ.മീ.നീളവും ഇരുപത് സെ.മീ. വീതിയുമുള്ള, തൊഴുകൈയോടെ നിൽക്കുന്ന രണ്ടു പുരുഷൻമാരുടെയും ഒരു സ്ത്രീയുടെയും കരിങ്കൽശിൽപങ്ങൾ ഈ സന്ന്യാസിവര്യന്റെ ശിൽപത്തിനു സമീപം കാണാം. സ്ത്രീരൂപത്തെ 'പേയമ്മാൾ' എന്ന പേരിലാണ് ആരാധിച്ചുവരുന്നത്. 'പേയമ്മാൾ' പ്രാചീന തമിഴകത്തിൽ പൊതുവെ 'കാരക്കലമ്മ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കാരക്കലമ്മയെക്കുറിച്ച് പല ഐതിഹ്യങ്ങളും ഉണ്ട്. ഇന്നത്തെ മൈസൂറിൽ ഉഡുപ്പിക്കു സമീപം വൈജാസകുലത്തിലാണത്രെ കാരക്കലമ്മയുടെ ജനനം. അവർ ഒരു പ്രധാന ഭക്തകവയത്രി കൂടിയായിരുന്നു. ചേരരാജവംശവുമായുള്ള വിവാഹശേഷമാണ് ചേരനാട്ടിലേക്ക് താമസം മാറ്റിയത്. പ്രത്യേക രീതിയിൽ കൈകൂപ്പിനിൽക്കുംവിധമാണ് ശിൽപനിർമ്മാണം. ഇടതു



*ഋഷീശ്വരൻ - പാലക്കോട്*



*വീരക്കല്ല് - പാലക്കോട്*



*പേയമ്മാൾ - പാലക്കോട്*

ഭാഗത്താണ് കുടുമ. കടകവളയും കേയൂരവളയും ഹാരവും മറ്റും ശിൽപത്തിൽ കൊത്തിവച്ചിട്ടുണ്ട്. അരക്കെട്ടിനു താഴെ ചേലയോടൊപ്പം മധ്യഭാഗത്തുകൂടി ഞൊറിയുമുണ്ട്. ഈ കരിങ്കൽശിൽപത്തിന് കേടുപാടുകൾ സംഭവിച്ചതുകൊണ്ടാകാം, ഒരു പുനഃപ്രതിഷ്ഠ ഇവിടെ നടന്നിട്ടുണ്ട്.

അതേസമയം, കൈകൂപ്പിനിൽക്കുന്ന രണ്ടു പുരുഷൻമാരുടെ രൂപത്തിന് ഗൗരവഭാവമാണുള്ളത്. കൈകൂപ്പിത്തന്നെയാണ് നിൽപ്പ്. കൈവളയും കാൽവളയും തോൾവളയും അണിഞ്ഞിട്ടുണ്ട്. സ്ത്രീരൂപത്തിലേതിലും വ്യത്യസ്തമായ ചേലയാണ് അണിഞ്ഞിട്ടുള്ളത്. പുരുഷന്റെ രൂപത്തിൽ തലകുടുമയുണ്ട്. ഈ വിഗ്രഹങ്ങളുടെ ഉടമസ്ഥതയുള്ള കുടുംബം ആൾവാർമാരുടെയും നായനാർമാരുടെയും സ്മരണാർത്ഥം എല്ലാ വർഷവും ബലിയൂട്ട് നടത്തുണ്ടെന്നതിൽനിന്നുതന്നെ ഈ പ്രതിഷ്ഠകളുടെ ചരിത്രപ്രാധാന്യം ബോധ്യമാകും. ഈ ശിൽപങ്ങളുടെ നിർമ്മിതിയുടെ സവിശേഷതകൊണ്ടുതന്നെ ഇവയുടെ കാലപ്പഴക്കം അറിയാം. മധ്യകാലഘട്ടത്തിൽ വികാസം പ്രാപിച്ച ശിൽപകലാപാരമ്പര്യത്തിന്റെ ഉൽകൃഷ്ട ഉദാഹരണത്തിൽ ഇവയെയും ഉൾപ്പെടുത്താം.

ശൈവ-വൈഷ്ണവ പ്രസ്ഥാനത്തിന്റെ ആചാര്യൻമാരിൽ പലരും പ്രാചീന ചേരനാടുമായി അഭേദ്യബന്ധം സ്ഥാപിച്ചിരുന്നു. പ്രാചീന തമിഴകത്തിന്റെയും ചേരനാടിന്റെയും സിരാകേന്ദ്രമായിരുന്ന ഇവിടം ആദ്യകാല ഭക്തകവികളുടെ വിഹാരകേന്ദ്രംതന്നെയായിരുന്നു എന്നതിന് നിരവധി തെളിവുകളുണ്ട്. തെൻമല താഴ്‌വരയുടെ തുടർച്ചയായി കിടക്കുന്ന (മുതലമട പഞ്ചായത്തിന്റെ പരിധിയിലുള്ള) പറമ്പുമലയാണ് ഇന്നത്തെ പറമ്പിക്കുളം മേഖല. അതിന്റെ തുടർച്ചയെന്നോണം കിടക്കുന്ന തെൻമലയെ 'വേങ്കടമല' എന്നും വിളിക്കുന്നുണ്ട്. ഈ വേങ്കടമലയെ നെല്ലിയാമ്പതിയിലുള്ള ആദിവാസികൾ 'കൊല്ലിമല' എന്ന പേരിലാണ് വിളിച്ചിരുന്നത്. സംസ്കൃത കവിയും ചേരരാജാവും വൈഷ്ണവപ്രസ്ഥാനത്തിന്റെ ആചാര്യനും 'കൊല്ലിക്കാവലൻ' എന്ന ബിരുദവുമുള്ള കുലശേഖര ആൾവാർ ചേരനാട്ടിലെ കൊല്ലിമലയെയും വേങ്കടമലയെയും കുറിച്ചൊക്കെ ധാരാളം കവിതകൾ രചിച്ചിട്ടുണ്ട്. 'കൊല്ലിമല' എന്ന പേരിൽ മറ്റ് ചില സ്ഥലനാമങ്ങളുണ്ടെങ്കിലും വേങ്കടമലയുടെ താഴ്‌വരയിൽ ബ്രാഹ്മണ അധിവാസവും വൈദിക സംസ്കാരവും തകർന്നടിഞ്ഞ ശൈവ-വൈഷ്ണവ ക്ഷേത്രങ്ങളും തെൻമല താഴ്‌വരയിൽ മാത്രമാണ് കാണുന്നത്. വേങ്കടമലയിലെ ജലധാരകളുടെ പ്രത്യേകതയും വൈഷ്ണവപശ്ചാത്തലവും പ്രാചീന ചേരനാട്ടിൽ തെൻമലയ്ക്കു മാത്രം അവകാശപ്പെട്ട ഭൂമിശാസ്ത്ര സവിശേഷതയാണ്.

പാലക്കോട് കാണപ്പെടുന്ന ഈ മൂന്ന് വിഗ്രഹങ്ങൾക്കും പ്രത്യേകതയുണ്ട്. കേരളത്തിൽ മറ്റൊരു സ്ഥലത്തും ആൾവാർമാർക്കും നായനാർമാർക്കും ഇത്രത്തോളം പ്രാധാന്യമുള്ളത് കാണാൻ കഴിയില്ല. ആൾവാർമാർക്കും നായനാർമാർക്കും നൽകുന്ന ബലിയൂട്ടിനും ചരിത്രപ്രസക്തിയുണ്ട്. അതുകൊണ്ടുതന്നെ, കേരളചരിത്രത്തിന്റെ അറിയപ്പെടാത്ത ഏടുകളിൽത്തന്നെയാണ് അവ ചെന്നെത്തിനിൽക്കുന്നതും.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ആക്രമണ ഭീതിമൂലം ബ്രാഹ്മണർ പാലക്കോടിലെ പ്രധാന പ്രതിഷ്ഠയുമെടുത്ത് പലായനം ചെയ്തത് സാധൂകരിക്കും വിധമാണ് അവിടത്തെ ബ്രാഹ്മണക്ഷേത്രത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. ഇപ്പോഴുള്ള ഉടമസ്ഥരോ പിൻതലമുറക്കാരോ അല്ല അവിടെയുള്ള ക്ഷേത്രം പണികഴിപ്പിച്ചിട്ടുള്ളതെന്നത് സ്പഷ്ടം. പരിസരത്ത് നിരവധി തകർന്നടിഞ്ഞ ആരാധനാകേന്ദ്രങ്ങളുണ്ടുതാനും. ഇവിടെനിന്ന് പലായനംചെയ്ത ചില ബ്രാഹ്മണ കുടുംബങ്ങൾ പിന്നീട് തിരിച്ചുവന്ന് കൈവശമുള്ള വിഗ്രഹം പെരുമാൾകോവിൽ ഗ്രാമത്തിൽ പ്രതിഷ്ഠിക്കുകയായിരുന്നു. ടിപ്പു സുൽത്താന്റെ ആക്രമണത്തിനു ശേഷമാണ് ബ്രാഹ്മണ അഗ്രഹാരങ്ങൾ കേന്ദ്രീകൃതരീതിയിൽ രൂപപ്പെട്ടതെന്നു പറയാം. പുറമേനിന്നുള്ള ആക്രമണത്തെ സംഘടിതമായി ചെറുക്കുകയും സാമൂഹികസുരക്ഷിതത്വം ഉറപ്പുവരുത്തുകയുമാണ് ഇതിനു പിന്നിലെ പ്രേരക ഘടകം.

**നല്ലേപ്പിള്ളിയിലെ വീരക്കല്ലുകൾ**

പ്രാചീന തമിഴകത്തിന്റെ സംസ്കാരികത്തനിമയുടെ പ്രതിഫലനം നല്ലേപ്പിള്ളിയിലും ദൃശ്യമാണ്. ഒരു കാലത്ത് രാജരാജചോഴന്റെയും മറ്റ് ചില ചോഴരാജാക്കൻമാരുടെയും പാണ്ഡ്യനാടിന്റെയും സ്വാധീനവലയത്തിലായിരുന്ന ചിറ്റൂരിന്റെ കിഴക്കൻ ഭാഗത്ത് ആ സംസ്കാരത്തെ സാധൂകരിക്കുന്ന ചില വീരക്കല്ലുകൾ നല്ലേപ്പിള്ളിയിൽ വിന്യസിച്ചു കിടക്കുന്നുണ്ട്. ആറു വീരക്കല്ലുകളാണ് ഇവിടെയുള്ളത്. താടി വളർത്തിയ



ഋഷീശ്വരൻ - നല്ലേപ്പിള്ളി



വീരക്കല്ല് - നല്ലേപ്പിള്ളി



വീരക്കല്ല് - നല്ലേപ്പിള്ളി

സന്ന്യാസിയുടെ പൂർണ്ണകായ ശിൽപം ഇവിടെയുണ്ട്. എന്നാൽ, പാലക്കോടുള്ള സന്ന്യാസിയുടെ ശിൽപത്തിൽനിന്ന് വ്യത്യസ്തമായ രൂപമാണ് ഇതിനുള്ളത്. താടിയുടെയും മുടിയുടെയും ആകൃതിയിൽ പ്രകടമായ മാറ്റം കാണാം. നീണ്ട ഗദയോടു സാദൃശ്യമുള്ള ദണ്ഡ് വലതുകൈയിലും, കൂജയുടെ ആകൃതിയിലുള്ള കമണ്ഡലം ഇടതുകൈയിലും പിടിച്ചിട്ടുണ്ട്. നിൽക്കുന്ന രീതിയിലാണ് ശിൽപനിർമ്മാണം. 'യു' ആകൃതിയിൽ നെഞ്ചുവരെ നീണ്ടുകിടക്കുന്ന താടിക്ക് ഒതുക്കവും ഭംഗിയുമുണ്ട്. പിന്നിൽ കരിങ്കല്ലിന്റെ പശ്ചാത്തലത്തിൽനിന്ന് കൊത്തിയെടുത്തതിനാൽ മുടിയുടെ സാന്നിധ്യം ദൃശ്യമല്ല. ഇടതു തോളിൽ ഒരു ഭാണ്ഡക്കെട്ട് തൂക്കിയിട്ട നിലയിലാണ്. കമണ്ഡലം പിടിച്ചിരിക്കുന്ന ഇടതുകൈയിൽ ഒരു കടകവള (രുദ്രാക്ഷവള) കാണാം. ചേലയാണ് ധരിച്ചിട്ടുള്ളത്. ആധ്യാത്മിക പശ്ചാത്തലമുള്ള ഒരു യോഗീവര്യന്റേതാണ് ഈ വീരക്കല്ല് എന്നതിൽ തർക്കമില്ല.

നല്ലേപ്പിള്ളിയിലുള്ള മറ്റു അഞ്ചു വീരക്കല്ലുക്കളും രാജകീയ പ്രൗഢിയുള്ളവയാണ്. കൊല്ലങ്കോടുഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയ വീരക്കല്ലുകളിൽനിന്ന് വ്യത്യസ്തമായി കുറേക്കൂടി ചോള-പാണ്ഡ്യദേശങ്ങളിലെ വേഷവിതാനങ്ങളോടാണ് സാദൃശ്യം. അവയിലൊന്നിന് (ഇരുമ്പു പടച്ചട്ടയോടുകൂടിയ ഗദയും വാളും ധരിച്ചിട്ടുള്ള ശിൽപത്തിന്) ഒരു രാജാവിന്റെ പ്രൗഢി കാണാം. കമാനാകൃതിയിൽ അലങ്കരിച്ചിട്ടുള്ള കീരിടമാണ് ധരിച്ചിട്ടുള്ളത്. നെഞ്ചുവരെ നീണ്ടുകിടക്കുന്ന കട്ടിമാലയും കുടമണിപോലുള്ള പതക്കവുമുണ്ട്. വലതുകൈയിലുള്ള ഗദപോലുള്ള ദണ്ഡ് നിലത്തൂന്നിയ നിലയിലും പടച്ചട്ടയിൽ പിടിച്ചിട്ടുള്ള ഇടതുകൈയുടെ ഇടയിലൂടെയാണ് അരക്കെട്ടിൽ ഇറക്കിവച്ചിട്ടുള്ള വാളുറയുള്ളത്. ഇരുകൈകളിലും കട്ടിയുള്ള ഓരോ കേയൂരവളയും കടകവളയും കാണാം. നെഞ്ചിലൂടെ വിലങ്ങനെ കനമുള്ള പടച്ചട്ട ധരിച്ചിട്ടുണ്ട്. കിരീടം അലംകൃതമാണ്. കട്ടിയുള്ള കൊമ്പൻമീശയും ഉരുണ്ട കണ്ണുകളും ശിൽപത്തിന്റെ പ്രൗഢി വർദ്ധിപ്പിക്കുന്നു. അരയ്ക്കു താഴെ ചേലയാണ് ധരിച്ചിട്ടുള്ളത്.

ഇടതുകൈയിൽ ഗദയും വലതുകൈയിൽ വാളും ഉയർത്തിപിടിച്ചിരിക്കുന്ന (തൊട്ടടുത്തു തന്നെയുള്ള) മറ്റ് രണ്ട് ശിൽപങ്ങൾക്കും രാജകീയ പ്രൗഢിയുണ്ട്. കൊമ്പൻ മീശയോടുകൂടിയ മുഖഭാവമാണ് ഈ രണ്ടു ശിൽപങ്ങൾക്കും. ആടയാഭരണങ്ങളുമുണ്ട്. വിജയഭേരി മുഴക്കിനിൽക്കുന്ന വിധമാണ് ശിൽപനിർമ്മാണം. മുടിക്കെട്ടിന്റെ പ്രത്യേകത മറ്റൊരു വീരക്കല്ലിനും കാണാത്തവിധം പ്രത്യേകതയുള്ളതാണ്. ഈ രണ്ടു വീരപരാക്രമികളായ യോദ്ധാക്കൾക്കോ സമീപം നാഗങ്ങൾ ഫണമുയർത്തി നിൽക്കുന്ന മറ്റൊരു കരിങ്കൽ ശിൽപമുണ്ട്. പത്തി വിടർത്തി നിൽക്കുന്ന നാഗദേവനു താഴെ മനുഷ്യരൂപവും കൊത്തിവച്ചിട്ടുണ്ട്.

ഈ വീരക്കല്ലുകൾക്കു സമീപം മധ്യകാലഘട്ടത്തിൽ കാണപ്പെടുന്ന, മന്ത്രിയുടെ തലപ്പാവോടുകൂടിയ മറ്റൊരു ശിൽപവും കാണാം. രാജകീയ പ്രൗഢിയുള്ള ഒരു യോദ്ധാവിന്റെ രൂപമാണിത്. തലപ്പാവ്, തോൾവള. കടകവള, നെഞ്ചിനോടു പതിഞ്ഞുകിടക്കുന്ന പതക്കം, കാൽപാദംവരെ നീണ്ടുകിടക്കുന്ന ചേല എന്നിവയൊക്കെ ഇതിന്റെയും പ്രത്യേകതകളാണ്. ഇടതുകൈ ഇടുപ്പിനോടു ചേർത്തുവച്ച് വലതുകൈയിലെ ദണ്ഡുപോലുള്ള ഗദ നിലത്തൂന്നി ഒരു യോദ്ധാവിന്റെ പ്രതിരൂപമായി ഈ കരിങ്കൽ ശിൽപം ശോഭിക്കുന്നു. മറ്റു ശിൽപങ്ങളിൽനിന്ന് വ്യത്യസ്തമായി നീണ്ട കട്ടി മീശയാണിതിന്.

പാണ്ഡ്യ നാട്ടിൽനിന്നും ചോഴനാട്ടിൽ നിന്നും നിരവധി അധിനിവേശങ്ങൾക്കു സാക്ഷ്യം വഹിച്ച പ്രാചീന ചേരനാടിന്റെ പ്രവേശനകവാടത്തിൽ സ്ഥിതിചെയ്യുന്ന ഇത്തരം കരിങ്കൽ ശിൽപങ്ങൾ ചരിത്രകുതുകികൾക്ക് ഗവേഷണസാധ്യതയൊരുക്കുന്നു. കൊങ്ങുനാട്ടിൽനിന്നുള്ള സ്വാധീനം കൊങ്ങൻപടയിലൂടെയും കോങ്ങാടും കൊല്ലങ്കോടുള്ള കൊങ്ങൻ ചാത്തിയും കൊങ്ങാളർമലയും മറ്റുമൊക്കെ ടിപ്പു സുൽത്താനും സാമൂതിരിരാജവംശത്തിനും മുമ്പുള്ള ബാക്കിപത്രങ്ങളാണ്. ചോഴമാതൃകയിലുള്ള ക്ഷേത്രങ്ങളും കുലോത്തുംഗചോഴന്റെ ശിലാശാസനവും കൂടി ഈ പ്രദേശത്തുണ്ട് എന്നു പറയുമ്പോൾ അത്ഭുതത്തിന് അവകാശമില്ല.

പാലക്കാടുജില്ലയുടെ ചോഴ-പാണ്ഡ്യപൈതൃകത്തിന്റെ വേരുകൾ ചികയുമ്പോൾ അനാവൃതമാകുന്നത് പ്രാചീന ചേരനാടിന്റെ ചരിത്രമാണ്. പ്രാചീന ചേരനാട്ടിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ആൾവാർമാരുടെയും നായനാർമാരുടെയും വൈഷ്ണവ-ശൈവപ്രസ്ഥാനങ്ങളുടെ സ്വാധീനം വേങ്കിടമലയുടെ താഴ്‌വാരത്ത് സജീവമായി നിൽക്കുന്നു ●

പാക്തി

# പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

*അപഹരിക്കപ്പെട്ട ശിൽപങ്ങളുടെ കാര്യത്തിൽ ഭരണകൂടത്തിന് എന്തു ചെയ്യാൻ കഴിയും?*

## കൊടുവായൂരും വിത്തനശ്ശേരിയും മറ്റും

ശിൽപകലയുടെ പ്രത്യേകതയും വൈവിധ്യവും കൊണ്ടു മാത്രമല്ല വീരക്കല്ലുകളും കരിങ്കൽശിൽപങ്ങളും പ്രാധാന്യമർഹിക്കുന്നത്. ചരിത്രത്തിന്റെ ഇടനാഴികളിലേക്ക് കടക്കാവുന്ന ഒട്ടനവധി സൂചനകൾ അവയിൽ ദർശിക്കാൻ കഴിയും. കൗമാരക്കാർ, മധ്യവയസ്കർ, പ്രായംചെന്നവർ എന്നിവരുടെ മുഖഭാവവും ശാരീരിക പ്രത്യേകതകളും ആ ശിൽപങ്ങളിൽ ദർശിക്കാം. യുദ്ധത്തിൽ വീരമൃത്യുവോ വീരപ്രവൃത്തിയോ ചെയ്തവരുടെ സ്മരണാർത്ഥമാണ് ഇത്തരം വീരക്കല്ലുകൾ നിർമ്മിച്ച് ക്ഷേത്രാങ്കണത്തിലും മറ്റും പ്രതിഷ്ഠിക്കുന്നത് എന്ന് ചർച്ചചെയ്തുവല്ലോ. എന്നാൽ, ക്ഷേത്രാങ്കണത്തിൽ മാത്രമല്ല, ചില വിജനമായ പ്രദേശങ്ങളിലെ ഒറ്റയടിപ്പാതയോരത്തും അവയുടെ സാന്നിധ്യമുണ്ട്. കാവൽഭടൻമാരുടെ ഗണത്തിൽ ഉൾപ്പെടുത്താവുന്ന ഇവർ ഒരുപക്ഷേ ശത്രുസൈന്യത്തിന്റെ പിടിയിൽപ്പെട്ട് കൊല്ലപ്പെട്ടതാവാനും മതി. ഓരോ വീരക്കല്ലിന്റെയും രൂപകൽപനയ്ക്കു പിന്നിൽ നാമൊക്കെ പ്രത്യക്ഷത്തിൽ അറിയാത്ത ഓരോ ചരിത്രപശ്ചാത്തലമുണ്ടെന്ന് മനസ്സിലാക്കണം. എന്നാൽ, അവയ്ക്കൊന്നും വിരുത്തിയിലെ പുലികുത്തിമന്നാടിയാരുടേതുപോലെ വാമൊഴിയിലൂടെ തലമുറകൾ കൈമാറിയ ചരിത്രസംഭവത്തിന്റെ ഏടുകൾ ഇതൾവിരിയിച്ചെടുക്കാൻ കഴിയണമെന്നില്ല. എന്നാൽ, ഇത്തരം ശിൽപങ്ങളിലെ ശരീരഘടനയും ആയുധങ്ങളും ആഭരണങ്ങളും വസ്ത്രധാരണരീതിയും പരിശോധിക്കുമ്പോൾ ഇവ മറ്റു പല ചരിത്രവസ്തുതകളുടെയും സാംസ്കാരത്തിന്റെയും യാഥാർത്ഥ്യങ്ങളിലേക്കു വിരൽചൂണ്ടാവുന്നവയാണ്. ദ്രാവിഡസംസ്കൃതിയിൽ ചേര-ചോള-പാണ്ഡ്യനാളുകളിലെ സാംസ്കാരിക സവിശേഷതകൾ ഇവിടുത്തെ ശിൽപകലയിൽ സന്നിവേശിച്ചിപ്പിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. ഏതെങ്കിലുമൊരു ജനവിഭാഗത്തിന്റെ തനതുശിൽപകലാസംസ്കാരം മാത്രമായി നമുക്ക് അവയെ മാറ്റാൻ കഴിയുകയില്ല. വീരക്കല്ലിന്റെ പഠനത്തിലുടെ, വിവിധ ജനവിഭാഗങ്ങളുടെ കുടിയേറ്റസ്വാധീനവും അധിനിവേശസ്വാധീനവും പല രീതിയിൽ വ്യക്തമാകുന്നുണ്ട്. ഒരേ കാലയളവിൽ നിലനിന്നിരുന്ന ആരാധാനാരീതികളുടെ സാംസ്കാരിക വൈവിധ്യവും ശിൽപകലയിൽ പ്രകടമാണ്.

യോദ്ധാക്കളുടെയും യോഗീശ്വരൻമാരുടെയും വീരക്കല്ലുകളുടെയും ശിൽപങ്ങളുടെ സവിശേഷതകളും വികാസപരിണാമഘട്ടങ്ങളും വസ്തുനിഷ്ഠമായി വിശകലനം ചെയ്

തെങ്കിൽ മാത്രമേ അവയുടെ ആഴവും പരപ്പും എത്രത്തോളമാണെന്നു കണ്ടെത്താൻ കഴിയുകയുള്ളൂ. അതിന്റെ പശ്ചാത്തലത്തിൽ ചരിത്രത്തിന്റെ ഗതിവിഗതികൾ അനാവരണം ചെയ്യപ്പെടുന്നുമുണ്ട്. യോദ്ധാക്കളുടെ വീരക്കല്ലുകളിൽ ചരിത്രരഹസ്യങ്ങളുടെ പൊൻതൂവൽസ്പർശങ്ങളാണുള്ളതെങ്കിൽ, ആധ്യാത്മികപശ്ചാത്തലമുള്ള കരിങ്കൽശിൽപങ്ങൾക്ക് മറ്റൊരു ചരിത്രമാണ് പറയാനുള്ളത്. അവിടെ പ്രാചീന ദ്രാവിഡമതത്തിന്റെയും ഹിന്ദുമതത്തിന്റെയും ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആരാധനാക്രമത്തിന്റെ ബാക്കിപത്രമാകും കാണാനാവുക. ഇതിൽ ജൈനമതവും ബുദ്ധമതവും ഇന്ന് പാടേ ഈ ഭാഗത്തുനിന്ന് നിഷ്കാസനം ചെയ്തിട്ടുണ്ട്. അതേസമയം, അതിനു ശേഷം രൂപമെടുത്ത ക്രിസ്തുമതത്തിന്റെയും ഇസ്ലാം മതത്തിന്റെയും സാംസ്കാരിക പൈതൃകം പേറുന്ന കരിങ്കൽ ശിൽപങ്ങൾ ഒന്നുംതന്നെ ഇല്ല എന്നതും ഗവേഷണകുതുകികൾക്ക് പഠന വിഷയമാണ്.

ചാതുർവർണ്യം വികാസം പ്രാപിച്ച ഘട്ടത്തിൽ വേദപഠനങ്ങളും രാജഭരണവും യുദ്ധമുറകളും കൃഷിയും കച്ചവടവും ശുചീകരണപ്രവർത്തനങ്ങളുമാണല്ലോ മുഖ്യ തൊഴിൽവിഭജനങ്ങളായി ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രവിഭാഗങ്ങൾക്കിടയിൽ നിലനിന്നിരുന്നത്. ഭടൻമാരെ തെരഞ്ഞെടുക്കുന്നതിൽ രാജാക്കൻമാർ കർശനവ്യവസ്ഥകൾ ഏർപ്പെടുത്തിയതിലൂടെയാവാം സാമ്പത്തിക-സാംസ്കാരികരംഗത്ത് മധ്യവിഭാഗത്തിലുൾപ്പെട്ട യുവാക്കൾ ക്ഷത്രിയധർമ്മത്തിലേക്ക് ആകർഷിക്കപ്പെട്ടതും, അവർക്കു രാജഭടൻമാരുടെ പദവികളിൽ മുൻഗണനാക്രമം സിദ്ധിച്ചതും. പിന്നീടത് ഒരു ജനവിഭാഗത്തിന്റെ സംസ്കാരമായി മാറിയിട്ടുണ്ടാവാം. രാജഭടൻമാരുടെ ചരിത്രവും, വീരയോദ്ധാക്കളുടെയും ചരിത്രപുരുഷൻമാരുടെയും വീരക്കല്ലുകളുടെയും ചരിത്രവും പ്രത്യേകതകളും പരിശോധിച്ചാൽ കൗതുകകരമായ പല വസ്തുതകളും കണ്ടെത്താനാവും. ആദ്യകാലങ്ങളിൽ ബ്രാഹ്മണർ പൊതുവെ യാഗഹോമങ്ങളും പൂജാവിധികളും മാത്രം നിർവഹിച്ചിരുന്നു. അഹിംസയിലധിഷ്ഠിതമായ വൈദികജീവിതരീതി മുഖ്യകർമ്മമണ്ഡലമായി സ്വീകരിച്ചതുകൊണ്ടാണ് അവർക്ക് ഈ സാമൂഹിക അംഗീകാരം കൈവന്നത്. എന്നാൽ, വേദകാലഘട്ടത്തിലെ മൃഗബലിയടക്കമുള്ള യാഗങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നത് ബ്രാഹ്മണർതന്നെയാണെന്ന വസ്തുത മറന്നുകൂടാ. ക്ഷത്രിയരുടെ വീര്യവും ബ്രാഹ്മണരുടെ ബുദ്ധിയും ദേശീയതയിലൂന്നിയ രാജഭരണവ്യവസ്ഥയിൽ പിന്നീട് ഇടംപിടിച്ചതാണ്. എന്നാൽ, ബ്രാഹ്മണരും ആയോധനകലകൾ അഭ്യസിക്കുകയും അവയിൽ പ്രാവീണ്യം നേടുകയും ചെയ്തിട്ടുണ്ട് എന്നതിന് ഉദാഹരണങ്ങളുണ്ട്. ഭാസ്കരരായരുടെ ഒരു രേഖയിൽ ബ്രാഹ്മണർ വേദപഠനത്തോടൊപ്പം ആയോധനകലകളും അഭ്യസിച്ചിരുന്നതായി പറയുന്നുണ്ട്. വേദകാലഘട്ടത്തിൽ പ്രാചീന വേങ്കടദേശത്തിന്റെ ഹൃദയഭൂവായ കോവിലകം പറമ്പ് ഉൾപ്പെടുന്ന നെൻമേനി അത്തരമൊരു ഭാട്ടാതത്ത്വശാസ്ത്ര പഠനകേന്ദ്രമായിരുന്നു. പ്രാചീന ചേരനാട്ടിൽ മധ്യകാലഘട്ടത്തിൽ ബ്രാഹ്മണർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശവും, ക്ഷേത്രഭരണങ്ങളുടെയും യാഗഹോമാദികളുടെയും നിയന്ത്രണവും കൈവന്നപ്പോൾ അവർ സമ്പന്നവിഭാഗമായി വളർന്നുവന്നിരുന്നു.



*കൊട്ടയംകാട്ടിലെ ഗണപതിവിഗ്രഹം*

എ. ഡി. എട്ട്-പന്ത്രണ്ട് നൂറ്റാണ്ടുകളിലെ മധ്യകാല ഘട്ടത്തിലെ ആക്രമണരീതികൾ പരിശോധിച്ചാൽ, രാജ്യവിസ്തൃതി വർദ്ധിപ്പിച്ച് ഭരണനിയന്ത്രണം കൈയാളുക എന്നതിനെക്കാളുപരി അയൽരാജ്യങ്ങൾ ആക്രമിച്ച് സ്വത്തും മുതലും കൈക്കലാക്കി കപ്പം വാങ്ങുക എന്ന തലത്തിലേക്ക് യുദ്ധമുറകൾ മാറിയ കാലഘട്ടമുണ്ടായിരുന്നു. കപ്പം കൊടുക്കുന്നതിൽ വീഴ്ചയും വരുമാനസ്രോതിൽ കുറവും വരുമ്പോഴാണ് വീണ്ടും ആക്രമണപദ്ധതികൾക്ക് തുടക്കം കുറിക്കുക. അത്തരത്തിലുള്ള ആക്രമണഘട്ടത്തിലാണ് ശത്രുസൈന്യം അയൽനാടുകളിലേക്കു ഇരച്ചുകയറുന്നതും കൊള്ളയും കൊലയും നടത്തി ഗ്രാമങ്ങൾചുട്ടെരിക്കുന്നതും. സ്വയം പ്രതിരോധം തീർക്കാൻ ഭരണാധികാരികൾക്ക് മാത്രമായി ഇത്തരം ആക്രമണങ്ങളെ ചെറുത്തുതോൽപിക്കാനോ എതിർക്കാനോ കഴിയണമെന്നില്ല. സ്വാഭാവികമായും ജാതിമതഭേദമെന്യെ ഗ്രാമവാസികളും ആക്രമണത്തെ പ്രതിരോധിക്കാൻ ആയുധമെടുക്കുന്ന സാഹചര്യം പല സന്ദർഭങ്ങളിലും ഉണ്ടായിട്ടുണ്ട്. ആയോധനകലയിൽ ബ്രാഹ്മണരും പങ്കാളികളായിരുന്നു. സംഘടിതബ്രാഹ്മണ ഗ്രാമങ്ങളുടെ രൂപീകരണത്തിനു പിന്നിലെ പശ്ചാത്തലം ആക്രമണകാരികൾക്കെതിരെ സംഘടിച്ചുപോരാടുക എന്നതുതന്നെയാണ്.

പ്രാചീന വേങ്കടദേശത്തെ ബ്രാഹ്മണർ ചേരകാലഘട്ടത്തിലും മറ്റും

> **യോദ്ധാക്കളുടെയും യോഗീശ്വരൻമാരുടെയും വീരക്കല്ലുകളുടെയും ശിൽപങ്ങളുടെ സവിശേഷതകളും വികാസ പരിണാമഘട്ടങ്ങളും വസ്തുനിഷ്ഠമായി വിശകലനം ചെയ്തെങ്കിൽ മാത്രമേ അവയുടെ ആഴവും പരപ്പും എത്രത്തോളമാണെന്നു കണ്ടെത്താൻ കഴിയുകയുള്ളൂ. അതിന്റെ പശ്ചാത്തലത്തിൽ ചരിത്രത്തിന്റെ ഗതിവിഗതികൾ അനാവരണം ചെയ്യപ്പെടുന്നുമുണ്ട്. യോദ്ധാക്കളുടെ വീരക്കല്ലുകളിൽ ചരിത്രരഹസ്യങ്ങളുടെ പൊൻതൂവൽ സ്പർശങ്ങളാണുള്ളതെങ്കിൽ, ആധ്യാത്മികപശ്ചാത്തലമുള്ള കരിങ്കൽശിൽപങ്ങൾക്ക് മറ്റൊരു ചരിത്രമാണ് പറയാനുള്ളത്. അവിടെ പ്രാചീന ദ്രാവിഡമതത്തിന്റെയും ഹിന്ദുമതത്തിന്റെയും ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആരാധനാക്രമത്തിന്റെ ബാക്കിപത്രമാകും കാണാനാവുക.**



*വീരക്കല്ല്-മാക്കണാംകുറിശ്ശി*



*കരിങ്കൽ ശിൽപം-വിത്തനശ്ശേരി*



*വീരക്കല്ല്-വിത്തനശ്ശേരി*

ആയോധനകലയിൽ പ്രാവീണ്യം നേടിയിരുന്നു. കൊല്ലങ്കോടിനു സമീപം കൊമ്പൻകാട്ടിൽ തകർക്കപ്പെട്ടു കിടക്കുന്ന ക്ഷേത്രാങ്കണത്തിൽ മണ്ണിനടിയിൽ നിന്ന് കിട്ടിയ വീരക്കല്ലിന് ഒരു ബ്രാഹ്മണബാലന്റെ എല്ലാ സവിശേഷതകളുമുണ്ട്. മറ്റു പ്രദേശങ്ങളിൽ കണ്ടെത്തിയ വീരക്കല്ലുകളിൽനിന്ന് പ്രകടമായ വ്യത്യാസം ശരീരഘടനയിൽ ഈ വീരക്കല്ലിൽ കാണാം. ഇവിടെനിന്ന് കണ്ടെടുത്ത മധ്യകാലഘട്ടത്തിലെ മൂഴിക്കുളംശാസനത്തെക്കുറിച്ചു പരാമർശമുള്ള രണ്ട് വട്ടെഴുത്ത് ശിലാലിഖിതങ്ങൾ കൊത്തിയ, തവിട്ടുനിറത്തിലുള്ള അതേ ശിലയിലാണ് ബാലന്റെ ഈ കരിങ്കൽശിൽപവും കൊത്തിവച്ചിട്ടുള്ളത്. തല മുണ്ഡനം ചെയ്ത നിലയിലാണ്. നെറ്റിയിൽ വട്ടത്തിലുള്ള തിലകം ചാർത്തിയിട്ടുണ്ട്. കണ്ണ്, ചെവി, മൂക്ക് എന്നിവ മറ്റു വീരക്കല്ലുകളിൽനിന്നും വ്യത്യസ്തമായി പ്രത്യേക രീതിയിലാണ് രൂപകൽപന ചെയ്തിട്ടുള്ളത്. കുട്ടിത്തം പ്രതിഫലിക്കും വിധമാണ് നിർമ്മാണം. മറ്റു വീരക്കല്ലുകളിലേതുപോലെ വലതു കൈയിൽ ഉയർത്തിപ്പിടിച്ച വാളും ഇടതു കൈയിൽ ഗദയുമുണ്ട്. കടകവളയും കേയൂരവളയും, അമ്പും വില്ലിന്റെയും മാതൃകയിൽ പ്രത്യേക ഹാരവും അണിഞ്ഞിട്ടുണ്ട്. കാലിൽ കട്ടിയുള്ള തളയുണ്ട്. ഉറ ഇറക്കിവച്ചതുപോലെയാണ് ഇടുപ്പിനു താഴെയുള്ള വസ്ത്രധാരണം. മൂഴിക്കുളംശാസനത്തെക്കുറിച്ചുള്ള ഒമ്പതാം നൂറ്റാണ്ടിലെ ശിലാശാസനവും, എട്ടാം നൂറ്റാണ്ടിലെ നിർമ്മാണസാദൃശ്യമുള്ള തകർക്കപ്പെട്ട ക്ഷേത്രാധിഷ്ഠാനവും സൂചിപ്പിക്കുന്നത് രാജകീയ ബന്ധമുള്ള വീരക്കല്ലാണിത് എന്നാണ്.

നെൻമേനി കോവിലകംപറമ്പിൽനിന്ന് ഒന്നര കിലോമീറ്റർ വടക്കുപടിഞ്ഞാറ് മാറി മാക്കണാംകുറിശ്ശിയിലും ശ്രദ്ധേയമായ ഒരു വീരക്കല്ലുണ്ട്. താമരക്കുളത്തിനോടു ചേർന്നുള്ള നടവരമ്പിലാണ് ഈ വീരക്കല്ല് സ്ഥാപിച്ചിട്ടുള്ളത്. പേരാട്ടുകാവിലെയും തറപ്പാടത്തെയും കിണറിനോടു സാദൃശ്യമുള്ള കരിങ്കൽനിർമ്മിത കിണർ തൊട്ടപ്പുറത്തുണ്ട്. ഏകദേശം നാൽപത്തിയൊന്ന് സെന്റി മീറ്റർ നീളവും, ഇരുപത്തിയെട്ട് സെ.മീ. വീതിയുമാണ് ഈ വീരക്കല്ലിന്റെ വലിപ്പം. ഇടതുകൈയിൽ നിലത്തൂന്നിയനിലയിൽ കാണപ്പെടുന്ന ഗദയും വലതു കൈയിൽ ഉയർത്തിപ്പിടിച്ചിരിക്കുന്ന വാളും ഇതിന്റെ പ്രത്യേകതയാണ്. ഞൊറിയുള്ള ചേലയാണ് അണിഞ്ഞിരിക്കുന്നത്. മധ്യവയസ്സ് പിന്നിട്ട രൂപമാണ് മുഖത്തിനുള്ളത്. ഇടതു ഭാഗത്ത് തലക്കുടുമയുണ്ട്. തകർക്കപ്പെട്ടുകിടക്കുന്ന ക്ഷേത്രാങ്കണം ഒഴിച്ചുള്ള മറ്റു ഭാഗങ്ങൾ കാർഷികനിലങ്ങളായി മാറ്റിയ അവസ്ഥയിലായതാവാം, ക്ഷേത്രത്തിനും കുളത്തിനും മധ്യേ പാടവരമ്പിൽ ഇങ്ങനെയൊരു വീരക്കല്ലിനു ഹേതു.

വലിയ വിരുത്തിയിൽനിന്ന് കിഴക്കോട്ട് പോകുന്ന ഒറ്റയടിപ്പാതയുടെ അരികിൽ മറ്റൊരു വീരക്കല്ല് അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈയിൽ ആയുധമേന്തിയ നിലയിൽ, മധ്യകാലഘട്ടത്തിലെ വസ്ത്രധാരണ രീതിയിലുള്ള നിർമ്മാണം. വിജനമായ സ്ഥലത്തുള്ള ഈ വീരക്കല്ല് അതേപടിയിൽ നിലനിൽക്കുന്നു എന്നതാണ് ആശ്വാസം. കിഴക്കൻ ഭാഗങ്ങളിലൂടെ കടന്നുവന്ന്, അയൽനാടായ പാണ്ഡ്യദേശത്തിലെ സൈനികരോട് ഏറ്റുമുട്ടി ഇവിടെ വച്ച് കൊല്ലപ്പെട്ടതുകൊണ്ടാകാം ഇപ്പോഴും വിജനമായ ഈ പ്രദേശത്ത് ഈ വീരക്കല്ല് ഉണ്ടാകാൻ കാരണം. ആ പ്രദേശത്ത് നിലയുറപ്പിച്ചിരുന്ന കാവൽഭടന്റെ ധീരത്യാഗത്തിന്റെ സ്മരണാർത്ഥമാവാം ഇത് ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്.

തകർക്കപ്പെട്ടുകിടക്കുന്ന ക്ഷേത്രാങ്കണങ്ങളിൽ കണ്ടുവരുന്ന വീരക്കല്ല് പല വസ്തുതകളും പുറത്തുകൊണ്ടുവരുന്നുണ്ട്. രാജഭരണത്തിന്റെയും ക്ഷേത്രനിർമ്മാണത്തിന്റെയും പ്രതാപകാലത്ത് സ്ഥാപിക്കപ്പെട്ടതാകാം അത്തരം വീരക്കല്ലുകൾ. ടിപ്പുവിന്റെ ആക്രമണത്തിലൂടെ പൂർണ്ണമായും തകർക്കപ്പെട്ട നിരവധി ക്ഷേത്രങ്ങളുണ്ടെങ്കിലും, അതിനുശേഷം വീരക്കല്ലുകൾ സ്ഥാപിക്കാനുള്ള സാധ്യത വളരെ കുറവാണ്. ടിപ്പുവിന്റെ ആക്രമണത്തിനുശേഷം നാട്ടുരാജ്യങ്ങളുടെ ശേഷി പരിപൂർണ്ണമായി ഇല്ലാതാവുകയും പല ബ്രാഹ്മണ-ക്ഷത്രിയ അധിവാസകേന്ദ്രങ്ങളും ഉൻമൂലനം ചെയ്യപ്പെടുകയും ചെയ്തതിനാൽ പിന്നീട് അവശേഷിച്ച കുടുംബാംഗങ്ങൾ ഇത്തരം പ്രതിഷ്ഠകൾ സ്ഥാപിക്കാനുള്ള ശേഷി വിരളമാണ്. മാത്രമല്ല, ശിൽപങ്ങളിലെ വസ്ത്രധാരണരീതി, ആഭരണങ്ങൾ, തലക്കെട്ട്, ആയുധങ്ങൾ എന്നിവ മധ്യകാലഘട്ടത്തിലെ ജീവിത

ശൈലിയിലേക്കുതന്നെയാണ് വെളിച്ചം വീശുന്നത്. പതിമൂന്നാം നൂറ്റാണ്ടിനു ശേഷം ചേരസാമ്രാജ്യം പൂർണ്ണമായും തകർന്ന് നാടുവാഴികൾ അധികാരം പങ്കിട്ടെടുത്തതിനു ശേഷം ശക്തിപ്രാപിച്ച സാമൂതിരിയായിരുന്നു ടിപ്പുവിന്റെ ആക്രമണത്തിനു തൊട്ടുമുമ്പുവരെ പാലക്കാടിന്റെ ഭരണം നിയന്ത്രിച്ചിരുന്നത്. ഈ കാലയളവിൽ പാണ്ഡ്യനാട്ടിൽനിന്നും ചോളനാട്ടിൽനിന്നുമുള്ള ആക്രമണം നിലച്ചതിനാൽ വീരക്കല്ലുകൾ സ്ഥാപിക്കേണ്ട ആവശ്യകതയില്ല. വയനാട്ടിലും മറ്റും ബ്രിട്ടീഷുകാർക്കെതിരായ ചെറുത്തുനിൽപ്പിലൂടെ രക്തസാക്ഷിത്വം വരിച്ചവരുടെ സ്മരണക്കായി സ്ഥാപിച്ച വീരക്കല്ലുകളുടെ മാതൃകകൾ പാലക്കാടുജില്ലയിൽ ഇല്ലെന്നുതന്നെ പറയാം. ബ്രിട്ടീഷുകാർ ടിപ്പുവിന്റെ കോട്ട കീഴടക്കുമ്പോൾ സാമൂതിരിയുടെ പതനവും ടിപ്പുവിന്റെ അന്ത്യവും കൊതിച്ചവരായിരുന്നു ഇന്നാട്ടിലെ ജനത എന്ന് ആ കാലഘട്ടത്തിലെ സാമൂഹിക-രാഷ്ട്രീയ ചരിത്രം വിശകലനം ചെയ്യുമ്പോൾ ബോധ്യപ്പെടും. വിരുത്തിയിൽ കണ്ടെത്തിയ വീരക്കല്ലിലെ പുലികുത്തിമന്നാടിയാരുടെ ജീവിതകാലം പതിമൂന്നാം നൂറ്റാണ്ടിൽ സാമൂതിരി ഈ പ്രദേശം കീഴടക്കുന്നതിനു മുമ്പുള്ള കാലഘട്ടമാണ്. അതുകൊണ്ടുതന്നെ പതിമൂന്നാം നൂറ്റാണ്ടിനു മുൻപാണ് വീരക്കല്ലുകൾ പാലക്കാടുജില്ലയിൽ പല ഭാഗത്തും പ്രത്യക്ഷ്യപ്പെട്ടിട്ടുള്ളതെന്ന വാദം സ്ഥിരീകരിക്കപ്പെടുന്നു.

> പാണ്ഡ്യനാട്ടിൽനിന്നും ചോളനാട്ടിൽനിന്നുമുള്ള ആക്രമണം നിലച്ചതിനാൽ വീരക്കല്ലുകൾ സ്ഥാപിക്കേണ്ട ആവശ്യകതയില്ല. വയനാട്ടിലും മറ്റും ബ്രിട്ടീഷുകാർക്കെതിരായ ചെറുത്തുനിൽപ്പിലൂടെ രക്തസാക്ഷിത്വം വരിച്ചവരുടെ സ്മരണക്കായി സ്ഥാപിച്ച വീരക്കല്ലുകളുടെ മാതൃകകൾ പാലക്കാടുജില്ലയിൽ ഇല്ലെന്നുതന്നെ പറയാം. ബ്രിട്ടീഷുകാർ ടിപ്പുവിന്റെ കോട്ട കീഴടക്കുമ്പോൾ സാമൂതിരിയുടെ പതനവും ടിപ്പുവിന്റെ അന്ത്യവും കൊതിച്ചവരായിരുന്നു ഇന്നാട്ടിലെ ജനത എന്ന് ആ കാലഘട്ടത്തിലെ സാമൂഹിക – രാഷ്ട്രീയ ചരിത്രം വിശകലനം ചെയ്യുമ്പോൾ ബോധ്യപ്പെടും.

### വിത്തനശ്ശേരിയിലെ കരിങ്കൽ ശിൽപങ്ങൾ

കൊല്ലങ്കോടുനിന്ന് ഏകദേശം പതിമൂന്നു കി.മീ പടിഞ്ഞാറു മാറി നെൻമാറയിലെ ആതനാട് മലനിരയ്ക്ക് ഒരു കി.മീ. വടക്കുമാറി സ്ഥിതി ചെയ്യുന്ന വിത്തനശ്ശേരിയിലെ അഞ്ചുമൂർത്തിക്ഷേത്രപരിസരത്തു കാണപ്പെടുന്ന വീരക്കല്ലുകൾക്കും ചരിത്രപ്രസക്തിയുണ്ട്. അഞ്ചുമൂർത്തിക്ഷേത്രത്തിന്റെ പുനഃപ്രതിഷ്ഠാവേളയിൽ മാറ്റിയിട്ടിരിക്കുന്ന ഈ പ്രതിഷ്ഠകൾ പലതും ദ്രവിച്ച അവസ്ഥയിലും കാലപ്പഴക്കം തോന്നിക്കുന്നവയുമാണ്. അവിടെയുള്ള ഒരു യോദ്ധാവിന്റെ വീരക്കല്ലും മറ്റു പ്രദേശങ്ങളിൽനിന്നും കണ്ടെത്തിയവയോട് സാദൃശ്യമുണ്ട്. ഇടതുകൈയിൽ തൂക്കിയിട്ട നിലയിൽ ഗദയും, വലതുകൈയിൽ ഉയർത്തിപ്പിടിച്ച വാളും ഉണ്ട്. മുഖഭാവം തിരിച്ചറിയാൻ കഴിയാത്ത വിധം ദ്രവിച്ച നിലയിലാണ്. ക്ഷേത്രം തകർക്കപ്പെട്ട സമയത്ത് ഭാഗികമായി കേടുവരുത്തിയതുകൊണ്ടാവാം വീരക്കല്ല് പ്രതിഷ്ഠകളോടൊപ്പം മാറ്റി മറ്റൊരു ഭാഗത്ത് വയ്ക്കാൻ കാരണം. പുനഃപ്രതിഷ്ഠാവേളയിൽ പ്രധാന വിഗ്രഹം മാത്രം മാറ്റി പ്രതിഷ്ഠിച്ച്, പഴയത് പുഴയിലോ മറ്റോ നിമജ്ജനം ചെയ്യുകയാണ് പതിവ്. അതുകൊണ്ടുതന്നെ ഈ രീതിയിൽ മാറ്റിവച്ചിട്ടുള്ള കരിങ്കൽ ശിൽപങ്ങളുടെ ചരിത്രവിശകലനത്തിന് പ്രാധാന്യമുണ്ട്. കരിങ്കല്ലിലാണ് ഈ വീരക്കല്ല് കൊത്തിവച്ചിട്ടുളളത്. കാതിൽ കവചകുണ്ഡലം. രാജഭരണത്തിന്റെ സൂചനയായി തലപ്പാവു കാണാം. ആഭരണങ്ങളും അരക്കെട്ടിനു താഴെ ചേലയും അണിഞ്ഞിട്ടുണ്ട്. നിൽക്കുന്ന രീതിയിലാണ് ഈ വീരക്കല്ലിന്റെ രൂപകൽപന.

രാജകീയ പ്രൗഢിയുള്ള മറ്റൊരു വീരക്കല്ല് പ്രണാളിക്കു താഴെ വച്ചിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ കാണപ്പെടുന്ന വീരക്കല്ലുകളിൽനിന്ന് വ്യത്യസ്തമായി തലപ്പാവണിഞ്ഞിട്ടുണ്ട്. മധ്യകാലഘട്ടത്തിൽ രാജസദസ്സിലെ മന്ത്രിമാർധരിക്കുന്ന തലപ്പാവാണിത്. മധ്യകാലഘട്ടത്തിലും അതിനു മുൻപും രാജകീയ സദസ്സുകളിൽ പട്ടുതുണികൾ കൊണ്ടുള്ള ഇത്തരം തലപ്പാവുകൾ സർവസാധാരണമായിരുന്നു. തൊഴുകൈയോടെ നിൽക്കുന്ന വിധമാണ് ശിൽപം. ഇരിക്കു



*കൊമ്പൻകാട്ടിലെ വീരക്കല്ല്*

ന്ന നിലയിൽ ഇടതുകാൽ മടക്കി അതിനിടയിലൂടെ വലതുകാൽ മടക്കി ഉദരത്തിലൂടെ ചേർത്തുവച്ചിരിക്കുന്നു. ശ്രീകോവിലിന്റെ പ്രതിഷ്ഠയിൽനിന്നുള്ള തീർത്ഥജലം പതിക്കുംവിധമാണ് പ്രണാളിക്കു (പ്രണാളി തകർക്കപ്പെട്ട നിലയിലാണ്) താഴെ ഈ പ്രതിഷ്ഠ വച്ചിട്ടുള്ളത്.

ഈ രണ്ടു വീരക്കല്ലുകൾക്കൊപ്പം പൂർണ്ണമായും ദ്രവിച്ച നിലയിൽ കാണപ്പെടുന്ന ഒരു ഗണപതിയുടെ കരിങ്കൽ ശിൽപവും ഉണ്ട്. വിരുത്തി മുനീശ്വരൻകാവിലും കൊട്ടയംകാട്ടിലും കൊല്ലങ്കോട് വെള്ളാന്തറയിലും കല്ലൂട്ടിയാലിലും മറ്റും കാണപ്പെടുന്ന ഗണപതിവിഗ്രഹങ്ങളിൽനിന്ന് വേറിട്ട ശിൽപഭംഗിയാണ് വിത്തനശ്ശേരിയിലെ പ്രതിഷ്ഠക്കുള്ളത്. വിവിധ കാലഘട്ടത്തിൽ വ്യത്യസ്ത ശൈലിയിലും രീതിയിലുമുള്ള ഗണപതിപ്രതിഷ്ഠകളാണ് ശിൽപികൾ രൂപകൽപന ചെയ്തിട്ടുള്ളതെന്നു മനസ്സിലാക്കാം. ക്ഷേത്രങ്ങളോടു ചേർന്നുള്ള ഗണപതിപ്രതിഷ്ഠക്കു പുറമെ കൊല്ലങ്കോട്, ഊട്ടറ, ചിറ്റൂർ തുടങ്ങിയ നിരവധി പ്രദേശങ്ങളിലെ തുറസ്സായ സ്ഥലങ്ങളിൽ ഗണപതിയുടെ വലിയ പ്രതിമകൾ സ്ഥാപിച്ചിട്ടുണ്ട്. ഗണപതിയെ പ്രധാന ആരാധനാമൂർത്തിയായി കണ്ടിരുന്ന ഒരു ജനസമൂഹം പണ്ടു മുതൽ തന്നെ നിലനിന്നിരുന്നു. അതേ സമയം, ഗണപതി ആരാധന ആനയുടെ പ്രതിരൂപമായ ആരാധനാക്രമമാണെങ്കിലും ഒരു ആനയുടെ അതേ പകർപ്പുള്ള നിരവധി പ്രതിഷ്ഠകൾ പല പ്രദേശങ്ങളിൽനിന്നും കണ്ടെടുത്തിട്ടുണ്ട്. അത്തരം കരി



വിത്തനശ്ശേരി ഗണപതിവിഗ്രഹം



തകർക്കപ്പെട്ട പ്രണാളിയും വീരക്കല്ലും

ങ്ങൾശിൽപങ്ങൾ പ്രത്യേകം വിശകലനവിധേയമാക്കേണ്ട വിഷയമാണ്.

വിത്തനശ്ശേരിയിലുള്ള അഞ്ചുമൂർത്തിശിവക്ഷേത്രത്തിലെ ശ്രീകോവിലിന്റെ പ്രവേശനകവാടത്തിൽ കരിങ്കൽ ശിൽപത്തിലെ കൊത്തുപണികൾ ശ്രദ്ധേയമാണ്. തിരശ്ചീന തലത്തിലുള്ള കരിങ്കൽപ്പാളിയുടെ മധ്യഭാഗത്ത് ഉപവിഷ്ടയായിരിക്കുന്ന ദേവീപ്രതിഷ്ഠയുണ്ട്. അതിന് ഇരുപുറവുമായി മദ്ദളം കൊട്ടിനിൽക്കുന്ന രണ്ട് ആൾരൂപങ്ങളും, നൃത്തം ചെയ്യുന്ന രണ്ട് സ്ത്രീരൂപങ്ങളും ആനയും ഉണ്ട്. ഒരു ഭരതനാട്യനർത്തകിയുടെ എല്ലാ സവിശേഷതകളും അതിൽ കാണാം. തലക്കെട്ടും ചേലയും അടയാള ആഭരണങ്ങളും അവയുടെ പ്രത്യേകതയാണ്. ആനയുടെ രൂപങ്ങൾ അലങ്കാരരീതിയിലാണുള്ളത്. അതുകൊണ്ടുതന്നെ എല്ലാ ഉത്സവമേളകളും വാദ്യഘോഷങ്ങളും നൃത്തരൂപങ്ങളും ദേവീപ്രതിഷ്ഠയും ക്ഷേത്രനിർമ്മാണകാലഘട്ടത്തിന്റെ ശിൽപചാരുതയെയും ആരാധനാരീതിയെയും സൂചിപ്പിക്കുന്നു. ഈ ക്ഷേത്രം തകർക്കപ്പെട്ടതിന്റെ ലക്ഷണം വ്യാളീമുഖത്തോടുകൂടിയ പ്രണാളി ദർശിക്കുമ്പോൾ ബോധ്യമാകും. ശ്രീകോവിലിന്റെ പ്രവേശനകവാടത്തിലെ അലങ്കാരപ്പണികൾ ചേരാപുരം ശിവക്ഷേത്രത്തിലും ഉണ്ട്.

കൊടുവായൂർ മാർക്കറ്റിനകത്തെ മന്ദത്ത് ഭഗവതിക്കാവിൽ കാണപ്പെടുന്ന ദീപസ്തംഭത്തിനു ചുറ്റിലുമുള്ള ശിൽപനിർമ്മാണം വൈവിധ്യമാർന്നതാണ്. പ്രധാന സ്ഥാനം അലങ്കരിച്ച, രാജകീയ ബന്ധമുള്ള കുടുംബാംഗമാണ് ഈ ദീപസ്തംഭം സമർപ്പിച്ചത്. നൂറ്റിപ്പത്ത് മീറ്റർ നീളവും, മുപ്പത് മീറ്റർ വീതിയുമുള്ള കരിങ്കൽസ്തൂപത്തിൽ നിരവധി ശിൽപങ്ങൾ കൊത്തിവച്ചിട്ടുണ്ട്. അതിൽ തൊഴുതുനിൽക്കുന്ന ദേവിയുടെയും നാഗദേവതയുടെയും ഹനുമാന്റെയും മറ്റും ശിൽപങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു. തലക്കുടുമയും കൈകളിലും ദേഹത്തും മറ്റും ആഭരണങ്ങൾ അണിഞ്ഞ് തൊഴുതുനിൽക്കുന്ന രൂപമാണ് ഒരു ഭാഗത്ത്. ഇത് ശ്രീകോവിലിന് അഭിമുഖമായി വരുന്ന ഭാഗമാണ്. മറ്റു മൂന്നു ഭാഗങ്ങളിലും വ്യത്യസ്തങ്ങളായ മറ്റു ശിൽപങ്ങൾ കൊത്തിവച്ചിട്ടുണ്ട്.

തൊഴുതുനിൽക്കുന്ന, രാജകീയ പ്രതാപമുള്ള മറ്റൊരു സ്ത്രീരൂപത്തിന്റെ കരിങ്കൽശിൽപവും അവിടെയുണ്ട്. ഒരു കരിങ്കൽപ്പാളിയിൽ കൊത്തിവച്ചിട്ടുള്ള ഈ സ്ത്രീരൂപത്തിന് മധ്യകാലഘട്ടത്തിലെ സ്ത്രീകളോടാണ് സാദൃശ്യം. ഇടതുഭാഗത്ത് തലക്കുടുമയും ഹാരവും അരപ്പട്ടയും ചേലയും കടകവളയുമൊക്കെ അണിഞ്ഞിട്ടുണ്ട്. ഭരതനാട്യനർത്തികിയുടെ എല്ലാ ആകാരസൗഷ്ഠവവും ഈ ശിൽപത്തിൽ പ്രകടമാണ്.

കൊടുവായൂരിൽനിന്ന് കണ്ടെത്തിയ ഒരു പുരുഷന്റെയും സ്ത്രീയുടെയും സതിക്കല്ല് മോഷണം പോയ വിവരം നേരത്തേ റിപ്പോർട്ട് ചെയ്തിരുന്നു. മുതലയുടെ കൊത്തുപണികളോടുകൂടിയ ഒരു കരിങ്കൽസ്തൂപവും അകലെയായി കണ്ടെത്തിയിട്ടുണ്ട്. ഈ പ്രതിഷ്ഠകളും ഒരു കാലഘട്ടത്തിന്റെ അധികാരപ്രതീകങ്ങളായി നിലനിന്നിരുന്നവയാണെങ്കിലും, ഇന്ന് അവിടെ പച്ചക്കറിച്ചന്തയും മീൻചന്തയും മറ്റു കച്ചവടസ്ഥാപനങ്ങളുംകൊണ്ട് നിന്നു തിരിയാൻ പറ്റാത്ത സ്ഥലമായി മാറിയിരിക്കുന്നു. ആർക്കും സ്വച്ഛമായി വന്ന് തൊഴാൻ പറ്റാത്ത സാഹചര്യമാണ് അവിടം. ദീപസ്തംഭങ്ങളും വീരക്കല്ലുകളും സതിക്കല്ലുകളുമൊക്കെ പ്രതാപത്തോടെ ശോഭിച്ചുനിന്നതിന്റെ പ്രസക്തി അതിന്റെ ഉടമസ്ഥർക്കുപോലും അറിയില്ല. ആരാണ് ഇതിന്റെയൊക്കെ യഥാർത്ഥ അവകാശികൾ എന്നുപോലും പറയാൻ പറ്റാത്ത അവസ്ഥ. അതുകൊണ്ടു തന്നെയാണ് ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന അമൂല്യങ്ങളായ ഈ കല്ലുകൾ മോഷണം പോകുമ്പോഴും അതൊരു പ്രധാന സംഭവമായി അവിടുത്തെ അന്തേവാസികൾക്കും സംസ്ഥാന പുരാവസ്തുവകുപ്പിനും തോന്നാത്തത്.

അമൂർത്തമായ സാംസ്കാരിക വൈവിധ്യത്തിന്റെ പ്രതീകങ്ങളാണ് ഈ ശിൽപങ്ങൾ. ഈ കരിങ്കൽശിൽപങ്ങൾക്ക് നൂറ്റാണ്ടുകളുടെ കാലപ്പഴക്കമുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് സംഭവിച്ച അധിനിവേശങ്ങളും ആക്രമണങ്ങളും ഈ മഹത്തായ സാംസ്കാരിക പൈതൃകത്തിന്റെ കടയ്ക്കലാണ് കത്തിവെച്ചത്. അവ തകർന്നടിഞ്ഞനിലയിൽ ദശാബ്ദങ്ങളോളം നിലകൊണ്ടു എന്നത് പ്രകൃതിയുടെ മറ്റൊരു കൗതുകം. എന്നിരുന്നാലും, അവ ഇനി എത്രകാലം ഇതേപടി നിലനിൽക്കുമെന്നത് നമുക്ക് മുമ്പിലുള്ള പ്രധാന ചോദ്യമാണ്

# പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

*നെൻമാറയിലും പല്ലാവൂരിലും പരിസരപ്രദേശത്തും കാണപ്പെടുന്ന ചരിത്രാവശിഷ്ടങ്ങളെക്കുറിച്ച്*

## മുനിയപ്പനും ചാത്തൻകാവിലമ്മയും

പാലക്കാട് ജില്ലയിലെ കരിങ്കൽ ശിൽപങ്ങൾ വ്യത്യസ്തവും വൈവിധ്യവും പുലർത്തുന്നു. പലതും പ്രധാന പാതയോടും പ്രാചീന നടവഴിയോടും ചേർന്നും, പറമ്പിലും പുറമ്പോക്കിലും കൃഷിയിടങ്ങളിലും വീട്ടുവളപ്പിലും മറ്റുമായൊക്കെയാണ് കാണപ്പെടുന്നത്. അതുകൊണ്ടുതന്നെ, അവയുടെ കൃത്യമായ കണക്കെടുപ്പും ക്രോഡീകരണവും ഏറെ ദുഷ്കരമാണ്. ഇപ്പോഴത്തെ ഉടമസ്ഥരിൽ പലരും അവയെ കുലദൈവമായോ ആരാധനാമൂർത്തിയായോ കണക്കാക്കി പൂജാദികർമ്മങ്ങൾ നടത്തുകയും പുനരാരംഭിക്കുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ, അവയിലേറെയും അവഗണിക്കപ്പെട്ടും ഉപേക്ഷിക്കപ്പെട്ടും കിടക്കുന്നു. അവയുടെ ചരിത്രമൂല്യവും സാംസ്കാരികമഹത്വവും ഉൾക്കൊണ്ടല്ല പ്രവർത്തിക്കുന്നത്. ഇതുകൊണ്ടാണ് അവയുടെ കൃത്യമായ കണക്കെടുപ്പ് പൂർണ്ണതയിലെത്താഞ്ഞതും. നമ്മുടെ സാംസ്കാരിക-പുരാവസ്തു വകുപ്പുകൾ ഗുരുതരമായ നിരുത്തരവാദിത്വം കാണിക്കുക മാത്രമല്ല, ഇത്തരം ശ്രമങ്ങളുടെ മുമ്പിൽ ബോധപൂർവ്വം കണ്ണടയ്ക്കുകയും ചെയ്യുന്നു എന്നതാണ് ദുർവ്വിധി.

പ്രാചീന തമിഴകത്തിലെ പാണ്ഡ്യനാട്ടിലും ചോഴനാട്ടിലും മറ്റും ചരിത്രപ്രാധാന്യമർഹിക്കുന്ന, ചെറുതും വലുതുമായ, പുരാവസ്തുപ്രാധാന്യമുള്ള ശിൽപങ്ങളോ സ്മാരകങ്ങളോ മാത്രമേ കാണാൻ കഴിയൂ. എന്നാൽ, പ്രാചീന ചേരനാടിന്റെ വൈവിധ്യമാർന്ന സാംസ്കാരിക സിരാകേന്ദ്രമാണ് പാലക്കാടുജില്ല എന്ന് സൂക്ഷ്മവിശകലനത്തിൽ തെളിയുന്നു. വൈവിധ്യമാർന്ന സാംസ്കാരിക വികാസ-പരിണാമഘട്ടങ്ങളെ മുൻവിധികളില്ലാതെ നോക്കിക്കാണാനും, പ്രാധാന്യത്തോടെ വിലയിരുത്താനും കൃത്യതയാർന്ന നിഗമനത്തിലെത്താനുമുള്ള ചിന്താധാര വേണമെന്നു മാത്രം. ജില്ലയുടെ തെക്കുകിഴക്കൻ മേഖലയിൽ വേരോടിയ സാംസ്കാരിക വൈവിധ്യങ്ങൾ പേരാറിന്റെ (ഭാരതപ്പുഴ) പോഷകനദികൾക്കും പ്രാധാന നദിക്കും സമാന്തരമായി വടക്കുകിഴക്കൻ ഭാഗങ്ങളിലേക്കും പടിഞ്ഞാറോട്ടുമായി വിന്യസിക്കപ്പെടുകയാണുണ്ടായതെന്ന് പ്രാദേശിക ചരിത്രപഠനത്തിലൂടെ ബോധ്യപ്പെടുന്നു.

കാലഘട്ടത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വന്നിട്ടുള്ള സാംസ്കാരിക പരിണാമ-വികാസങ്ങൾ പിന്നീട് അതതു കാലഘട്ടത്തിലെ സവിശേഷതകളോടെ വിലയിരുത്തപ്പെടേണ്ടവയാണ്. ദ്രാവിഡ-ഹൈന്ദവ ശിൽപകലകൾ വികാസം പ്രാപിക്കുന്നതിനു മുമ്പുതന്നെ ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ശിൽപകലാസംസ്കാരം ഈ പ്രദേശത്ത് ശക്തമായി വേരോടിയിരുന്നു. ബ്രാഹ്മണിസത്തിന്റെ വികാസഘട്ടത്തിലും പ്രഭാവകാലത്തും അതിനു മുമ്പുമൊക്ക ബ്രാഹ്മണേതര സംസ്കാരങ്ങളുടെ ശിൽപകലാപാരമ്പര്യം ശക്തമായി നിലനിന്നിരുന്നത് കാലാന്തരത്തിൽ വിസ്മൃതിയിലാകുകയായിരുന്നു. എ.ഡി. ഒന്നാം നൂറ്റാണ്ടിനു മുമ്പുതന്നെ ദ്രാവിഡസംസ്കൃതിയോടൊപ്പം ഹൈന്ദവസംസ്കൃതി



യുടെ ചുവടു പിടിച്ചുതന്നെ ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആശയഗതികളും ശിൽപകലാപാരമ്പര്യവും സമൂഹത്തിൽ പ്രഭാവം ചെലുത്തിയിരിക്കുന്നു. പാലക്കാടൻ ചുരത്തിനു അപ്പുറമുള്ള കൊങ്ങുനാട്ടിലും പാണ്ഡ്യനാട്ടിലും നിലനിന്നിരുന്ന സാംസ്കാരിക സവിശേഷതകൾ പാലക്കാട്ടുചുരം വഴി പ്രാചീന ചേരനാട്ടിലേക്കും സന്നിവേശിക്കുകയായിരുന്നു.

പ്രാചീന ചേരനാടിന്റെ മഹത്വം ഉദ്ഘോഷിക്കുന്ന സംഘ-സംഘകാലാനന്തര കൃതികളിൽ ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും സ്വാധീനം പ്രകടമാണ്. എ.ഡി. ഒന്നാം നൂറ്റാണ്ടിനും എട്ടാം നൂറ്റാണ്ടിനും മധ്യേയായിരുന്നല്ലോ ബ്രാഹ്മണർ യാഗ-ഹോമങ്ങളും മന്ത്രജപങ്ങളും കൊണ്ട് സമൂഹമനസ്സിൽ ചലനം സൃഷ്ടിച്ച് പ്രാമുഖ്യം നേടിയത്. അതിനിടയ്ക്കാണ് ഹൈന്ദവസംസ്കൃതിയിലില്ലാത്ത തീർത്ഥങ്കര സങ്കൽപങ്ങളും ആശയസന്ദേശവാഹകരുടെ സ്മാരകങ്ങളും കരിങ്കൽശിൽപങ്ങളായി രംഗപ്രവേശം ചെയ്തിരുന്നത്. സ്വയമേവയുള്ള ആരാധനാരീതികളും ധ്യാനത്തിനും തപസ്സിനും പ്രാധാന്യം കൊടുത്തുള്ള ദ്രാവിഡ-ഹൈന്ദവ ആരാധനാരീതിയുടെ ചുവടുപിടിച്ചുതന്നെയാണ് തീർത്ഥങ്കരൻമാരുടെയും നവസന്ദേശവാഹകരുടെയും സാന്നിധ്യം നവീന രീതിയിൽ മഹത്വവൽക്കരിക്കപ്പെട്ടത്. അത്തരം ശ്രേഷ്ഠപുരുഷൻമാർ പിന്നീട് ശിൽപരൂപങ്ങളിലൂടെ ശ്രേഷ്ഠവൽക്കരിക്കപ്പെട്ടു. എട്ടാം നൂറ്റാണ്ടിനു മുമ്പ് നിലനിന്നിരുന്ന പ്രബല സാമൂഹ്യ-സാംസ്കാരിക പ്രവണതകളായിരുന്നു ഇവയെന്നു പറയാം.

എട്ടാം നൂററാണ്ടോടെ ശക്തി പ്രാപിച്ച ബ്രാഹ്മണിസത്തിന്റെ പ്രഭാവവും ശൈവ-വൈഷ്ണവ പ്രസ്ഥാനങ്ങളുടെ ആവിർഭാവവും, അവ ചെറുതും വലുതുമായ ഭരണാധികാരികളിൽ ചെലുത്തിയ സ്വീകാര്യതയും പുത്തൻ ക്ഷേത്രനിർമ്മാണ സംസ്കൃതിക്കും ശിൽപകലാശൈലിക്കും തുടക്കം കുറിച്ചു. ഉൽകൃഷ്ടങ്ങളായ ഇത്തരം ക്ഷേത്രകലാസംസ്കാരങ്ങളുടെ ആവിർഭാവം പക്ഷേ ഒററപ്പെട്ടുകിടന്നിരുന്ന ശ്രേഷ്ഠ വ്യക്തിത്വങ്ങളുടെ മഹത്വം വിസ്മൃതിയിലാകാൻ കാരണമായി. ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ വന്ന മാറ്റം മൂലം ഒററപ്പെട്ട സ്ഥാനങ്ങളിൽ കണ്ടിരുന്ന കരിങ്കൽശിൽപങ്ങളുടെ പ്രാധാന്യവും ആരും ഓർക്കാത്ത സ്ഥിതിയുണ്ടാക്കി.

**പല്ലവചരിത്രസ്മൃതികൾ പുതഞ്ഞുകിടക്കുന്ന പല്ലശ്ശേനയിൽനിന്നും ഒരു കി.മീ വടക്കുമാറി സ്ഥിതിചെയ്യുന്ന കോട്ടമല പുരാവസ്തുശേഖരത്തിന്റെ കലവറയാണ്. ചേരരാജാക്കൻമാരുടെ പ്രതീകമായ അമ്പും വില്ലും ഉൾക്കൊള്ളുന്ന ബലിക്കല്ല് കോട്ടമലയുടെ രാജകീയബന്ധവും പ്രൗഢിയും സൂചിപ്പിക്കുന്നു.**

### നടക്കാവിലെ മുനിവര്യ പ്രതിമകൾ

നെൻമാറയിലെ ആതനാട് കുന്നിൽനിന്ന് ഏകദേശം ഒന്നര കി.മീ. വടക്കുമാറി, വിത്തനശ്ശേരി നടക്കാവിൽ തുറസ്സായ പ്രദേശത്ത് തകർന്നടിഞ്ഞ ഒരു ആരാധനാസമുച്ചയമുണ്ട്. പണ്ട് പാണ്ഡ്യനാട്ടിൽനിന്നും ചേരനാട്ടിലേക്കുള്ള പ്രധാനപ്പെട്ട ഗതാഗ







ത മാർഗ്ഗമായിരുന്ന ഇത് ഗോവിന്ദാപുരം-വടക്കഞ്ചേരി പ്രധാന നിരത്താണ് ഇന്ന്. ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും പ്രഭാവകാലത്ത് നിർമ്മിക്കപ്പെട്ടിരുന്ന നിരവധി വഴിയമ്പലങ്ങൾ ('നായപ്പെറ അമ്പലങ്ങൾ') ഇവിടെ പല ഭാഗങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്.

നടക്കാവിൽ ക്ഷേത്രാധിഷ്ഠാനത്തിന്റെ വലിപ്പത്തിൽ ഒരു കരിങ്കൽ അധിഷ്ഠാനമുണ്ട്. അതിനു മധ്യത്തിലായി 30 സെ.മി. നീളവും 20 സെ.മീ. വീതിയിലുമായി ഒരു മുനീശ്വര പ്രതിഷ്ഠയുണ്ട്. നാലു നിലകളിലുള്ള മടക്കുകളായി കൊത്തിയിട്ടുള്ള പീഠത്തിൽ വീരാസനത്തിലാണ് ശിൽപം. കറുത്തിരുണ്ട് ആകാരവടിവൊത്ത ശരീരം. മുണ്ഡനം ചെയ്ത തലയിൽ ഒരു നാട കെട്ടിയതായി തോന്നും. ഇരുചെവികളിലും കുണ്ഡലങ്ങളും, രുദ്രാക്ഷമാലകളും അണിഞ്ഞിട്ടുണ്ട്. ഇരുകൈകളിലും കേയൂരവളയും കാലുകളിൽ ചിലങ്കയും ധരിച്ചിട്ടുണ്ട്.

താമരക്കുളത്തിൽ ഉയർന്നുനിൽക്കുന്നതുപോലുള്ള, തണ്ടോടുകൂടിയ ചെന്താമരപ്പൂവിന്റെ മുകൾഭാഗത്ത് ഇടതുകാൽ വിശ്രമിക്കുന്നു. വിരുത്തിയിലെ മുനീശ്വരൻകാവിൽ രേഭ്യമുനിയുടെ മുമ്പിൽ പ്രതിഷ്ഠിച്ചിട്ടുള്ള കരിങ്കൽസ്തൂപത്തിന്റെ താഴെ കൊത്തിവച്ചിട്ടുള്ള രൂപസാദൃശ്യമാണ് ഇതിന്റെ മുഖത്തിനുള്ളത്. ഇരുകൈകളും ഉദരത്തോടു ചേർത്ത്, വിരലുകൾ കോർത്തുപിടിച്ച് പ്രാർത്ഥനാരൂപത്തിലാണ് ഇരിക്കുന്നത്.

കഴുത്തിൽ രണ്ടു നിരയിലായി രുദ്രാക്ഷമാല അണിഞ്ഞിട്ടുണ്ട്. പിൻഭാഗത്തുനിന്നും ഈ മാല വ്യക്തമായി കാണാം. തലക്കെട്ടും രുദ്രാക്ഷമാലകൊണ്ടാണ്. മൂന്നു അടുക്കുകളോടൊപ്പം നിർമ്മിച്ചിട്ടുള്ള പീഠത്തിനു മുകളിൽ മരവുരിയുടെ മുകളിലാണ് മുനീശ്വരൻ ഉപവിഷ്ഠനായിരിക്കുന്നത്. മുമ്പിലും പിന്നിലും ഞൊറിയോടുകൂടിയ ചേലയാണ് ഉടുത്തിട്ടുള്ളത്. ഇടുപ്പിനു മുകളിലുള്ള ഭാഗത്ത് വസ്ത്രം ധരിച്ചിട്ടില്ല. ഒരു യോഗീശ്വരന്റെ ആകാരസൗഷ്ഠവമുള്ള ഈ ശിൽപത്തിന്റെ നിർമ്മിതിയിൽ പരിപൂർണ്ണത കാണാം. ചതുരാകൃതിയിലുള്ള രണ്ടു പാളി കരിങ്കൽപീഠത്തിനു മുകളിലാണ് മൂന്നു നിലയുള്ള പീഠം നിർമ്മിച്ചിരിക്കുന്നത്.

ജൈനമുനിയുടെ പ്രതീകമാവാം ഈ പ്രതിഷ്ഠ. രുദ്രാക്ഷമാല അണിഞ്ഞുള്ള തലക്കെട്ടുള്ളതിനാൽ, ഇതൊരു ശൈവഭക്തന്റെ ശിൽപമാണ് എന്ന അഭിപ്രായവുമുണ്ട്. ഇതിന് രണ്ടായിരം വർഷത്തിലധികം പഴക്കമുണ്ടെന്നു കരുതപ്പെടുന്നു. ഇതുവരെയും തുറസ്സായ കരിങ്കല്ലധിഷ്ഠാനത്തിൽ പ്രതിഷ്ഠിച്ചിരുന്ന ഈ ശിൽപം മുകളിൽ മേൽക്കൂരയിട്ട് സംരക്ഷിക്കുവാൻ നാട്ടുകാർ ശ്രമിച്ചുവരുന്നു.

നടക്കാവിലെ മുനീശ്വരപ്രതിഷ്ഠയ്ക്ക് അൻപതു മീറ്റർ പടിഞ്ഞാറു മാറി കാടുപിടിച്ച് കിടക്കുന്ന ഒരു പ്രദേശമുണ്ട്. ഈ ലേഖകൻ അവിടെ നടത്തിയ ഉപരിതല പര്യവേഷണത്തിലാണ് തകർക്കപ്പെട്ടുകിടക്കുന്ന ആരാധനാ സമുച്ചയമാണിതെന്ന് ശ്രദ്ധയിൽപ്പെട്ടത്. അവിടെയുള്ള താമരക്കുളത്തിനു സമീപം മഹാശിലായുഗ സ്മാരകമായ ഒരുകൂട്ടം മെൻഹിറുകൾ (stone allinement) വൃത്താകൃതിയിലുണ്ട്.

അതിന് സമീപം, കുളക്കരയോടു ചേർന്ന് അഞ്ചു മീറ്ററിലധികം നീളവും മൂന്നു മീറ്ററോളം വീതിയും ദീർഘചതുരാകൃതിയിലുള്ള രണ്ടു വലിയ കരിങ്കൽ സ്ലാബുകളുണ്ട്. നടക്കാവിലെ പൂർണ്ണകായ മുനീശ്വരപ്രതിമയുടെ അതേ വലിപ്പത്തിലും രൂപഭാ

**കൊല്ലങ്കോട് കോവിലകംമുക്കിൽനിന്ന് അഞ്ഞൂറു മീറ്റർ വടക്കു മാറി ഗായത്രിപ്പുഴയുടെ തീരത്തെ ആലമ്പള്ളംഗ്രാമത്തിൽ സ്കൂൾവളപ്പിനകത്ത് രണ്ടു വാതിൽമാടങ്ങൾ മണ്ണിൽ പുതഞ്ഞുകിടപ്പുണ്ട്. തകർക്കപ്പെട്ട ഒരു ക്ഷേത്രസമുച്ചയമാണ് ഇവിടം. അതൊരു ശിവക്ഷേത്രമായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. ജൈനമതവുമായി ആ ക്ഷേത്രത്തിന് ആദ്യകാലത്തെ ബന്ധം ഉള്ളതായി ആ ക്ഷേത്രത്തെക്കുറിച്ചുള്ള പുരാവസ്തുവിവരണത്തിൽ പറയുന്നുണ്ട്.**

വത്തിലും തീർത്ത, തകർക്കപ്പെട്ട നിലയിലുള്ള ഒരു കരിങ്കൽ ശിൽപം അവിടെ കാണാം. ഇടുപ്പിനു താഴെവച്ചു മുറിക്കപ്പെട്ടുകിടക്കുന്ന കരിങ്കൽശിൽപത്തിന്റെ പകുതി ഭാഗം മാത്രമേ അവിടെയുള്ളൂ. ബാക്കിയുള്ള ശിരസ്സ് ഉൾക്കൊള്ളുന്ന ഭാഗിക ഭാഗം കാണുന്നില്ല. ലൈലാസനത്തിലാണ് ഇരിപ്പ്. ഇടതുകാൽ മടക്കി തൂങ്ങിക്കിടക്കുന്ന വലതുകാലിന്റെ മുട്ടിനോടു ചേർത്തുവച്ചിരിക്കുന്നു. വലതുകാൽ താമരപ്പൂവിലാണ് വിശ്രമിക്കുന്നത്. അരക്കെട്ടിൽ രണ്ടു നിരയിലായി അരമണി കെട്ടിയതുപോലുള്ള ചിത്രമാണ് കൊത്തിവച്ചിട്ടുള്ളത്. കാൽത്തളയണിഞ്ഞിട്ടുണ്ട്. മൂന്നു അടുക്കുകളായുള്ള പീഠത്തിനു മുകളിലാണ് ഈ ശിൽപവും സ്ഥിതിചെയ്യുന്നത്. അരയ്ക്കു മുകളിലുള്ള ബാക്കിഭാഗം കുളത്തിലോ മറ്റോ ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുമെന്നു കരുതുന്നു. കരിങ്കൽപ്പാളിയിൽ ചതുരംഗം കളിക്കാനായി ഉപയോഗിച്ചിരിക്കാവുന്ന പതിനെട്ടു കള്ളികളിൽ രണ്ടു ശിലാരേഖാചിത്രങ്ങൾ കൊത്തിവച്ചിട്ടുണ്ട്. തൃകോണാകൃതിയിൽ നാലു വരകളും ചന്ദ്രക്കലാരീതിയിൽ നാലു വരകളും കൊത്തി അഞ്ച് ചതുരക്കള്ളികൾ വീതമുള്ള മൂന്നു ഭാഗങ്ങളും ത്രികോണാ കൃതിയിലുള്ള മൂന്നു കോളങ്ങളുമാണ് കാണുന്നത്. താമരപ്പൂവ് കരിങ്കൽപ്പാളിയിൽ കൊത്തിവച്ചിട്ടുണ്ട്; മറ്റൊരു സ്ലാബിൽ ഒരു മുതലയുടെ ചിത്രവും.

കൊങ്ങുനാട്ടിൽനിന്നും പാണ്ഡ്യനാട്ടിൽനിന്നും ചേരനാട്ടിലെ മുസിരിസ് തുറമുഖത്തിലേക്കുള്ള ഗതാഗതം ഈ വഴിക്കായിരുന്നു. അതുകൊണ്ടുതന്നെ, തലച്ചുമടായും കാളപ്പുറത്തും കഴുതപ്പുറത്തും സാധനങ്ങൾ കൊണ്ടു പോകുന്ന കച്ചവടക്കാർക്ക് ഇതൊരു വഴിയോരവിശ്രമസങ്കേതവും ആരാധനാകേന്ദ്രവുമാവാനിടയു ണ്ട്. ഇത്തരം വിശ്രമവേളയിൽ സമയം പോകാനായിരിക്കും ചതുരംഗക്കളങ്ങൾ കൊത്തിവച്ചത്. അന്നത്തെക്കാലത്ത് പ്രധാനപ്പെട്ട കച്ചവടവിഭാഗക്കാർ ജൈനമതത്തിലെയും ബുദ്ധമതത്തിലെയും കച്ചവടവിഭാഗക്കാരായിരുന്നു. പ്രാചീന കച്ചവടമാർഗ്ഗങ്ങൾക്കു സമാന്തരമായി നിരവധി വഴിയമ്പലങ്ങൾ സ്ഥാപിച്ചിരുന്നു. പടയോട്ടത്തിന്റെ പ്രത്യാഘാതം ഈ പൗരാണിക കേന്ദ്രത്തെയും തകർത്തുകളഞ്ഞു.

**അഗസ്ത്യഗിരിമൂക്കരശൻ**



**കുന്നിലെ കരിങ്കൽ ശിൽപം**

ചേരാപുരത്തുനിന്ന് അൽപം മാറി മുടിപ്പറമ്പിൽ നൂറു മീറ്ററോളം ഉയർന്നിരിക്കുന്ന അഗസ്ത്യഗിരി എന്ന് (മൂക്കരശൻകുന്ന് എന്ന പേരിലും) അറിയപ്പെടുന്ന ഒരു കുന്നിന്റെ മുകളിൽ പൂർണ്ണമായും തകർക്കപ്പെട്ടു കിടക്കുന്ന ഒരു ക്ഷേത്രസങ്കേതം കാണാം. അവിടെ എഴുപത് സെ.മീ. ഉയരവും അത്രതന്നെ വീതിയുമുള്ള ഒരു കരിങ്കൽശിൽപം ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുന്നുണ്ട്. ശരീരവും മുഖഭാവവും പൂർണ്ണമായും ദ്രവിച്ചിരിക്കുന്നു. ധ്യാനാവസ്ഥയിലുള്ള രൂപം. കൈകൾ രണ്ടും കോർത്ത് മടിയിൽ വച്ചിരിക്കുന്ന രൂപമാണിതിന്. മുകളിലേക്കു കയറിപ്പോകാൻപാകത്തിൽ പടികൾ കാണാം. 'അരചൻ' എന്ന പദം ലോപിച്ചാണ് മൂക്കരശൻ എന്ന പേരു വന്നത്. ജൈനമതവുമായോ ബുദ്ധമതവുമായോ ബന്ധമുള്ള ആരാധനാ കേന്ദ്രമായതിനാലാണ് അഗസ്ത്യ ഗിരി എന്നും മൂക്കരശൻകുന്ന് എന്നും ഇത് അറിയപ്പെടുന്നത്. മഹാശിലായുഗസ്മാരകങ്ങളും തകർക്കപ്പെട്ട ക്ഷേത്രസമുച്ചയവും, ഉപേക്ഷിക്കപ്പെട്ട വിഗ്രഹവുമൊക്കെ രണ്ടായിരം വർഷത്തിന്നപ്പുറത്തെ ചരിത്രസന്ധിയിലേക്ക് ഈ പ്രദേശത്തെ കൊണ്ടുപോകുന്നു.

**ചാത്തൻകാവിലമ്മയും മഴൂർ ഭഗവതിപ്രതിഷ്ഠകളും**

കരിപ്പോടുനിന്നും പടിഞ്ഞാറോട്ടു മാറി പല്ലശ്ശേനയിലേക്കുള്ള പാതയിൽ പൂർണ്ണമായും തകർക്കപ്പെട്ടു കിടക്കുന്ന ഒരു കരിങ്കൽനിർമ്മിത ക്ഷേത്രത്തിന്റെ അധിഷ്ഠാനത്തിനു മുകളിൽ ഒരു ദുർഗ്ഗാപ്രതിഷ്ഠയുണ്ട്. 'ചാത്തൻകാവിലമ്മ' എന്നാണ് ഈ പ്രതിഷ്ഠ അറിയപ്പെടുന്നത്. പീഠത്തിനു മുകളിൽ പ്രതിഷ്ഠിച്ചിട്ടുള്ള പ്രതിഷ്ഠയുടെ തല അറുത്തുമാററിയ നിലയിലാണ്. ഇടതു കൈ ഇടുപ്പിൽ കുത്തിയ നിലയിലും വലതു കൈ താഴേക്കു മലർത്തി അഭയം ചൊരിയുന്ന വിധവുമാണ് ശിൽപനിർമ്മാണം. ഇടതുകൈകളിൽ കടകവളയും തോൾവളയും കാണാം; ഇടുപ്പിനു താഴെ ചേലയും അരഞ്ഞാണവും. വക്ഷസ്സ് വളരെ വ്യക്തമായി കൊത്തിവച്ചിരിക്കുന്നു. വലിയ ചതുരാകൃതിയിലുള്ള ഒറ്റക്കല്ലിൽ അറുപത് സെ.മീ.നീളത്തിലും അൻപത് സെ.മീ വീതിയിലുമാണ് ഇപ്പോൾ കാണപ്പെടുന്ന മുറിഞ്ഞ ഉടൽഭാഗത്തിനുള്ളത്. വ്യാപകമായി ക്ഷേത്രധ്വംസനവും വിഗ്രഹധ്വംസനവും നടന്നതിന്റെ വ്യക്തമായ തെളിവുകളുണ്ട്. ചാത്തിയോട്, ചാത്തൻപാറ, ചാത്തൻ കാവിലമ്മ എന്നീ പേരുകളിലുള്ള സ്ഥലനാമങ്ങൾ പ്രാചീന ദേവീപ്രതിഷ്ഠയെ സൂചിപ്പിക്കുന്നു.

ചാത്തൻകാവിലമ്മ പ്രതിഷ്ഠ കാണപ്പെടുന്ന സ്ഥലത്തുനിന്ന് ഒരു കി.മീ. തെക്കുമാറി സ്ഥിതിചെയ്യുന്ന നവിഞ്ചിക്കോട്ടിൽ തകർക്കപ്പെട്ടുകിടക്കുന്ന ഒരു ക്ഷേത്രസമുച്ചയവും ഉപേക്ഷിക്കപ്പെട്ട നിലയിൽ ചില കരിങ്കൽ ശിൽപങ്ങളും ഉണ്ട്. അവിടെ 'മഴൂർ ഭഗവതി കാവിലമ്മ' എന്ന



പേരിൽ മൂന്നു കരിങ്കൽപ്രതിഷ്ഠകൾ ഒരു മരത്തിന്റെ ചുവട്ടിൽ വച്ചിട്ടുണ്ട്. കാലഭൈരവന്റേതെന്നു കരുതപ്പെടുന്ന പൂർണ്ണകായ പ്രതിമയും മററ് രണ്ട് വീരക്കല്ലുകളുമാണ് അവിടെയുള്ളത്. ക്ഷേത്രം തകർക്കപ്പെട്ടതിനു ശേഷം വിഗ്രഹങ്ങൾ മാററിവച്ചിരിക്കാനുള്ള സാധ്യതയുണ്ട്. സമീപത്തെ കല്ലാടി ഭഗവതിക്കാവിൽ ദേവീപ്രതിഷ്ഠയും നാഗദേവതയും കാണാം.

**കോട്ടമല**

പല്ലവചരിത്രസ്മൃതികൾ പുതഞ്ഞുകിടക്കുന്ന പല്ലശ്ശേനയിൽനിന്നും ഒരു കി.മീ വടക്കുമാറി സ്ഥിതിചെയ്യുന്ന കോട്ടമല പുരാവസ്തു ശേഖരത്തിന്റെ കലവറയാണ്. ഉയർന്നുനിൽക്കുന്ന മൂന്നുറോളം കരിമ്പാറകളുള്ള കോട്ടമലയുടെ മുകളിലുള്ള കരിങ്കൽക്ഷേത്രം പൂർണ്ണമായും തകർന്നിരുന്നു. അടുത്ത കാലത്താണ് ഇവിടെ പുനരുദ്ധാരണം നടന്നത്. ചേരരാജാക്കൻമാരുടെ പ്രതീകമായ അമ്പും വില്ലും ഉൾക്കൊള്ളുന്ന ബലിക്കല്ല് കോട്ടമലയുടെ രാജകീയ ബന്ധവും പ്രൗഢിയും സൂചിപ്പിക്കുന്നു. ഇപ്പോൾ അയ്യപ്പന്റെ സങ്കൽപത്തിലാണ് ആരാധനയെങ്കിലും, തകർക്കപ്പെടുന്നതിനു മുമ്പ് മററു ആരാധനാമൂർത്തികളുടെ ബിംബങ്ങൾ അവിടെ ഉണ്ടായിരുന്നു.

കാൽപാദങ്ങൾ, ശംഖ്, ചക്രം എന്നിവയുടെ ശിലാചിത്രങ്ങളും വൈവിധ്യമാർന്ന പുരാവസ്തു തെളിവുകളും അവിടെ ധാരാളമുണ്ട്. പാറപ്പുറത്തു കുഴിച്ചിട്ടുള്ള കിണറിനകത്ത് ബ്രഹ്മാവിന്റെ കരിങ്കൽ ശിൽപം കൊത്തിവച്ചിട്ടുണ്ട്. പ്രാചീന ലിപിയിൽ കുറിച്ച ഒരു ശിലാലിഖിതം അവിടെയുണ്ടെന്നു പഴമക്കാർ പറയുന്നുണ്ടെങ്കിലും പുനരുദ്ധാരണ വേളയിൽ അത് മൺമറഞ്ഞുപോയിരിക്കുന്നു. കോട്ടമലയിലെ കരിങ്കൽ നിർമ്മിത ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ പല ഭാഗങ്ങളിലും കാണാം. അരയ്ക്കു താഴെവച്ച് മുറിക്കപ്പെട്ട നിലയിൽ ഒരു കരിങ്കൽ ശിൽപം ഇപ്പോഴും അവിടെ ഉപേക്ഷിച്ച നിലയിൽ കിടക്കുന്നുണ്ട്. രാജകീയ പ്രൗഢിയുള്ള ശിൽപം പുരുഷന്റേതാണോ സ്ത്രീയുടേതാണോ ദുർഗ്ഗാദേവിയുടേതാണോ എന്നു തീർത്തു പറയാൻ കഴിയുന്നില്ല. തുടഭാഗത്തിനോടു ചേർന്ന്, ഞൊറിയോടുകൂടിയ പുടവയാണ് ധരിച്ചിട്ടുള്ളത്. അരയിൽ മൂന്നു നിരകളുള്ള അരഞ്ഞാണം കാണാം. മുൻഭാഗത്ത് തൂങ്ങിനിൽക്കുന്ന കെട്ടോടുകൂടിയ അരഞ്ഞാണം അരക്കെട്ടിന്റെ ഭാഗത്തേക്ക് എത്തുമ്പോഴേക്കും വീതികുറഞ്ഞുവരുന്ന അവസ്ഥയിലാണ്.

കാൽപാദങ്ങളും മുറിച്ചുമാററിയ അവസ്ഥയിലാണ്. ഇവിടെ കണ്ടെത്തിയ വിഗ്രഹങ്ങളെല്ലാം ഇടുപ്പിനു താഴെവച്ച് രണ്ടായി മുറിച്ചും, തലയും ഉടലും വെട്ടിമാറ്റിയതുമായ അവസ്ഥയിലാണ് കാണപ്പെടുന്നത്. ടിപ്പുവിന്റെ കാലത്താണ് ഏററവും ഒടുവിലത്തെ ആക്രമണം ഈ പ്രദേശത്ത് ഉണ്ടായത്. അതുകൊണ്ടുതന്നെ, "ടിപ്പുസുൽത്താന്റെ നേതൃത്വത്തിലുള്ള പടയോട്ടത്തിൽ വിഗ്രഹധ്വംസനം നടന്നിട്ടില്ല" എന്ന വാദം പൊളിയുന്നു. ഈ വിഗ്രഹവും ക്ഷേത്രാവശിഷ്ടങ്ങളും പുരാവസ്തു തെളിവുകളും സമീപത്തെ

പാറപ്പുറത്തുള്ള കുളത്തിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയിട്ടുണ്ട്. മുറിഞ്ഞ അവശിഷ്ടങ്ങൾ കുന്നുകൂട്ടിയ നിലയിലാണ്.

കോട്ടമലയുടെ താഴ്‌വരയിൽ പ്രാചീനത തുടിക്കുന്ന, കരിങ്കല്ലിൽ തീർത്ത ദുർഗ്ഗാദേവിയുടെ ഒരു ശിൽപമുണ്ട്. നാൽപത്തിയഞ്ചു ഡിഗ്രി ചരിഞ്ഞ രീതിയിലുള്ള ശിൽപം വലിയ ഒരു കരിങ്കൽസ്ലാബിലാണ് കൊത്തിവച്ചിട്ടുള്ളത്. തലയിൽ കിരീടമുണ്ട്. മുഖഭാവം വ്യക്തമല്ല. ശരീരാവയവങ്ങൾ വ്യക്തമായി കാണുന്നില്ല. കൈകൾ മുറിഞ്ഞ അവസ്ഥയിലാണ്. കറുത്ത ശിലയിലാണ് അവ നിർമ്മിച്ചിരിക്കുന്നത്.

സംസ്ഥാന പുരാവസ്തു വകുപ്പ് കോട്ടമലയിൽ നടത്തിയ ഉൽഖനനത്തിൽ നിരവധി പീരങ്കിയുണ്ടകൾ കണ്ടെത്തിയിരുന്നു. ചെറുതും വലുതുമായ വെടിയുണ്ടകളുടെ വലിയൊരു ശേഖരം അവിടെത്തന്നെ സൂക്ഷിച്ചു വച്ചിട്ടുണ്ട്. ഹൈദരലിയുടെയും ടിപ്പുസുൽത്താന്റെയും മലബാർ ആക്രമണവേളയിൽ പ്രധാനപ്പെട്ടൊരു യുദ്ധത്താവളമായിരുന്നു കോട്ടമലയെന്ന് പഴമക്കാർ പറയുന്നു. കാക്കയൂർപോലുള്ള സമീപ ക്ഷേത്രങ്ങളിൽ ടിപ്പുസുൽത്താൻ നടത്തിയ ആക്രമണത്തെക്കുറിച്ചുള്ള കഥകൾ പ്രചാരത്തിലുണ്ട്.

**നന്ദിയുടെ ശിൽപരൂപങ്ങൾ**

പുനരുദ്ധാരണം നടന്ന ക്ഷേത്രത്തിനോടു ചേർന്നാണ് നന്ദിയുടെ കരിങ്കൽശിൽപങ്ങൾ കാണുന്നത്. ശിവക്ഷേത്രത്തിൽ നന്ദികേശന്റെ പ്രതീകമായ നന്ദിയുടെ രൂപം കാണാം. വിരുത്തിയിലെ മുനീശ്വരൻ കാവ്, ചേരാപുരം, വേമ്പത്ത് ശിവക്ഷേത്രം, പൂമുള്ളിമന തളിക്ഷേത്രം തുടങ്ങിയ നിരവധി ക്ഷേത്രങ്ങളിൽ നന്ദിശിൽപങ്ങളുണ്ട്.കർണ്ണാടകയിലെയും തമിഴ്നാട്ടിലെയും ശിവക്ഷേത്രങ്ങളിലും ഇത്തരം നന്ദിശിൽപങ്ങൾ കാണാം.

ഇവിടെ കാണുന്ന നന്ദിയുടെ രൂപത്തിലുള്ള വ്യത്യാസം വിവിധ കാലയളവിലാണ് അവയുടെ നിർമ്മാണഘട്ടം എന്ന് സൂചിപ്പിക്കുന്നു. നന്ദിയുടെ കഴുത്തിലും ദേഹത്തും ആരണങ്ങളുണ്ട്. ചിലതിൽ മുതുകിൽ അലങ്കരിച്ച വസ്ത്രം പുതപ്പിച്ചിരിക്കുന്നു. മററു ചിലതിൽ വസ്ത്രവും ആഭരണങ്ങളും കാണുന്നില്ല. മുൻകാലുകൾ രണ്ടും മടക്കിവച്ച് വിശ്രമിക്കുന്ന നിലയിലാണ് കാളക്കുട്ടന്റെ കിടപ്പ്. ചില നന്ദിയുടെ തലയിൽ ചെറിയ കൊമ്പുകൾ കാണാം. ശൈവമതം ശക്തി പ്രാപിച്ച ഘട്ടത്തിൽ നിർമ്മിച്ച ശിവക്ഷേത്രങ്ങളുടെ മുൻഭാഗത്താണ് നന്ദിശിൽപം. വിരുത്തിയിൽ പ്രാണാളിയോട് ചേർന്ന് താഴെ നന്ദി കാണപ്പെടുന്നു. ചില നന്ദികൾ ദ്രവിച്ച നിലയിലും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലുമാണ്. ചിലത് പുനരുദ്ധാരണവേളയിൽ മാറ്റി പ്രതിഷ്ഠിച്ചിട്ടുള്ളതിന്റെ സൂചനകളുണ്ട്. ചേരാപുരത്തിലെ നന്ദി ഒരുദാഹരണം.

**ബലിക്കല്ലിലെ ശിൽപങ്ങൾ**

ക്ഷേത്രനിർമ്മിതിയിൽ ബലിക്കല്ലുകളുടെ പ്രസക്തി ഏറെയാണ്. ശ്രീകോവിലിന്റെ എല്ലാ സവിശേഷതകളും ആവാഹിച്ചെടുത്ത് ബലിക്കല്ലിൽ സമന്വയിച്ചിരിക്കുന്നു എന്നാണ് പറയപ്പെടുന്നത്. ബലിക്കല്ലുകളുടെ വലിപ്പവും ക്ഷേത്രമഹത്വവും തമ്മിൽ ബന്ധമുണ്ട്. ഇത്തരം ബലിക്കല്ലിന്റെ മുകളിലായി ചില മനുഷ്യരുടെ മുഖങ്ങൾ കൊത്തിവച്ചിരിക്കും. 'കൂട്' എന്നാണ് ഇവ അറിയപ്പെടുന്നത്. ചേരാപുരം, കാച്ചാംകുറിശ്ശി, കോട്ടമല, തേനാരി തുടങ്ങിയ നിരവധി ക്ഷേത്രങ്ങളിലെ ബലിക്കല്ലുകളിൽ ഇത്തരം ശിൽപങ്ങളുണ്ട്. 2.10 മീറ്റർ ഉയരവും 1.30 മീറ്റർ വീതിയുമുള്ള കാച്ചാംകുറിശിക്ഷേത്രത്തിലെ കൂറ്റൻ ബലിക്കല്ലിൽ ഇത്തരം മനുഷ്യരൂപങ്ങൾ വളരെ വ്യക്തമായി സൃഷ്ടിച്ചിട്ടുണ്ട്. ഓരോന്നിനും വ്യത്യസ്ത മുഖഭാവമാണുള്ളത്. ദ്രാവിഡരീതിയിലുള്ള മുഖവുമായാണ് ഇവയ്ക്ക് സാദൃശ്യം. കട്ടിമീശയും പുരികവും ഉറച്ച പേശീബലവുമുള്ളവരുടെ മുഖലക്ഷണമാണ് ഇവയ്ക്ക് ഓരോന്നിനുമുള്ളത്. മറ്റു ക്ഷേത്രങ്ങളിലെ ശിൽപങ്ങൾക്കും ഏതാണ്ട് ഇതേ തനിമയാണുള്ളത്. അതുകൊണ്ടു തന്നെ, ബലിക്കല്ലുകളിലെ 'കൂടു'കളുടെ നിർമ്മിതിയിൽ ശിൽപകലാ സാദൃശ്യം വ്യക്തമാണ്. ബലിക്കല്ലിന്റെ മുകളിലെ പാളിയോടു ചേർന്നാണ് ഇവ കൊത്തിവച്ചിട്ടുള്ളത്. കൂടുകളുടെ നിർമ്മാണസാംഗത്യം എന്താണെന്നു മനസ്സിലായിട്ടില്ല. അവ ക്ഷേത്രനിർമ്മാണശിൽപികളോ അഷ്ടദിക്പാലകരോ ആണെന്ന സങ്കൽപം പഠന വിധേയമാക്കേണ്ടതാണ്.

**ദ്വാരപാലകൻമാർ**


പ്രധാനപ്പെട്ട പ്രാചീനക്ഷേത്രങ്ങളിലും പിന്നീട് നിർമ്മിച്ച ക്ഷേത്രങ്ങളിലും കരിങ്കൽ നിർമ്മിത ദ്വാരപാലകരുണ്ട്. ക്ഷേത്രപ്രതിഷ്ഠകളേക്കാൾ വലിപ്പവും ശിൽപവൈവിധ്യവും ദ്വാരപാലകരുടെ രൂപകൽപനയിൽ കാണാം. വിരുത്തി, കാച്ചാംകുറിശി പോലുള്ള പല പ്രധാനപ്പെട്ട ശിവക്ഷേത്രങ്ങളിലും വിഷ്ണുക്ഷേത്രങ്ങളിലും ഇവയുണ്ട്. പാലക്കാടുജില്ലയിലെ പല പ്രമുഖ ക്ഷേത്രങ്ങളിലും ആയുധമേന്തി നിൽക്കുന്ന ദ്വാരപാലകശിൽപങ്ങൾ കാണാം.

കൊല്ലങ്കോട് കോവിലകംമുക്കിൽ നിന്ന് അഞ്ഞൂറു മീറ്റർ വടക്കു മാറി ഗായത്രിപ്പുഴയുടെ തീരത്തെ ആലമ്പള്ളംഗ്രാമത്തിൽ സ്കൂൾവളപ്പിനകത്ത് രണ്ടു വാതിൽമാടങ്ങൾ (Door Jams) മണ്ണിൽ പുതഞ്ഞു കിടപ്പുണ്ട്. തകർക്കപ്പെട്ട ഒരു ക്ഷേത്രസമുച്ചയമാണ് ഇവിടം. തകർന്നടിഞ്ഞ ക്ഷേത്രത്തിന്റെ ചില തെളിവുകൾ അവിടെയുണ്ട്. അതൊരു ശിവക്ഷേത്രമായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. 2.30 മീറ്റർ ഉയരവും 0.40 മീറ്റർ വീതിയുമുള്ള രണ്ടു സ്തംഭങ്ങളിൽ നാലു പാനലോടുകൂടിയ ചിത്രങ്ങൾ കൊത്തിവച്ചിട്ടുണ്ട്. മൈസൂരിലുള്ള മഹാബലേശ്വർ ക്ഷേത്രത്തിലെ പ്രവേശനകവാടത്തിൽ ഇതേ മാതൃകയിലുള്ള വലിയ വാതിൽമാടങ്ങൾ ഉണ്ട്. ജൈനമതവുമായി ആ ക്ഷേത്രത്തിന് ആദ്യകാലത്തെ ബന്ധം ഉള്ളതായി ആ ക്ഷേത്രത്തെക്കുറിച്ചുള്ള പുരാവസ്തുവിവരണത്തിൽ പറയുന്നുണ്ട്. അതേ ശിൽപസാദൃശ്യമുള്ള ആലമ്പള്ളത്തെ ക്ഷേത്രം മൈസൂർ രാജാവിനാൽത്തന്നെ തകർക്കപ്പെട്ടു എന്നത് വിധിവൈപരീത്യം. തൊട്ടടുത്തുള്ള മൂന്നു ക്ഷേത്രങ്ങളും പരിപൂർണ്ണമായും തകർക്കപ്പെട്ടു കിടക്കുന്നുണ്ട്. ഗംഗാരാജവംശത്തിന്റെ ശിൽപകലാസ്വാധീനവും, രാമസങ്കൽപത്തിലുള്ള ശിൽപനിർമ്മാണരീതിയും ഇവിടെ മൺമറഞ്ഞുകിടക്കുന്നു. ആഭരണവും കിരീടവുമണിഞ്ഞ് നൃത്തം ചെയ്തുനിൽക്കുന്ന രൂപമാണ് ശിൽപത്തിന്. വൃത്താകൃതിയിലുള്ള ശിൽപരൂപത്തിനകത്ത് ദേവീപ്രതിഷ്ഠകളും കൊത്തിവച്ചിട്ടുണ്ട്. രണ്ടു വാതിൽമാടങ്ങളും ഒരേ വലിപ്പത്തിലും ആകൃതിയിലും ശിൽപരീതിയിലുമാണ് രൂപകൽപന ചെയ്തിട്ടുള്ളത്. അനാഥപ്രേതംപോലുള്ള നിരവധി ക്ഷേത്രാവശിഷ്ടങ്ങൾ മൺമറഞ്ഞുകിടക്കുന്നതുപോലെ, ഈ വാതിൽ മാടങ്ങളും ഉപേക്ഷിക്കപ്പെട്ട നിലയിൽ സ്കൂളിലെ കുട്ടികളുടെ പാദസ്പർശങ്ങളേറ്റു കിടക്കുന്നു

# പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

## ശൈശവം തീരാത്ത കലാപഠനം



ഭാരതീയ ചരിത്രകാരൻമാരേക്കാൾ വിദേശ ചരിത്രപണ്ഡിതൻമാരാണ് വീരക്കല്ലുകളുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിഞ്ഞ് ആദ്യകാലങ്ങളിൽ ഗൗരവമായ പഠനം നടത്തിയിരുന്നത്. എച്ച്. സി. വാൽഷ്, ഹെൻറി വൈററ്ഹെഡ്, വോഗൽ തുടങ്ങിയവർ ഉദാഹരണം. ആധ്യാത്മിക പശ്ചാത്തലത്തിന്റെയും അർപ്പണമനോഭാവത്തിന്റെയും പ്രതിഫലനങ്ങളാണ് ഇത്തരം വീരക്കല്ലുകൾ സ്ഥാപിക്കുന്നതിന്റെ മനഃശാസ്ത്രമെന്ന് അവർ നിരീക്ഷിച്ചു. ജി.ഗോപാലകൃഷ്ണൻ മൂർത്തിയും ആർ.നാഗസ്വാമിയും ഭാരതത്തിലെ ശിൽപകലാപാരമ്പര്യത്തെക്കുറിച്ച് ഗഹനങ്ങളായ പഠനം നടത്തിയവരാണ്. കല്ലിൽനിന്നു വിരിയിച്ചെടുക്കുന്ന ശിൽപകലയെക്കുറിച്ചുള്ള വിവരണത്തെയും ആരാധനാസംവിധാനത്തെയും കുറിച്ച് അവർ പഠനം നടത്തിയിട്ടുണ്ട്. എസ്.സെററർ, ജ്യോതീന്ദ്രജെയ്ൻ എന്നിവർ വീരക്കല്ലുകളെക്കുറിച്ച് പഠിച്ചത് മറ്റൊരു ദിശയിലൂടെയാണ്. ചില പ്രത്യേക വംശീയവിഭാഗങ്ങളുടെ ജീവിത സംസ്കാരവുമായി ബന്ധിപ്പിച്ചാണ് ഇവർ വിശകലനം നടത്തിയിരുന്നത്. ബി.പി.ചതോപാധ്യായ, കെ.കെ. എൻ.കുറുപ്പ്, എം.എൻ.കെ. മൂർത്തി എന്നിവർ സാമൂഹ്യ-സാമ്പത്തിക നവീകരണത്തെയും കേന്ദ്രീകരണത്തെയും കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.



എന്നാൽ, കേരളത്തിലെ കരിങ്കൽ ശിൽപകലയെയും വീരക്കല്ലുകളെയും കുറിച്ചുള്ള പഠനം ഇന്നും ശൈശവദശയിൽതന്നെയാണ്. ആരാധനയുമായി ബന്ധപ്പെട്ട കരിങ്കൽ ശിൽപങ്ങളെക്കുറിച്ച് ചില പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വീരക്കല്ലുകളെകുറിച്ചുള്ള പഠനം നാളിതുവരെയും വയനാട്ടിൽ മാത്രമായി ഒതുങ്ങുകയായിരുന്നു. എന്നാൽ, വയനാട്ടിലെ വീരക്കല്ലുകൾക്ക് പതിനേഴാം നൂററാണ്ടിന്റെ (1718 ) ചരിത്രപ്രാധാന്യം മാത്രമാണ് ചരിത്രകാരൻമാർ നൽകിയിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ വീരക്കല്ലുകളെക്കുറിച്ചുള്ള കാര്യമായ പഠനം അടുത്തയിടെ മാത്രമാണ് ഉണ്ടായിട്ടുള്ളത്. മററു ജില്ലകളിൽനിന്ന് എടുത്തുപറയത്തക്കവിധമുള്ള വീരക്കല്ലുകൾ കണ്ടെത്താനും കഴിഞ്ഞിട്ടില്ല. പൊതുവെ, രാജകീയ ബന്ധമുള്ള ഭരണം കൈയാളുന്ന അധികാരപരിധിയിലുള്ളവർ, അടുത്ത ബന്ധുക്കൾ, സാമൂഹ്യപ്രമുഖർ, വീരപുരുഷൻമാരുടെ കുടുംബാംഗങ്ങൾ എന്നിവരാണ് മരിച്ച വീരപുരുഷൻമാരുടെ സ്മാരകങ്ങൾ സ്ഥാപിക്കുന്നതിന് നേതൃത്വം കൊടുക്കുക. സംഘകാല കൃതികളായ തൊൽകാപ്പിയം, പുറനാനൂറ്, അകനാനൂറ്, പുറപ്പാട്, വെൻപാമാലൈ എന്നിവയിലൊക്കെ വീരക്കല്ലുകൾ സ്ഥാപിക്കുന്ന രീതിയെക്കുറിച്ച് വ്യക്തമായ പരാമർശങ്ങളുണ്ട്. വീരക്കല്ലുകൾക്കു മുന്നിൽ മൃഗങ്ങളുടെയും മനുഷ്യരുടെയും കളിമൺ ശിൽപങ്ങൾ അർപ്പിച്ചുവരുന്ന പാരമ്പര്യം ചില ഭാഗങ്ങളിൽ കാണാം. ഭക്തരുടെ പ്രതിജ്ഞ പാലിക്കാനും പ്രാർത്ഥനാ സാഫല്യത്തിനും വേണ്ടി മാത്രമാണ് ഇത്തരം അർപ്പിക്കലുകൾ.

രാഷ്ട്രീയം, സാമൂഹ്യം, മതം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജീവത്യാഗം ചെയ്തവരുടെ സ്മരണാർത്ഥമാണ് വീരക്കല്ലുകളും പ്രതിഷ്ഠകളും സ്ഥാപിക്കാറുള്ളതെന്ന് നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആദിമചരിത്ര കാലഘട്ടം മുതൽ തന്നെ ദക്ഷിണേന്ത്യയിൽ വീരക്കല്ലുകൾ സ്ഥാപിച്ചിരുന്നതിന് നിരവധി ഉദാഹരണങ്ങൾ കാണാം. മഹാശിലായുഗകാലത്തെ 'നടുകൽ' (മെൻഹിർ) വീരക്കല്ലുകളുടെ ആദ്യകാല പ്രതിരൂപമാണ്. സാമൂഹിക പ്രാമാണിത്വം വഹിച്ചിരുന്ന ഗോത്രത്തലവൻമാരുടെയോ സാമൂഹ്യപ്രമാണിമാരുടെയോ മരണാനന്തര പ്രതീകമായാണ് ഇത്തരം സ്മാരകങ്ങളെന്ന് സംഘംകൃതികളിൽനിന്ന് വ്യക്തമാണ്. ഈ സംസ്കാരങ്ങൾ പിന്നീട് ആദിചരിത്രകാലത്തിലും മധ്യചരിത്രകാലഘട്ടത്തിലും പൂർവ്വചരിത്ര കാലഘട്ടത്തിലും പൂർണ്ണതയാർന്ന മനുഷ്യരൂപ പ്രതിമകളായി സ്ഥാപിക്കുകയായിരുന്നു.

ഇത്തരം മനുഷ്യരൂപശിൽപങ്ങളുടെ ചരിത്രപശ്ചാത്തലം പരിശോധിച്ചാൽ, അവരുടെ ജീവത്യാഗത്തിന് എന്തെങ്കിലുമൊരു ദിവ്യഹേതു ഉണ്ടെന്നു കാണാം. അവരുടെ വീരപ്രവൃത്തികൾ ലിഖിതരൂപത്തിലാക്കപ്പെട്ടില്ലെങ്കിലും അവ കരിങ്കല്ലിൽ രൂപകൽപന ചെയ്യപ്പെടുകയായിരുന്നു. അപൂർവ്വമായ ചില ശിലാലിഖിതങ്ങളും ചില വീരക്കല്ലുകളുടെ പശ്ചാത്തലത്തിൽ കാണാറുണ്ട്. തലമുറകൾ കൈമാറിയ വിശ്വാസങ്ങളും ധീരപ്രവൃത്തികളും ചില വീരക്കല്ലുകളിൽ പ്രതിഫലിക്കുന്നുണ്ട്. സമൂഹത്തിനു വേണ്ടിയുള്ള അവരുടെ ജീവത്യാഗം സമൂഹത്തിൽ അംഗീകരിക്കപ്പെട്ടതും പ്രകീർത്തിക്കപ്പെട്ടതുമാണ്. അവരുടെ ധീരമൃത്യുവിന്റെ ഫലമായി മരണാനന്തരം സ്വർഗ്ഗത്തിലെത്തുന്നു എന്ന സങ്കൽപമാണുള്ളത്. പ്രദേശവാസികൾ അത്തരം വീരപ്രവൃത്തികൾക്ക് പ്രത്യേക സ്ഥാനം കൽപ്പിക്കാറുണ്ട്. ആരാധനാലയങ്ങളിലോ അവയ്ക്കു സമീപമോ അവ പ്രതിഷ്ഠിക്കുന്നു. ചിലർ ആ പ്രതിഷ്ഠയെ അടിസ്ഥാനമാക്കി ക്ഷേത്രം പണിത് ആരാധന നടത്താറുണ്ട്. ആത്മസമർപ്പണത്തിന്റെ ഭാഗം കൂടിയാണിത്.

കേരളത്തിൽ എന്തുകൊണ്ടാണ് പാലക്കാടുജില്ലയിൽ മാത്രം ഇവ ഇത്രയും കേന്ദ്രീകരിച്ചിരിക്കുന്നത് എന്നത് ഗൗരവകരമായ പഠനമർഹിക്കുന്ന വിഷയമാണ്. ഇതിനു മുമ്പ് കേരളത്തിൽ വയനാട് മാത്രം ക



പിണ്ടിക്കടവുൾ

ണ്ടെത്തിയിട്ടുള്ള വീരക്കല്ലുകൾ പ്രധാനമായും അടുത്ത കാലത്ത് പഴശ്ശിരാജയുടെ കാലത്ത് സ്ഥാപിക്കപ്പെട്ടവയാണെന്ന് പ്രസ്താവിച്ചിരുന്നുവല്ലോ. അതേ സമയം, അന്യകാല പ്രബല രാജവംശങ്ങൾ നിലനിന്നിരുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വളരെയധികം വീരക്കല്ലുകൾ കണ്ടെത്തിയിട്ടുണ്ട് എന്നത് ഇതുമായി കൂട്ടിവായിക്കേണ്ടതാണ്. ഇങ്ങനെ, പ്രാചീന ദക്ഷിണേന്ത്യൻ ദ്രാവിഡസംസ്കൃതിയുടെ ഭാഗമായി കൂട്ടി വായിക്കുമ്പോൾ, പാലക്കാടു ജില്ലയിൽ വിപുലമായി കണ്ടുവരുന്ന വീരക്കല്ലുകൾക്ക് ചരിത്ര പ്രസക്തിയേറുന്നു. ഇവിടെനിന്നു കണ്ടെത്തിയ പല വീരക്കല്ലുകൾക്കും സമൂഹത്തിന്റെ സംരക്ഷണത്തിനു വേണ്ടി ജീവത്യാഗം ചെയ്ത ഭരണാധികാരികളുടെയോ പോരാളികളുടേതോ ആണെന്ന്, ശിൽപകലാപ്രാധാന്യം പരിശോധിച്ചാൽ ബോധ്യപ്പെടും.


**വീരക്കല്ലുകളുടെ വർഗ്ഗീകരണം**

അധ്യാത്മിക വീരക്കല്ലുകൾ (spiritual herostones), പോരാളികളുടെ വീരക്കല്ലുകൾ (warriors herostones), സതിക്കല്ലുകൾ, മൃഗങ്ങളുടെ വീരക്കല്ലുകൾ (animal herostones), ആരാധനാമൂർത്തികളുടെ വീരക്കല്ലുകൾ (deity herostones), ഭക്തരുടെ വീരക്കല്ലുകൾ (devotees herostones) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വീരക്കല്ലുകളാണ് ഇവിടെ പ്രധാനമായും കണ്ടുവരുന്നത്. വീരക്കല്ലുകളുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളും ഇവിടെയുണ്ടെന്നതാണ് പ്രത്യേകത. രണ്ടായിരം വർഷം വരെ പിറകിലേക്കു പോകാവുന്ന ശിൽപകലാപാരമ്പര്യം ഇവിടെയുണ്ട്. പ്രാചീന വേങ്കടനാടിന്റെ ചരിത്രം കശ്യപമുനിയുമായി ബന്ധപ്പെട്ടിരിക്കുന്നു. തെൻമല മലനിരകളോട് സാദൃശ്യമുള്ള വയനാട്ടിലെ എടക്കൽ മലനിരയ്ക്കും പല കാര്യത്തിലും പ്രത്യേകത അവകാശപ്പെടാനുണ്ട്. ടിപ്പുസുൽത്താനും സാമൂതിരിയും വേങ്കടനാട് ആക്രമിക്കുന്നതിനു മുമ്പ്, ഇവിടത്തെ ക്ഷേത്രസമുച്ചയങ്ങൾ തകർക്കപ്പെടുന്നതിനു മുമ്പ് രചിക്കപ്പെട്ടു എന്നു കരുതപ്പെടുന്ന 'കശ്യപക്ഷേത്രമാഹാത്മ്യ'ത്തിൽ നിലവിലുള്ള ക്ഷേത്രങ്ങളെയും മുനിവര്യൻമാരെയും രാജകീയ ബന്ധങ്ങളെയും കുറിച്ച് വിശദമായി പറയുന്നുണ്ട്. പ്രസ്തുത 'കശ്യപക്ഷേത്രമാഹാത്മ്യ'ത്തെക്കുറിച്ചുള്ള ചരിത്രവിശകലനം തുലോം

പരിമിതമാണ്. അതിന്റെ ചരിത്രപശ്ചാത്തലവും പ്രസക്തിയും പിന്നീട് ഈ പംക്തിയിൽ പ്രതിപാദിച്ചുകൊള്ളാം. കശ്യപമുനി തപസ്സനുഷ്ഠിച്ചിരുന്നു എന്നു പറയപ്പെടുന്ന വേങ്കടമല/ഗോവിന്ദമലയെക്കുറിച്ച് പാദപീഠ ആരാധനയുമായി ബന്ധപ്പെട്ട ഭാഗത്ത് സൂചിപ്പിച്ചിരുന്നു. കശ്യപമുനിയാൽ സ്ഥാപിതമായതെന്നു പറയപ്പെടുന്ന (കശ്യപക്ഷേത്രമാഹാത്മ്യത്തിൽ പറയപ്പെടുന്ന) കാച്ചാംകുറിശ്ശി (കശ്യപ)ക്ഷേത്രത്തിന്റെ ചരിത്രവിശകലനവും രാജകീയ ബന്ധങ്ങളും പിന്നീട് വിശകലന വിധേയമാക്കുന്നുണ്ട്.

വേങ്കടമലയോടും (തെൻമല) ജലധാരകളോടും പർവ്വത-താഴ്വരയോടും ഏറെ സാദൃശ്യം പുലർത്തുന്ന വയനാട്ടിലെ നെൻമേനി പഞ്ചായത്തിനോടു ചേർന്നുള്ള മലനിരയിൽ സ്ഥിതിചെയ്യുന്ന എടക്കൽ ഗുഹയ്ക്കകത്ത് 'വേങ്കോമലൈയിലെ കശ്യപമുനി ഇവിടം സന്ദർശിച്ചു' എന്നു സൂചിപ്പിക്കുന്ന ബ്രാഹ്മിയിലുള്ള ശിലാലിഖിതം സൂചിപ്പിക്കുന്നത് കശ്യപമുനി ജീവിച്ചിരുന്ന ഒരു അധ്യാത്മിക വീരപുരുഷൻ (spiritual heroes) തന്നെയെന്നാണ്. കശ്യപമുനിയെയും കശ്യപഗോത്രത്തെയും കുറിച്ച് നിരവധി സങ്കൽപങ്ങളും കഥകളും ഉള്ളതിനാൽ വംശീയവും പൂർവ്വികവുമായി ബന്ധമുള്ള ഒരു വീരപുരുഷനാണ് (ancestral hero) കശ്യപമുനിയെന്ന് വിലയിരുത്താം.

തെൻമല/വേങ്കടമലയുടെ താഴ്വരയിൽ നിന്നു ലഭിച്ച ചില വീരക്കല്ലുകളിലും 'കശ്യപക്ഷേത്രമാഹാത്മ്യ'ത്തിലും നിരവധി രാജകീയ ബന്ധമുള്ള വീരപുരുഷൻമാരെ (royal heroes) കുറിച്ച് പറയുന്നുണ്ട്. ധർമ്മവർമ്മൻ ഹേമാംഗൻ, വീരൻ ഇരവി (വീരരവി) ചേന്ദൻ കുൻറൻ, എക്കൻഗോമതി തുടങ്ങിയ നിരവധി പേരുകൾ രാജകീയ ബന്ധമുള്ള വീരപുരുഷൻമാരുമായി ബന്ധപ്പെട്ടിരിക്കുന്നു. അവരിൽ പലരെക്കുറിച്ചും നാടോടിഗാനങ്ങളിലും കണ്യാർകളിയിലും വീരന്മാരാധനയുമായി ബന്ധപ്പെട്ട് പരാമർശിക്കപ്പെടുന്നുണ്ട്. 'കശ്യപക്ഷേത്രമാഹാത്മ്യ'ത്തിലും വീരക്കല്ലിലും പരാമർശിക്കുന്ന വീരരവിയും പൂർവ്വികനായ ഹേമാംഗനും ധർമ്മവർമ്മനും സൂര്യവംശബന്ധമുള്ളവരാണെന്ന സൂചനകളുള്ളതിനാൽ കശ്യപമുനിയെപ്പോലെ ഇവരും പൂർവ്വികവംശീയ ബന്ധമുള്ള വീരുപുരുഷൻമാരുടെ വിഭാഗത്തിൽ ഉൾപ്പെടുന്നു. തെൻമല താഴ്വരയിലെ പുരാവസ്തുപ്രാധാന്യമുള്ള പല സ്ഥലങ്ങളിലും നാടുവാഴിബന്ധമോ പ്രാദേശിക പ്രമാണികളുമായുള്ള ബന്ധമോ സൂചിപ്പിക്കുന്ന നാമങ്ങളും ഉടമസ്ഥാവകാശങ്ങളും കാണാം. ചിങ്ങൻചിറ, വേഴൻ പൊററ, കുശവൻകോട്, അരയകുളം, ചാത്തൻപാറ, പെരുമാൾ മല, പറയൻപളളം, മാട്ടാമാട്ടി പൊറൈ, പല്ലാവൂർ, പല്ലഞ്ചാത്തനൂർ, കൊമ്പൻകാട്, പെരുവേമ്പ് (ൻ), നടുവൻചിറ, പുലിക്കോട്, കൊല്ലൻകോട് (കൊല്ലങ്കോട്) അങ്ങനെ പോകുന്ന നിരവധി സ്ഥലനാമങ്ങളിൽ ഇത്തരം ഉടമസ്ഥാവകാശവും അധികാരപദവികളും രാജകീയ ബന്ധങ്ങളും ഭൂവുടമസ്ഥതയും പ്രതിഫലിക്കുന്നുണ്ട്. ചിങ്ങൻചിറയിലെ 'ചിങ്ങൻ' സിംഹവർമ്മനെയും പല്ലശ്ശേന, പല്ലാവൂർ, പല്ലൻകണ്ടം തുടങ്ങിയവ പല്ലവദേശക്കാരുടെ സ്വാധീനത്തെയും ആണ് സൂചിപ്പിക്കുന്നത്. കൊങ്ങൻചാത്ത്, കൊങ്ങാളർമല, പാണ്ടിക്കാട്, പലക (പാലക) പാണ്ടി തുടങ്ങിയ സ്ഥലനാമങ്ങൾ കൊങ്ങുവംശവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.



*വടക്കഞ്ചേരിയിലെ ശിൽപം*

വീരയോദ്ധാക്കളുടെയോ രാജകീയപ്രൗഢിയോ ഉള്ളവരുടെ ജീവത്യാഗത്തിന്റെ പ്രവൃത്തികൾ പ്രകീർത്തിക്കപ്പെടുന്ന വീരപുരുഷൻമാർ മധ്യകാലഘട്ടത്തിലെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു കൈയിൽ ഗദ നിലത്തൂന്നിയും മറുകൈയിൽ വാൾ ഉയർത്തിപ്പിടിച്ചും കാണപ്പെടുന്ന ഇത്തരം യോദ്ധാക്കളുടെ ശിൽപങ്ങൾ പല സന്ദേശങ്ങളും പുതുമയാർന്ന വിവരങ്ങളും പിൻതലമുറക്കാർക്ക് കൈമാറുന്നുണ്ട്. മുണ്ടിയൻ കാവ്, പനങ്കാവ്, മാക്കണംകുറിശ്ശി, ചിററൂർ, നെടുമ്പുറൈ, നല്ലേപ്പിള്ളി, വിത്തനശേരി തുടങ്ങിയ പ്രദേശങ്ങളിൽ കണ്ടെത്തിയ വീര

ക്കല്ലുകൾ ആയുധധാരികളാണെന്ന പ്രത്യേകതയുണ്ട്; വസ്ത്രധാരണരീതിയിൽ രാജകീയ പ്രൗഢി ദൃശ്യവും. ഞൊറിയോടു കൂടിയ ചേലയും തലക്കുടുമയും അടയാളാഭരണങ്ങളും അധികാരത്തിന്റെ പ്രതീകം കൂടിയാണ്. ആയുധധാരികളായിത്തന്നെ ഇവരുടെ ശിൽപങ്ങൾ കൊത്തിവച്ചത്, യുദ്ധവേളയിലോ ശത്രുപക്ഷവുമായുള്ള ഏററുമുട്ടലിലോ അവർ മരണപ്പെട്ടു എന്നതിന്റെ പ്രതീകമായാണ്. എന്നാൽ, യോദ്ധാവോ രാജകീയ ബന്ധമുള്ളവരോക്ഷേത്രങ്ങളോടു ചേർന്നു സ്ഥാപിച്ചിട്ടുള്ള വീരക്കല്ലുകളെ രാജബന്ധമുള്ള വീരൻമാരുടെ ഗണത്തിൽത്തന്നെയാണ് ഉൾപ്പെടുത്താൻ കഴിയുക. ഇവരുടെ ധീരപ്രവൃത്തിയുടെയോ വീരമൃത്യുവിന്റെയോ സ്മരണാർത്ഥം ദീപസ്തംഭത്തിൽ അവരുടെ രൂപങ്ങൾ കൊത്തിവച്ചും തൊഴുതുനിൽക്കും വിധം പ്രത്യേക ശിൽപങ്ങൾ സ്ഥാപിച്ചും മരണപ്പെട്ടവരുടെ ജീവിതം അനശ്വരമാക്കാൻ ശ്രമിക്കുന്നു. ഇവരെ രാജകീയ വീരപുരുഷൻമാരെന്നപോലെ ഭക്തരായ വീരപുരുഷൻമാരെന്നും വിളിക്കാവുന്നതാണ്. വിരുത്തിയിലെ മുനീശ്വരൻകാവ്, പുലിക്കോട്, ചിററൂർ എന്നിവിടങ്ങളിലെ ദീപസ്തംഭങ്ങളിൽ കൊത്തിവച്ചിട്ടുള്ള ശിൽപങ്ങൾ ഇത്തരം ഭക്തരുടേതാണ്. അവയിൽ ചിലത് രാജകീയ പ്രൗഢിയുള്ളവയാണെങ്കിൽ, മററു ചിലത് ഉദാത്തഭക്തരുടെ അർപ്പണ മനോഭാവത്തെ അടിസ്ഥാനമാക്കി മററുള്ളവരാൽ സ്ഥാപിക്കപ്പെട്ടവരായിരിക്കും. ഇവിടെ വ്യത്യസ്ത വിശ്വാസികളുടെ സാംസ്കാരിക സവിശേഷതകളും കാണാം.

യുദ്ധവീരൻമാരാണെങ്കിലും ദുരൂഹരീതിയിൽ മരണം വരിക്കുകയും, എന്നാൽ യുദ്ധപാടവത്തിലും ധീരകർമ്മത്തിലും പ്രാവീണ്യം തെളിയിച്ചവരുമായ യോദ്ധാക്കളുടെ വീരക്കല്ലിന് ഉദാഹരണമാണ് പുലികുത്തി മന്നാടിയാരുടേത്. സാമൂതിരി സൈന്യത്തിന്റെ പേടിസ്വപ്നമായിരുന്നു വേങ്കടദേശത്തെ യോദ്ധാവായിരുന്ന പുലികുത്തിമന്നാടിയാർ. നാട്ടിൽ ഭീഷണിയുയർത്തിയ പുലിയെ കയറുകെട്ടി ജീവനോടെ പിടിച്ചുകൊണ്ടുവന്നതിന്റെ പ്രതീകമാണ് പ്രസ്തുത വീരക്കല്ല്. എന്നാൽ, അദ്ദേഹം ദുരൂഹസാഹചര്യത്തിൽ പല്ലശ്ശേനക്കുളത്തിൽ മുങ്ങിമരിച്ചു എന്നാണ് ആളുകൾ വിശ്വസിച്ചുവരുന്നത്.

ഭർത്താവിന്റെ മരണശേഷം വിധവയായ ഭാര്യ സ്വന്തം ജീവൻ (സതി) ബലിയർപ്പിച്ചതിന്റെ സ്മരണാർത്ഥമോ, പോരാളിയായ ഭർത്താവിനോടൊപ്പം വീരചരമം പ്രാപിച്ചതിന്റെ പ്രതീകമായോ ആണ് സതിക്കല്ല് സ്ഥാപിക്കപ്പെടുന്നത് എന്ന് സൂചിപ്പിച്ചിരുന്നല്ലോ. ആദിചരിത്രകാലഘട്ടത്തിലും, അതിനു മുൻപുതന്നെ സതിസമ്പ്രദായം സാമൂഹ്യജീവിതക്രമത്തിന്റെ ഭാഗമായി നിലനിന്നിരുന്നു എന്ന് ഇതിൽനിന്ന് വ്യക്തമാണ്. പുരാണങ്ങളിലും സ്ത്രീകഥാപാത്രങ്ങൾ സതിസമ്പ്രദായം അനുഷ്ഠിച്ചിരുന്നതായി ധാരാളം പരാമർശങ്ങളുണ്ട്. (കേരളത്തിൽ കൊടുവായുരിൽ മാത്രം കണ്ടെത്തിയിട്ടുള്ള സതിക്കല്ല് ഇന്ന് അവിടെ കാണുന്നില്ല എന്നു വിശദീകരിച്ച് ഈ ലേഖകൻ നൽകിയ പത്രവാർത്ത വലിയ തലക്കെട്ടുകളിൽ പ്രത്യക്ഷപ്പെട്ടിട്ടും അതു വീണ്ടെടുക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു ശ്രമവും നടന്നിട്ടില്ലെന്ന് വേദനയോടെ പറയട്ടെ).




കൊടുമ്പിലെ ശിൽപം

മൃഗങ്ങളെ ആരാധനാമൂർത്തികളായി കണക്കാക്കുന്ന സമ്പ്രദായം പാലക്കാടുജില്ലയിൽ ശക്തമായി നിലനിന്നതിനു പിന്നിൽ സാംസ്കാരിക വികാസപരിണാമത്തിന്റെ പിൻബലമുണ്ട്. അടയാള ആരണങ്ങളോടു കൂടിയതും അല്ലാത്തതുമായ കാളകളുടെ പ്രതിഷ്ഠകൾ ശ്രദ്ധേയമാണ്. അതുപോലെയാണ് ആനയുടെ ശിൽപങ്ങൾ കാണപ്പെടുന്നതും. ബുദ്ധമതത്തിലും ജൈനമതത്തിലും ചില ആരാധനാരീതികളാണ് ഇതിന്റെ പശ്ചാത്തലമെന്നു പറയുന്നുണ്ടെങ്കിലും കാർഷികാഭിവൃദ്ധിയും നാൽക്കാലികളുടെ ക്ഷേമവും മുൻനിർത്തി പല പരമ്പരാഗത കർഷകകുടുംബങ്ങളും നാൽക്കാലികളുടെ അഭിവൃദ്ധിക്കായി വർഷത്തിലൊരിക്കലെങ്കിലും പൂജാദി കർമ്മങ്ങൾ നിർവ്വഹിക്കാറുണ്ട്. കാളയുടെ കരിങ്കൽശിൽപങ്ങൾ ശിവക്ഷേത്രങ്ങളിൽ കാണപ്പെടുന്നുണ്ടെങ്കിലും എന്തുകൊണ്ടാണ് ആനയുടെ പ്രതിഷ്ഠ വൃക്ഷച്ചുവടുകളിൽ പ്രധാന ആരാധനാ മൂർത്തിയായി സ്ഥാനം പിടിച്ചത് എന്നതിന് വ്യക്തമായ ഉത്തരമില്ല.

അതേ സമയം, കളിമണ്ണുകൊണ്ട് സ്ത്രീപുരുഷൻമാരുടെ രൂപങ്ങളുണ്ടാക്കി മുണ്ടിയനു മുന്നിലോ, കരിങ്കല്ലു കൊണ്ട് കാളയുടെ ശിൽപമുള്ള ചിങ്ങൻചിറ, ചാത്തിയോട് തുടങ്ങിയ തുറസ്സായ പ്രദേശത്തെ ആരാധനാ സമുച്ചയത്തിനു മുന്നിലോ അർപ്പിക്കുന്നത് വീരാരാധനയുടെ ഭാഗം മാത്രമാകണമെന്നില്ല. ആഗ്രഹസാക്ഷാൽക്കാരത്തിന്റെ പ്രതീകംകൂടിയാണിത്. എന്നാൽ, അവിടെ എന്തുകൊണ്ട് കുട്ടികളുടേതെന്നതുപോലെ മുതിർന്ന പുരുഷൻമാരുടെയും സ്ത്രീകളുടെയും ടെറക്കോട്ട ശിൽപങ്ങൾ അർപ്പിക്കപ്പെടുന്നത് എന്ന ചോദ്യം പ്രസക്തമാണ്. അത് സാമൂഹ്യ-സാംസ്കാരിക രംഗത്ത് പിന്നാക്കം നിൽക്കുന്ന ജനതയുടെ വീരാരാധനയുടെ ഫലമാകാം.

ഇവിടത്തെ ആരാധനാമൂർത്തി

കളുടെ വൈവിധ്യം ശ്രദ്ധേയമാണ്. ദ്രാവിഡരീതികളും, ബ്രാഹ്മണിസത്തിലധിഷ്ഠിതമായ ഹൈന്ദവസംസ്കാരത്തിന്റെ രീതികളും, ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും സ്വാധീനവും സങ്കലനവും ഇവിടെയുണ്ട്. തുറസ്സായ ക്ഷേത്രങ്ങളിലെ കാളി/കൊറ്റവൈ, നാഗം, മുണ്ടിയൻ, കറുപ്പുസ്വാമി, മാരിയമ്മ എന്നിവയുടെ സ്വാധീനവലയത്തിനു ശേഷം വിഷ്ണു, അയ്യപ്പൻ, ദുർഗ്ഗ, മുരുകൻതുടങ്ങിയ മൂർത്തികളും വിശാലാക്ഷി, കാലഭൈരവൻ, സൂര്യൻ, വിശാലാക്ഷി, ഗണപതി തുടങ്ങിയ ഉപദേവതകളും സ്ഥാനം പിടിച്ചു. ശൈവമതത്തിന്റെ സ്വാധീനം ഏററവും ശക്തമായി ഈ പ്രദേശങ്ങളിൽ ദൃശ്യമാണെങ്കിലും അവയെല്ലാം ശിവലിംഗത്തിന്റെരൂപത്തിലുള്ളവയാണ്. ആരാധനാമൂർത്തിയല്ലാത്ത ബ്രഹ്മാവിന്റേതടക്കം നിരവധി ശിൽപങ്ങൾ ഇവിടെ കാണപ്പെടുന്നത് അവയുടെ വൈവിധ്യത്തെ സൂചിപ്പിക്കുന്നു. ക്ഷത്രിയ ഭരണാധികാരികളാൽ സ്ഥാപിതമായ ക്ഷേത്രങ്ങളുടെ ആരാധനാനിയന്ത്രണവും പൂജാദിവിധികളും യാഗ-ഹോമങ്ങളും ബ്രാഹ്മണരുടെ കൈകളിലൊതുങ്ങിയ ചരിത്രവും പരിണാമവികാസത്തെക്കുറിച്ച് പഠിക്കുമ്പോൾ ബോദ്ധ്യമാകും.



*ടെറാക്കോട്ട ശിൽപം*

ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും സ്വാധീനവും, അതുമായി ബന്ധപ്പെട്ട കരിങ്കൽശിൽപങ്ങളുടെ സവിശേഷതകളും ഒരു വിശകലനവിഷയംതന്നെയാണ്. എ.ഡി. മൂന്നാം നൂററാണ്ടായപ്പോഴേക്കും ബുദ്ധമതവും ജൈനമതവും പാലക്കാട്ടും പ്രബലമായി നിലനിന്നിരുന്നു. ശിൽപശാസ്ത്രത്തിലേക്കു വരികയാ ണെങ്കിൽ, കൽപാത്തിക്കു സമീപമുള്ള ജൈനിമേട്ടിലെ കരിങ്കൽ ശിൽപത്തിൽ ചന്ദ്രനാഥൻ, വിജയലക്ഷ്മി, ജ്വാലാമാലിനി, ഋഷഭനാഥൻ, പാർശ്വനാഥൻ, പത്മാവതീദേവി എന്നിവയുടെ ശിൽപങ്ങളുണ്ട്. സിംഹത്തിന്റെയും താമരയുടെയും ശിൽപങ്ങളും 'മാണിക്കപട്ടണം' എന്ന പേരിൽ മുമ്പ് അറിയപ്പെട്ടിരുന്ന ഇവിടെ കാണാവുന്നതാണ്. വടക്കൻ ആർക്കോട്ടുജില്ലയിലെ വാണ്ടിവാഷ് താലൂക്കിലെ ശ്രാമംഗലം ഗുഹാക്ഷേത്രത്തിൽ ഇതിനു സമാനമായ ശിൽപങ്ങളുണ്ട്. ആലത്തൂർ താലൂക്കിലെ ചാക്യാർത്തോട്ടത്തിൽനിന്നും കണ്ടെടുത്ത മഹാവീരന്റെയും പാർശ്വനാഥന്റെയും കരിങ്കൽ ശിൽപങ്ങൾ ഇപ്പോൾ തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിലാണ്. ഇത് തകർക്കപ്പെട്ട നിലയിലാണ്. ഇവിടെനിന്ന് ഒൻപതാം നൂററാണ്ടിലെ ഒരു ശിലാലിഖിതവും കണ്ടെത്തിയിരുന്നു. വടക്കഞ്ചേരിയിലെ പള്ളിബാണ ഭഗവതി ക്ഷേത്രത്തിൽ പര്യങ്കാസനത്തിലിരിക്കുന്ന, ശിരസ്സിനു മുകളിൽ ഹാരം അണിഞ്ഞിട്ടുള്ള പ്രതിഷ്ഠ ചാന്ദ്രപ്രഭതീർത്ഥങ്കരന്റേതാണ്. ഇവിടത്തെ രക്ഷാദേവതയായ ജ്വാലാമാലിനി ഇപ്പോൾ ഹിന്ദുദേവതയായി പരിവർത്തനം ചെയ്തിട്ടുണ്ട്. മുണ്ടൂർ ഗ്രാമത്തിലെ വേലിക്കാട്ടിൽ രണ്ടു ജൈനവിഗ്രഹങ്ങൾ ഉണ്ട്. അതിലൊന്ന് ധ്യാനഭാവത്തിൽ, പത്മാസനത്തിലാണ്. ശിരസ്സിനു മുകളിൽ മൂന്ന് പത്തികൾ ഉണ്ട്. രണ്ടാമത്തെ പ്രതിഷ്ഠ 'പിണ്ടിക്കടവുൾ' എന്നറിയപ്പെടുന്നു.

കൊടുമ്പിലെ തുറസ്സായ പ്രദേശത്തും ചില ജൈനസ്മാരകങ്ങളുണ്ട്. സംഘ-സംഘകാലാനന്തര കൃതികളിലും ഭൂമിശാസ്ത്രനാമങ്ങളിലും പുരാവസ്തുക്കളുടെ പട്ടികയിലും നിരവധി ഉദാഹരണങ്ങൾ ദൃശ്യമാണ്. ഒരു ജനതയുടെ സാംസ്കാരിക ഔന്നിത്യത്തിന്റെ മഹത്വം ശിൽപശാസ്ത്രപഠനത്തിലൂടെ മനസ്സിലാക്കാവും. പിന്നിട്ട ചരിത്രത്തിന്റെ നാൾവഴികളും അവയിലൂടെ വികസിപ്പിച്ചെടുക്കാവുന്നതാണ്. ഒരേ കാലഘട്ടത്തിലെ വൈവിധ്യമാർന്ന ആരാധനാസമ്പ്രദായത്തിന്റെ സവിശേഷതകളും ശിൽപകലയിൽ സന്നിവേശിപ്പിച്ചിട്ടുള്ളതായി കാണാം. ശിൽപകലയുടെ സൂക്ഷ്മതയും സാങ്കേതികതയും സൗന്ദര്യാത്മകതയും ഇവിടെ പ്രകടമാണ്. ഒററപ്പെട്ട ശിൽപങ്ങൾ ഏതെങ്കിലുമൊരു ക്ഷേത്രപരിധിയിൽ കാണപ്പെടുന്നു എന്ന അർത്ഥത്തിലല്ല പാലക്കാടുജില്ലയിലെ ശിൽപകലാവൈവിധ്യപഠനത്തെ സമീപിക്കേണ്ടത്. ശിൽപനിർമ്മാണഘട്ടത്തിനു പിന്നിലെ പശ്ചാത്തലവും ചിന്തയും ഇച്ഛാശക്തിയും പ്രചോദനവും പ്രേരണയുമൊക്കെ ചരിത്രദൃഷ്ട്യാ വിശകലനം ചെയ്യപ്പെടുമ്പോൾ മാത്രമേ ഇത്തരത്തിലുള്ള പഠനം അർത്ഥവത്താവുകയുള്ളു. ക്ഷേത്രനിർമ്മാണകലയുമായും സംസ്കാരവുമായും അവയെ ബന്ധിപ്പിക്കേണ്ടതുണ്ട് ●

രാജവംശങ്ങളുടെ തകർച്ചയെ
വസ്തുനിഷ്ഠമായി അന്വേഷിക്കുന്ന പഠനം

# പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

# രാജവംശ ആസ്ഥാനങ്ങളും

പരിമിതപ്പെട്ടു.

മനുഷ്യരുടെ മതപരവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ജീവിതരീതികളുടെ കേന്ദ്രീകൃതഘടകങ്ങളാണ് ക്ഷേത്രങ്ങൾ. എന്നാൽ, പല ക്ഷേത്രങ്ങളുടെയും നിർമ്മാണത്തിനു പിന്നിലെ രാജകീയ വംശബന്ധം, ക്ഷേത്രാധിഷ്ഠാന ശിൽപകലാപാരമ്പര്യം, കലാസാംസ്കാരിക പശ്ചാത്തലം എന്നിവയെക്കുറിച്ച് ഗഹനമായി പഠിക്കുവാൻ അധികമാരും പരിശ്രമിച്ചിട്ടില്ല. 1969-1971 കാലഘട്ടത്തിൽ കേന്ദ്ര പുരാവസ്തുവകുപ്പിന്റെ നേതൃത്വത്തിൽ എച്ച്. സർക്കാരാണ്, കേരളത്തിലെ പശ്ചിമതീരത്തെ ക്ഷേത്ര സംസ്കാരത്തെക്കുറിച്ച് ആധികാരികമായ പ്രാദേശിക പഠനം നടത്തി വസ്തുതകൾ പുറത്തുകൊണ്ടുവന്നിട്ടുള്ളത്. പ്രാചീനകാലത്തും മധ്യകാലഘട്ടത്തിലും നിർമ്മിച്ച ഓരോ ക്ഷേത്രത്തിനും

പാലക്കാട് ജില്ലയിലെ ക്ഷേത്രകലാസംസ്കാരത്തെയും തകർന്നടിഞ്ഞ രാജവംശ ആസ്ഥാനങ്ങളെയും കുറിച്ചുള്ള ശരിയായ പഠനം നാളിതുവരെയും നടന്നിട്ടില്ല. ശിൽപകലാവൈവിധ്യവും ക്ഷേത്രസംസ്കാരങ്ങളുടെ വൈവിധ്യവും മഹത്വവും മനസ്സിലാക്കുന്നതിലൂടെ ഓരോ കാലഘട്ടത്തിന്റെ മഹത്വത്തിലേക്കുള്ള പ്രവേശനകവാടത്തിലാണ് നാം എത്തിച്ചേരുക. ശിലാലിഖിതങ്ങളും കരിങ്കൽശിൽപങ്ങളും വീരക്കല്ലുകളും ചുമർച്ചിത്രങ്ങളുമൊക്കെ ക്ഷേത്രനിർമ്മിതിയുടെ അനുബന്ധ ഘടകങ്ങൾ മാത്രം. അവ പിന്നീട് കൂട്ടിച്ചേർക്കുകയോ എഴുതിച്ചേർക്കുകയോ ചിത്രീകരിക്കപ്പെടുകയോ ചെയ്തവയാണ്. എന്നാൽ, ക്ഷേത്രാധിഷ്ഠാന നിർമ്മിതികൾക്കും രാജവംശാധിഷ്ഠാനങ്ങളുടെ ഘടനയ്ക്കും അതിനുമപ്പുറമുള്ള ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലമുണ്ട്. ദൗർഭാഗ്യവശാൽ നമ്മുടെ ചരിത്രപഠനം ആ ദിശയിലേക്കു ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ആരാധനാമൂർത്തികളുടെ സവിശേഷതകളും അവയുടെ ജൈന-ബുദ്ധ-ഹൈന്ദവസംസ്കാരങ്ങളുടെയും സ്വാധീനത്തെക്കുറിച്ച് ചില ഒറ്റപ്പെട്ട പഠനങ്ങളേ വന്നിട്ടുള്ളു. ക്ഷേത്രങ്ങൾ കേരളീയ സാമൂഹ്യരാഷ്ട്രീയ മണ്ഡലത്തിൽ വരുത്തിയിട്ടുള്ള പ്രഭാവത്തെക്കുറിച്ച് വിമർശനാത്മക തലത്തിലും കമ്യൂണിസ്റ്റു വീക്ഷണഗതിക്കനുസരിച്ചും ചില പഠനങ്ങൾ നടന്നിട്ടുണ്ടെന്നു മാത്രം. അതിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളധികവും പ്രതാപത്തോടെ തലയുയർത്തിനിൽക്കുന്ന സമകാലീന ക്ഷേത്രങ്ങളുടെ സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ്. കേരളത്തിൽ ചില ജില്ലാതലത്തിലുള്ള ക്ഷേത്രങ്ങളുടെ വിന്യാസത്തെക്കുറിച്ച് ചില രചനകൾ വെളിച്ചം കണ്ടിട്ടുണ്ട്. എന്നാൽ അവയെല്ലാംതന്നെ നിലവിൽ ക്ഷേത്രം നിൽക്കുന്ന സ്ഥാനം, ആരാധനാമൂർത്തികൾ, ക്ഷേത്രനിർമ്മാണവുമായി ബന്ധപ്പെട്ട കേട്ടുകേൾവികൾ, ഐതിഹ്യകഥകൾ, മിത്തുകൾ എന്നിവയെ കേന്ദ്രീകരിച്ചാണെന്ന പരിമിതിയുണ്ട്. പൂർവ്വ-മധ്യചരിത്ര കാലഘട്ടത്തിൽ നവീകരിക്കപ്പെട്ട ഇപ്പോഴത്തെ ജനവാസരീതിക്കനുസരിച്ച് വളർച്ച പ്രാപിച്ച തിരഞ്ഞെടുത്ത ചില ക്ഷേത്രങ്ങളുടെ സംക്ഷിപ്ത ഐതിഹ്യവിവരങ്ങളിൽ മാത്രമായി നമ്മുടെ ചരിത്രപഠനം തനതായ സവിശേഷതയും പ്രാധാന്യവും ഉണ്ട്. എന്നാൽ, അവയുടെ യഥാർത്ഥ ചരിത്രപശ്ചാത്തലവും ആത്മീയ പശ്ചാത്തലവും ഉൾക്കൊണ്ട് വേണ്ടരീതിയിൽ മുഴുവനുമായി ഡോക്യുമെന്റ് ചെയ്യുകയോ അവയുടെ പരിണാമവികാസത്തെക്കുറിച്ച് കാര്യമായ തരംതിരിവുകൾ നടത്തുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ, വിസ്മൃതിയിലാണ്ടുകിടക്കുന്നതും തകർക്കപ്പെട്ടതും ഒരു കാലഘട്ടത്തിൽ ശക്തമായപ്രഭാവം ചെലുത്തിയിരുന്നതുമായ പല ക്ഷേത്രങ്ങളും അവ അർഹിക്കുന്ന പരിഗണന വിലയിരുത്തലുകളിൽ ലഭിച്ചിരുന്നില്ല. നിലവിൽ പ്രാധാന്യമർഹിക്കുന്ന പല ക്ഷേത്രങ്ങളും അനാവശ്യമായ ക്ഷേത്രനിബന്ധനകൾമൂലം ശരിയായ പഠനം നടത്താൻ കഴിയാത്ത പ്രശ്നവും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട്, ക്ഷേത്രങ്ങളുടെ ആന്തരികഘടനയോ പ്രത്യേകതകളോ ശരിയായ വിധം പ്രതിഫലിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

ബ്രിട്ടീഷ് മലബാർ ക്ഷേത്രങ്ങളെക്കുറിച്ച് ചില സർവ്വേകൾ ജില്ലാതലത്തിൽ ആദ്യകാലങ്ങളിൽ നടത്തിയിരുന്നു. കൊച്ചി-തിരുവിതാംകൂർ ഭാഗങ്ങളെ കേന്ദ്രീകരിച്ച് നട

ത്തിയ ചില ആദ്യകാല പഠനങ്ങളും പുറത്തുവന്നിട്ടുണ്ട്. അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ സ്വാധീനം മൂലം ദ്രാവിഡ-കേരള രീതിയായിരുന്നു ക്ഷേത്രശിൽപകലയിൽ കേരളത്തിൽ പ്രതിഫലിച്ചിരുന്നത്. 1970-കളിൽ സ്റ്റെല്ല ക്രാംറിഷ്, ജെ.എച്ച് കസിൻസ്, ആർ.രാഘവ പൊതുവാൾ എന്നിവർ കേരളത്തിന്റെ കലകളെയും കരകൗശലത്തെയും കുറിച്ചു നടത്തിയ പഠനം ഈ രംഗത്തെ ഗവേഷണത്തിന്റെ പഠനത്തിന്റെ ഒരു ചുവടുവെപ്പായിരുന്നു. ഇത് 1948-ൽ പ്രസിദ്ധീകരിച്ച 'ട്രാവൻകൂർ ആർട്സ് ആന്റ് ക്രാഫ്റ്റ്' എന്നിവയെക്കുറിച്ചുള്ള പഠനത്തിന്റെ അനുബന്ധപഠനമാണെന്നും പറയാം. 1940-ൽ ഒമ്പതാം ഓറിയന്റൽ കോൺഫറൻസിൽ കേരളത്തിലെ ഉൾപ്രദേശങ്ങളിലെ ശിൽപകലയെക്കുറിച്ചുള്ള പ്രബന്ധം ശ്രദ്ധേയമായിരുന്നു. അതേസമയം, മലബാറിലെ ക്ഷേത്രസംസ്കൃതിയുടെ പഠനം ഇന്നും ശൈശവദശയിലാണ്. ലോഗൻ നടത്തിയ സർവ്വേയാകട്ടെ, ഈ പ്രദേശത്തെ അപ്രധാനങ്ങളായ ചില ക്ഷേത്രങ്ങളെക്കുറിച്ചു മാത്രമായിരുന്നു.

നമ്മുടെ കേരളീയ ക്ഷേത്രങ്ങളുടെ നിർമ്മിതിയിൽ ഭൂമിശാസ്ത്രപരമായ സ്വാധീനം തുടക്കം മുതൽ ഉണ്ടായിട്ടുണ്ട്. ദ്രാവിഡരീതികൾ പ്രാദേശിക സവിശേഷതകളോടെ സന്നിവേശിച്ച ക്ഷേത്രരീതിയാണ് ദൃശ്യമാകുന്നത്. കരിങ്കല്ലിന്റെയും ചെങ്കല്ലിന്റെയും ലഭ്യത അധിഷ്ഠാനങ്ങളുടെയും ഭിത്തിയുടെയും നിർമ്മാണത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. ശക്തമായ മഴയാണ് കോണാകൃതിയിലുള്ള മേൽപ്പുരകളുടെ നിർമ്മിതിക്കുള്ള പ്രേരകഘടകം. മേൽപ്പുരകളിൽ ഭൂരിഭാഗവും ഓലമേഞ്ഞവയായിരുന്നു.

മധ്യകാലഘട്ടത്തിലും ടിപ്പുവിന്റെ ആക്രമണം വരെയുള്ള കാലഘട്ടത്തിലെ ക്ഷേത്രധ്വംസനങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളിൽ കോട്ടകളും കൊട്ടാരങ്ങളും വീടുകളും ചുട്ടുചാമ്പലാക്കി അഗ്നിക്കിരയാക്കിയതായി കാണുന്നു. ക്ഷേത്രാധിഷ്ഠാനങ്ങളിലും ഭിത്തിയിലും കാര്യമായ പോറലേൽക്കാതെ രക്ഷപ്പെട്ട ചില ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാനുണ്ട്. കേരളത്തിൽ സുലഭമായ മരങ്ങൾ, പനയോലകൾ, തെങ്ങിന്റെ ഓലകൾ എന്നിവയുടെ സാന്നിധ്യവും ലഭ്യതയും മേൽപ്പുരകളുടെ നിർമ്മാണരീതിയെ കാര്യമായി സ്വാധീനിച്ചിരുന്നു. കേരളത്തിൽ എന്തുകൊണ്ടാണ് രാജകൊട്ടാരങ്ങളുടെയും കോട്ടകൊത്തളങ്ങളുടെയും അടിത്തറകളുടെ അവശിഷ്ടങ്ങളൊന്നും തന്നെ കാണാതിരിക്കുന്നത് എന്നതിനുള്ള ഉത്തരവും അതുതന്നെ. കൊല്ലങ്കോടു കൊട്ടാരത്തിൽ വർഷംതോറും

# ക്ഷേത്രാധിഷ്ഠാനങ്ങളും




കരിപ്പോട്ട് ക്ഷേത്രാവശിഷ്ടം


ഓലമേയാനുള്ള അധികാരം ഇല വുംഞ്ചേരി(എലവഞ്ചേരി)യിലെ ഒരു കുടുംബത്തിനായിരുന്നു എന്ന് പഴമക്കാർ പറയാറുണ്ടായിരുന്നു. അക്കാലത്തെ കെട്ടിട നിർമ്മാണ ത്തെക്കുറിച്ച് വ്യക്തമായ സൂചനക ൾ ഇതിൽനിന്ന് നമുക്ക് ലഭിക്കുന്നു. എന്നാൽ, പുറമേനിന്നുള്ള ആക്രമ ണത്തിലൂടെ പരിപൂർണ്ണമായും തക ർന്നടിഞ്ഞ രാജകീയ ആസ്ഥാനമ ന്ദിരത്തിന്റെ അടിത്തറ ഇപ്പോഴും നിലനിൽക്കുന്നതിനെക്കുറിച്ച് എത്ര യൊക്കെ സൂചനകൾ നൽകിയിട്ടും നമ്മുടെ സംസ്ഥാന പുരാവസ്തു വകുപ്പോ ചരിത്രഗവേഷണ കൗൺ സിലുകളോ ഒരു ഉൽഖനനനടപടി കൾക്കും തയ്യാറല്ല! ഇത്തരം പൈ തൃകകേന്ദ്രങ്ങൾ കണ്ടെത്താൻ പ്രാ പ്തരായ ഗവേഷണവസതികൾക്ക് രൂപം നൽകാനുള്ള ശേഷി സാംസ് കാരിക വകുപ്പിനും ഇല്ല. മാത്രമല്ല, കണ്ടെത്തിയ അധിഷ്ഠാനകേന്ദ്രങ്ങ ളുടെ, രാജകൊട്ടാരത്തിന്റെ അടി ത്തറയുടെ വ്യാപ്തി എത്രത്തോള മാണെന്നു കണ്ടെത്താനുള്ള ഉൽഖ നനം ആവിഷ്കരിക്കാനുള്ള സന്ന ദ്ധതയും കാണുന്നില്ല. പുരാവസ് തുഗവേഷണ അഭിരുചിയില്ലാത്ത ഉദ്യോഗസ്ഥവൃന്ദം സ്ഥാനക്കയറ്റത്തി ലൂടെ സാംസ്കാരിക വകുപ്പിന്റെയും പുരാവസ്തുവകുപ്പിന്റെയും സിരാ കേന്ദ്രങ്ങളിൽ പിടിമുറുക്കിയതാണ് നമ്മുടെ ശാപം. രാജകൊട്ടാരങ്ങളു ടെയും കോട്ടകൊത്തളങ്ങളുടെയും അടിത്തറകൾ തകർത്തതിന്റെ പി ന്നിൽ യൂറോപ്യൻ അധിനിവേശം പ ങ്കുവഹിക്കാത്തതിനാൽ വിദേശസ ർവ്വകലാശാലകൾക്ക് മുസ്രീസ് പ്രോജക്ടുപോലെ താൽപര്യമെ ടുക്കാനുള്ള വാതിലും കൊട്ടിയ ടയ്ക്കപ്പെട്ടു. വിദേശത്തുനിന്നുള്ള സാമ്പത്തികസഹായം നമ്മുടെ ഗവേഷണവൈവിധ്യത്തെ സമ്പന്ന മാക്കും. എന്നാൽ, പാലക്കാടുജില്ല യുടെ പുരാവസ്തുവസ്തുപ്രാധാ ന്യത്തെ ബോധപൂർവ്വം അവഗണി ക്കുമ്പോൾ വേദന അനുഭവപ്പെടുക സ്വാഭാവികം.

ചില അനുഭവങ്ങളുടെ വെളിച്ച ത്തിലാണ് ഇത്രയും ധാർമ്മികരോ ഷവും ദുഃഖവും പ്രകടിപ്പിക്കേണ്ടിവ രുന്നത്. ഈ ലേഖകൻ പാലക്കാട്ട് കണ്ടെത്തിയ രാജവംശാധിഷ്ഠാന ത്തിന്റെ വ്യാപ്തി ചേരകാലഘട്ട ത്തിലേക്കും അതിനും പിന്നിലേക്കും പോകുന്നുണ്ട്. മൂന്നാം നൂറ്റാണ്ടിനു ശേഷമുള്ള ആദിമചേരചരിത്രകാല ഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന ഒരു ചരിത്രം പാലക്കാടിനുണ്ട്. രാജ ധാനി നിലനിന്നിരുന്ന സ്ഥലം എ ന്ന അർത്ഥം വരുന്ന ഈ കോവില കം പറമ്പ് ഉൽഖനനം നടത്തിയാൽ, ചേരകാലഘട്ടത്തെ രാജവംശ ആ സ്ഥാനത്തിന്റെ സവിശേഷതകളാ ണ് പുറംലോകം അറിയാൻ പോകു ന്നത്. സമീപപ്രദേശത്തിലെ കോ ട്ടകളുടെ തകർച്ചയ്ക്കു പിന്നിലും ഇത്തരം ചരിത്രപശ്ചാത്തലങ്ങളു ണ്ട്. ഇവിടെനിന്ന് എടുത്ത എത്ര യോ ഭീമാകാരങ്ങളായ കല്ലുകളാണ് സമീപത്തുള്ള വീടുകളിൽ അസ്ഥി വാരക്കല്ലുകളായും കാലിത്തൊഴു ത്തുകളായും ഉപയോഗപ്പെടുത്തി യിരുന്നത്. ടിപ്പുവിന്റെ കോട്ടയുടെ നിർമ്മാണഘട്ടത്തിലും വീതിയേറി യ കരിങ്കൽപ്പാളികൾ കൊണ്ടുപോ യിട്ടുണ്ട്.


സാമൂതിരിയുടെ കാലത്തെ പൊ ൻപണങ്ങൾ വാരിവിതറിയപോലെ യാണ് ഇവിടെ വിന്യസിച്ചിട്ടുള്ളത്. പലരും അത് കൊച്ചുകുട്ടികൾക്ക് അണിയാനുള്ള പൊന്നാഭരണങ്ങളാ യി മാറ്റിയെടുത്തു. ചേരകാലഘട്ട ത്തെയും അതിനു ശേഷമുള്ള വിദേ ശബന്ധത്തെയും സൂചിപ്പിക്കുന്ന നി രവധി നാണയങ്ങൾ ഇവിടെനിന്നും കണ്ടെത്തിയിട്ടുണ്ട്. സാമൂതിരിയുടെ കാലത്ത് നശിപ്പിക്കപ്പെട്ടെങ്കിലും ആദിമചരിത്രകാലഘട്ടം മുതൽ നി ലനിന്നിരുന്ന ഈ വെൺകുണ്ടറനാ ട്ടിലെ രാജവംശ ആസ്ഥാനകേന്ദ്രം ഉൽഖനനം ചെയ്യപ്പെട്ടാൽ ചെന്നെ ത്തുക ചേരവംശരാജബന്ധത്തിലേ ക്കു തന്നെയാണ്. നിലവിലുള്ള ചരി ത്രവ്യാഖ്യാനങ്ങൾ തിരുത്തിയെഴു തിപ്പെടുമെന്ന ഭയമാണ് ഇനിയൊരു ഉൽഖനനം ആവശ്യമില്ലെന്ന തീരു മാനത്തിലേക്ക് അധികാരികളെ എ ത്തിക്കുന്നതെന്നു ന്യായമായും സം ശയിക്കാം. (കോവിലകം പറമ്പിന്റെ ചരിത്ര പ്രസക്തിയും അവിടുത്തെ പുരാവസ്തു കലവറയും വഴിയേ വിശദീകരിക്കാം.) ഒരു പ്രദേശത്തെ ചരിത്രത്തിൽ രാജവംശ ആസ്ഥാന ത്തിന്റെ പുരാവസ്തുസംബന്ധമായ കണ്ടെത്തൽതന്നെയാണ് ചരിത്ര വ്യാഖ്യാനങ്ങളുടെ ദിശ നിർണ്ണയി ക്കുന്നത്. എന്നാൽ, അത്രത്തോളം പ്രാധാന്യമർഹിക്കുന്നത ാണ് പാല ക്കാടിന്റെ തെക്കുകിഴക്കൻ ഭാഗങ്ങ ളിൽ കണ്ടെത്തിയിട്ടുള്ള പുരാവസ് തു കേന്ദ്രങ്ങൾ.

പ്രാചീന സംസ്കാരവിശകലന ത്തിൽ നദീതടസംസ്കാരങ്ങളുടെ പങ്ക് എത്രത്തോളമാണെന്ന് ഒരു സ്കൂൾ വിദ്യാർത്ഥിക്കുപോലും അ









റിയാം. സിന്ധു നാഗരിക സംസ്കാരം, യൂഫ്രട്ടീസ്-ടൈഗ്രീസ് സംസ്കാരം, നൈൽ നദീതടസംസ്കാരം തുടങ്ങിയവ പഠിക്കുമ്പോൾ അവിടങ്ങളിൽ മാത്രമേ പ്രാചീന ജനത അധിവസിച്ചിട്ടുള്ളൂ എന്നൊരു മിഥ്യധാരണ സാധാരണ ജനങ്ങളിലെന്നപോലെ നമ്മുടെ ചില ചരിത്ര പണ്ഡിതൻമാരിലും വേരോടിയിട്ടുണ്ടെന്നു തോന്നുന്നു. പ്രാചീന രാജവംശങ്ങളുടെ വികാസഘട്ടങ്ങൾ പരിശോധിച്ചാൽ അനുകൂല ഭൂമിശാസ്ത്രഘടകങ്ങളടക്കം അതത് പ്രദേശത്തെ ഫലസമൃദ്ധിയിലേക്കു നയിച്ചിരുന്ന നദീതടങ്ങളുടെ പങ്ക് പ്രഥമസ്ഥാനത്താണെന്നു കാണാം. ദക്ഷിണന്ത്യേൻ പ്രാചീന-നാഗരിക സംസ്കാരത്തിലും ഇത്തരം ആത്മാംശങ്ങളുണ്ട്. ചേര, ചോള, പാണ്ഡ്യ, പല്ലവ, ചാലൂക്യ, രാഷ്ട്രകൂട രാജവംശങ്ങളുടെ സ്ഥാനനിർണ്ണയത്തിലും ഈ ഘടകങ്ങൾ ദൃശ്യമാണ്. പക്ഷേ, ചേരനാട്ടിലെ രാജവംശ ആസ്ഥാനം നിർണ്ണയിക്കുന്നതിൽ സമുദ്രങ്ങളോടു ചേർന്നുള്ള നദീമുഖകേന്ദ്രത്തെ അടിസ്ഥാനമാക്കിയുള്ള നിഗമനങ്ങൾ, വിദേശവാണിജ്യബന്ധത്തെക്കുറിച്ചുള്ള പരാമർശങ്ങൾ എന്നിവയെ മാത്രമാണ് അടിസ്ഥാനമാക്കുന്നത്. അതിന്റെ പോരായ്മകൾ എന്തൊക്കെയാണെന്ന് പിന്നീട് പറയാം.

പേരാറിന്റെ പോഷകനദികളായ ഗായത്രിപ്പുഴയുടെയും അമരാവതി (ചിറ്റൂർ)പ്പുഴയുടെയും മധ്യത്തിലായി തകർന്നടിഞ്ഞു കിടക്കുന്ന എണ്ണമറ്റ ചരിത്രാവശിഷ്ടങ്ങളിൽ ഭൂരിഭാഗവും കരിങ്കൽനിർമ്മിത ക്ഷേത്രാധിഷ്ഠാനങ്ങളത്രെ. ഈ ലേഖകൻ ഈ പ്രദേശങ്ങളിൽനിന്ന് ഡോക്യുമെന്റ് ചെയ്ത എഴുപതോളം ക്ഷേത്രാധിഷ്ഠാനങ്ങളിൽ ഭൂരിഭാഗവും വൃത്താകൃതിയിലും ചതുരാകൃതിയിലും ഗജ പൃഷ്ടാകൃതിയിലുമുള്ള കരിങ്കൽ നിർമിതികളാണ്. അവയിൽ ചിലത്, തകർക്കപ്പെട്ടതിനു ശേഷം, ഭാഗികമായി പുനരുദ്ധാരണം നടന്നവയും പൂർണ്ണമായി ഉപേക്ഷിക്കപ്പെട്ടവയുമാണ്.

ചില പ്രദേശങ്ങളിൽ തകർക്കപ്പെട്ട ക്ഷേത്രങ്ങളിലെ കരിങ്കല്ലുകൾ മുഴുവനുമായി നീക്കം ചെയ്ത് പുരയിടങ്ങളും കൃഷിയിടങ്ങളുമാക്കി പരിവർത്തനം ചെയ്തിരിക്കുന്നു. വിശാലമായി പരന്നുകിടക്കുന്ന വലിയ ക്ഷേത്രങ്ങളിൽ പലതും അതേ വലിപ്പത്തിൽ ശ്രീകോവിൽ പണിയാനുള്ള പ്രാപ്തി കുറവുകാരണം പകുതിയാക്കി കുറച്ച് പുനർനിർമ്മിച്ചിരിക്കുന്നു. ചിലതിന്റെയൊക്കെ കൈവശവകാശം യഥാർത്ഥ ഉടമസ്ഥരിൽനിന്ന് മാറി മറ്റുള്ളവരുടെ കൈകളിലെത്തിയിരിക്കുന്നു. തകർക്കപ്പെട്ട ക്ഷേത്രങ്ങളിൽ ഭൂരിഭാഗവും ഉപേക്ഷിക്കപ്പെട്ടവയാണ്. ഇവയുടെയൊക്കെ അധിഷ്ഠാനം, സോപാനം, പ്രണാളി എന്നിവയുടെ കരിങ്കല്ല വശിഷ്ടങ്ങൾ പല ഭാഗങ്ങളിലായി ഇപ്പോഴും ചിതറിക്കിടക്കുന്നു. തകർന്നുകിടക്കുന്ന ക്ഷേത്രാധിഷ്ഠാനങ്ങളുടെ ജഗതി, വൃത്താകൃതിയിലും ത്രിപ്പട്ടാകൃതിയിലുമുള്ള കുമുദ, പട്ടിക, ഗള എന്നിവ പല ഭാഗങ്ങളിലായി ഇപ്പോഴും മണ്ണിനടിയിലും പുറമെയുമായി ചിതറിക്കിടക്കുന്നു. തകർന്നടിഞ്ഞ മുഖമണ്ഡപങ്ങൾ പല ഭാഗങ്ങളിലും കാറ്റും മഴയും വെയിലുമേറ്റ് അവഗണിക്കപ്പെട്ടു കിടക്കുന്നത് വേദനിപ്പിക്കും. ചതുരാകൃതിയിലുള്ള ക്ഷേത്രങ്ങളിൽ ശ്രീകോവിലിനെ ബന്ധിപ്പിച്ചിരിക്കുന്ന മുഖമണ്ഡപവും, വൃത്താകൃതിയിലുള്ള ക്ഷേത്രത്തിൽ പ്രത്യേക മുഖമണ്ഡപവും തകർന്ന നിലയിലാണ്. ഒരുകാലത്ത് വേദപാരായണംകൊണ്ട് മുഖരിതമായ എത്രയോ മുഖമണ്ഡപങ്ങളാണ് തകർക്കപ്പെട്ടും ജീർണ്ണാവസ്ഥയിലും അവഗണനയേറ്റും കിടക്കുന്നത്. ധ്വജസ്തംഭം എന്ന സങ്കൽപം പിന്നീടു കടന്നുവന്ന ക്ഷേത്രസങ്കൽപമായതുകൊണ്ടാവാം, തകർക്കപ്പെട്ടു കിടക്കുന്ന ഭാഗത്ത് അത് കാണാത്തത്. എന്നാൽ, ചില ക്ഷേത്രങ്ങളിൽ പദ്മപാദത്തോടുകൂടിയ ഉയരമുള്ള കരിങ്കൽസ്തംഭങ്ങളുണ്ട്. കുമുദവും കുമുദപ്പടിയും ഉണ്ട്. ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും സ്വാധീനമുള്ള നിരവധി ക്ഷേത്രങ്ങളും തകർക്കപ്പെട്ട നിലയിൽ ഇവിടെനിന്ന് കണ്ടെത്തിയിട്ടുണ്ട്. അവയിൽ പലതും ഹൈന്ദവരീതിയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ചേര, ചോള, പാണ്ഡ്യ, പല്ലവ, ചാലൂക്യ രാജവംശങ്ങളുടെ സ്വാധീനം ക്ഷേത്രനിർമ്മിതിയിൽ ദർശിക്കാം. ഈ ക്ഷേത്രാധിഷ്ഠാനങ്ങളുടെയും രാജവംശ ആസ്ഥാനമന്ദിരങ്ങളുടെയും പരിസരങ്ങളിൽ വിശദമായി ഉൽഖനനം നടത്തിയാൽ പല ചരിത്രരഹസ്യങ്ങളും പുറത്തുകൊണ്ടുവരാൻ കഴിയും.

കേരളത്തിന്റെ പ്രവേശനകവാടത്തിൽ എന്തുകൊണ്ടാണ് ഇത്രയും തകർക്കപ്പെട്ടുകിടക്കുന്ന ക്ഷേത്ര അധിഷ്ഠാനങ്ങളും രാജവംശ ആസ്ഥാനങ്ങളും കോട്ടകളുടെ അവശി




ഷ്ടങ്ങളും കാണുന്നത്? അതിന്റെ ശാസ്ത്രീയ അടിത്തറ നാളിതുവരെയും വിശകലനവിധേയമാക്കിയിട്ടില്ല. ഇത്തരം ചരിത്രാവശിഷ്ടങ്ങളുടെ ശരിയായ കണക്കെടുപ്പ് ഔദ്യോഗിക തലത്തിൽ നടന്നിട്ടില്ല എന്നതും കുറ്റകരമായ അനാസ്ഥയാണ്.

പുറമെനിന്നും വന്നവരുടെ ആക്രമണങ്ങളിലൂടെയാണ് പാലക്കാട് ജില്ലയിൽ കണ്ടെത്തിയിട്ടുള്ള ക്ഷേത്രാധിഷ്ഠാനങ്ങളും കോട്ടകൊത്തളങ്ങളും രാജവംശ ആസ്ഥാനമന്ദിരങ്ങളും തകർക്കപ്പെട്ടതിനു കാരണമെന്നത് അവിതർക്കമായ ചരിത്രസത്യമാണ്. ഇതിന്റെ ഭൂമിശാസ്ത്രവിസ്തൃതി മലബാറിലും എറണാകുളത്തിനുമപ്പുറമുള്ള തിരുവിതാംകൂറിലുമൊക്കെ നീണ്ടുകിടക്കുന്നു. ഈ പ്രദേശങ്ങളിലൊക്കെ തകർക്കപ്പെട്ട ക്ഷേത്രങ്ങളുടെ നിരവധി ഉദാഹരണങ്ങൾ ഈ ലേഖകൻ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. അതിൽ ശ്രദ്ധേയമായ ഒരു വസ്തുത, മറ്റു പ്രദേശങ്ങളിൽ വലുതെങ്കിലും ഒറ്റപ്പെട്ട രീതിയിലാണ് ക്ഷേത്രധ്വംസനങ്ങൾ കാണാൻ കഴിഞ്ഞിട്ടുള്ളത് എന്നതാണ്. പക്ഷേ, ഗായത്രിപ്പുഴയുടെ തടത്തിലാണ് ഇത്തരം ചരിത്രാവശിഷ്ടങ്ങളുടെ എണ്ണമറ്റ കൂമ്പാരമുള്ളത്. ഇവയുടെ ആഴവും വ്യാപ്തിയും വിശകലനവിധേയമാക്കാം. അതിനു മുമ്പായി ചില അപ്രിയ കാര്യങ്ങൾ പരാമർശിക്കപ്പെടാതെ തരമില്ല.

ഇവിടെ നടപ്പിലാക്കിയത് അഫ്ഗാനിസ്താനിലെയും ലിബിയയിലെയും മറ്റും ചരിത്രപ്രാധാന്യമുള്ള ബുദ്ധപ്രതിമകൾ തകർത്തതിന്റെയും അപ്പുറമുള്ള 'താലിബാനിസ'മാണ്. ക്ഷേത്രധ്വംസനങ്ങളുടെ പിന്നിലെ മനഃശാസ്ത്രം ക്ഷേത്രബിംബത്തിന്നടിയിൽ കുഴിച്ചിട്ടുള്ള സ്വത്ത് തട്ടിയെടുക്കുക മാത്രമാണ് ലക്ഷ്യമിട്ടിരുന്നതെങ്കിൽ പ്രതിഷ്ഠകൾ മാറ്റിവയ്ക്കുക മാത്രമെ ചെയ്യുമായിരുന്നുള്ളൂ. എന്നാൽ, ഇവിടെ ദർശിക്കാൻ കഴിഞ്ഞത് ദുർഗ്ഗയുടെയും വിഷ്ണുവിന്റെയും മുരുകന്റെയും ശിവലിംഗത്തിന്റെയും മറ്റും മനോഹരമായ കരിങ്കൽ പ്രതിഷ്ഠകളുടെ അരക്കെട്ടിന്റെ ഭാഗത്തുവച്ച് തകർത്തിരിക്കുന്നു. ചില പ്രതിഷ്ഠകളുടെ കഴുത്ത് മാറ്റിയിരിക്കുന്നു. പ്രധാന പ്രതിഷ്ഠകളുടെയും ദ്വാരപാലകൻമാരുടെയും മൂക്കും കൈകളും ഒടിച്ചുമാറ്റിയിരിക്കുന്നു. അധിഷ്ഠാനത്തിലെ സോപാനവും പ്രണാളിയും തകർത്തുകളഞ്ഞിരിക്കുന്നു. ഭിത്തി പൂർണ്ണമായും ഇടിച്ചുനിരത്തിയ സ്ഥിതിയിലാണ്.

ഇത്രത്തോളം ധ്വംസനം എന്തുകൊണ്ട്? അതിനു പിന്നിലുള്ള മനഃശാസ്ത്രവും ചരിത്രപശ്ചാത്തലവുമാണ് വിശകലനവിധേയമാക്കേണ്ടത്. ചാലൂക്യ, പല്ലവ, പാണ്ഡ്യ, ചോള, സാമൂതിരി കാലഘട്ടങ്ങളിലൊക്കെ ഇവിടം ആക്രമിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചുട്ടുചാമ്പലാക്കപ്പെടുകയും ചെയ്തിട്ടുള്ളതിന് നിരവധി ശിലാലിഖിത തെളിവുകൾ ഉണ്ട്. ഹൈദരാലിയുടെയും ടിപ്പുവിന്റെയും ബ്രിട്ടീഷുകാരുടെയും ആക്രമണങ്ങൾക്കും അധിനിവേശങ്ങൾക്കും ഈ പ്രദേശങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ടിപ്പുസുൽത്താന്റെ ആക്രമണത്തിലൂടെയാണ് ഇത്തരം സാംസ്കാരിക ധ്വംസനം നടന്നത് എന്ന് ഒരുപറ്റം ആളുകൾ വിശ്വസിക്കുന്നു. അതിന്റെ ശാസ്ത്രീയ അടിത്തറയാണ് വിശകലനവിധേയമാക്കേണ്ടത്. അതിലേക്കെത്തണമെങ്കിൽ, ഏതൊക്കെ ചരിത്രസാംസ്കാരിക സ്മാരകങ്ങൾ, കോട്ടകൊത്തളങ്ങൾ തകർക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യം പരിശോധിക്കേണ്ടിവരും●



**നെൻമേനി കോവിലകംപറമ്പിന്റെ ചരിത്രവിവക്ഷകൾ പരിശോധിക്കുമ്പോൾ ലഭിക്കുന്ന പുതുവെളിച്ചം**

# പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

# ചരിത്രരഹസ്യം പുതഞ്ഞ നെൻമേനി കോവിലകംപറമ്പ്


മധ്യകാലഘട്ടത്തിനു മുമ്പ് നിലനിന്നിരുന്ന രാജവംശങ്ങളുടെ ആസ്ഥാന കേന്ദ്രങ്ങൾ കൃത്യമായി സ്ഥാനനിർണ്ണയം നടത്താൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല. പരിമിതമായ ചരിത്രരചനകളിൽ പരാമർശിക്കപ്പെട്ട വിവരങ്ങളെ അടിസ്ഥാനമാക്കി ചില ചരിത്രാന്വേഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവയെല്ലാം അപൂർണ്ണങ്ങളാണ്. നിരവധി നാട്ടുരാജ്യങ്ങളുടെ ആസ്ഥാനകേന്ദ്രങ്ങളെക്കുറിച്ച് നമുക്ക് അറിവുണ്ടെങ്കിലും അവയെല്ലാം പതിമൂന്നാം നൂറ്റാണ്ടിനു ശേഷം രൂപംകൊണ്ടവയും വികാസം പ്രാപിച്ചവയുമാണ്. ചരിത്രത്തിന്റെ ഏറ്റവും ഒടുവിലത്തെ ഘട്ടങ്ങളിൽ വളർച്ചപ്രാപിച്ച രാജവംശങ്ങളുടെ വിലയിരുത്തലുകൾക്കിടയിൽ മധ്യകാലഘട്ടത്തിലും അതിനു മുമ്പും നിലനിന്നിരുന്നതിനു വ്യക്തമായ തെളിവുകളുള്ള രാജവംശത്തിന്റെ അടിത്തറകൾ കണ്ടെത്താനുള്ള ഇച്ഛാശക്തി നാം കാണിക്കുന്നില്ല. കൊടുങ്ങല്ലൂരിലും പട്ടണത്തും പരാജയപ്പെട്ട ചേരരാജവംശ ആസ്ഥാനകേന്ദ്രത്തെക്കുറിച്ചുള്ള അന്വേഷണം മറ്റു മേഖലകളിൽ മാറിച്ചിന്തിച്ച് അന്വേഷിക്കാനുള്ള ചരിത്രദൗത്യം നാം വേണ്ടവിധം നിർവഹിച്ചിട്ടില്ല.

പ്രാചീന ചേരനാടിന്റെ ഹൃദയഭൂവായ നെൻമേനി കോവിലകം പറമ്പിന് ചരിത്രവിസ്മൃതിയുടെ നിരവധി തെളിവുകൾ നിരത്താനുണ്ട്. ഈ ലേഖകന്റെ ശ്രമഫലമായി സംസ്ഥാന പുരാവസ്തു വകുപ്പ് 1998-ലും 1999-ലും രണ്ടു തവണ ഇവിടം ഉൽഖനനവിധേയമാക്കിയെങ്കിലും അതെല്ലാം പേരിനു മാത്രമായിരുന്നു. നാമമാത്രമായ തുക (യഥാക്രമം 8000 രൂപയും, 20000 രൂപയും) രണ്ടു വർഷങ്ങളിലായി അനുവദിച്ചു നടത്തിയ ഉൽഖനനത്തിൽ പല ചരിത്രാവശിഷ്ടങ്ങളും ലഭിച്ചിരുന്നു. അവയെല്ലാം ആ പ്രദേശത്തുതന്നെ നടത്തേണ്ട തുടർചരിത്രാന്വഷണത്തിന്റെ താക്കോൽ മാത്രം. ഉൽഖനനത്തിന്



**കോവിലകം പറമ്പ് കൽമണ്ഡപം**





പ്രാദേശികമായി തൊഴിലാളികളുടെ പ്രയത്നംകൂടി പ്രയോജനപ്പെടുത്തി. പക്ഷേ, അനുവദിച്ച തുക ചില കൂലിയിനത്തിലും ഉദ്യോഗസ്ഥവൃന്ദത്തിന്റെ ചെലവുകൾക്കും നിർവഹിക്കുമ്പോഴേക്കും തീർന്നു. സംസ്ഥാന പുരാവസ്തുവകുപ്പിന് വിപുലമായ രീതിയിൽ ശാസ്ത്രീയ ഉൽഖനനം നടത്താനുള്ള സാങ്കേതിക മികവും ആളും അർത്ഥവും ഇല്ലാതെ പോയതും മറ്റൊരു ദുര്യോഗം. പുത്തൻ അന്വേഷണങ്ങൾ വരുമ്പോൾ അത് നിലവിലുള്ള ചരിത്രസങ്കൽപങ്ങളെ തിരുത്തിക്കുറിക്കും. ആ ചിന്ത നമ്മുടെ ചരിത്രാന്വേഷണഗതിയെ പ്രതികൂലമായി സ്വാധീനിച്ചിട്ടുണ്ട്. തകർക്കപ്പെട്ട രാജവംശ ആസ്ഥാനങ്ങളെയും ക്ഷേത്രാധിഷ്ഠാനങ്ങളെയും കുറിച്ചുള്ള വിലയിരുത്തലുകളിൽ ഈ വസ്തുതകളെയും പരിഗണിക്കേണ്ടതുണ്ട്.

**നെൻമേനി കോവിലകംപറമ്പ് - ചരിത്രാന്വേഷണ നാൾവഴി**

കൊല്ലങ്കോട് ടൗണിൽനിന്ന് രണ്ടര കിലോമീറ്റർ തെക്കുകിഴക്കുമാറി നെൻമേനിയിലാണ് കോവിലകം പറമ്പിന്റെ സ്ഥാനം. ഇന്ന് അതൊരു ഹരിജൻ കോളനിയാണ്. ചരിത്രത്തിന്റെ ഈടുവെപ്പിലാണ് ഒരു നൂറ്റാണ്ടിനിപ്പുറം ഹരിജൻ അധിവാസ കോളനി രൂപംകൊണ്ടത് എന്ന വസ്തുത വിസ്മരിക്കാൻ കഴിയില്ല. രാജധാനി നിലനിൽക്കുന്ന സ്ഥലമെന്നാണ് 'കോവിലകം' എന്ന പദത്തിന്റെ അർത്ഥം. മുപ്പത് ഏക്കറിലധികം വിസ്തൃതിയാണ് ഇപ്പോൾ കോവിലകം പറമ്പിനുള്ളതെങ്കിലും അവയുടെ വ്യാപ്തി അതിലുമേറെയാണ്. അഞ്ച് കിലോമീറ്ററിലധികം റേഡിയസിൽ വ്യാപിച്ചുകിടക്കുന്ന സ്ഥലങ്ങളിൽ കണ്ടുവരുന്ന പുരാവസ്തു പ്രാധാന്യങ്ങളെല്ലാം കോവിലകം പറമ്പിലും ഉണ്ട്. ബ്രാഹ്മണരുടെ കൈവശഭൂമിയായിരുന്നു ഇവിടം. പിന്നീടത് മറ്റുള്ളവരുടെ കൈകളിലേക്ക് എത്തുകയായിരുന്നു. വെൺകുണ്ട്റനാട് വീരരവി വംശത്തിന്റെ ആസ്ഥാനകേന്ദ്രമാണിത്. മധ്യചരിത്രകാലഘട്ടത്തിലും ആദിചരിത്ര കാലഘട്ടത്തിലും നിലനിന്നിരുന്ന വെൺകുണ്ട്റനാടിന്റെ ശാസ്ത്രീയ അടിത്തറയെക്കുറിച്ച് വഴിയേ വിശദമാക്കാം.

തകർക്കപ്പെട്ട രാജവംശ ആസ്ഥാനകേന്ദ്രമായതിനാൽ നിരവധി പുരാവസ്തു തെളിവുകൾ അതിന്റെ സ്മാരകമെന്നോണം ഇവിടെ മണ്ണിനടിയിലും മുകളിലുമായി കാണാം. പുരാവസ്തു വകുപ്പ് ഉൽഖനനം നടത്തിയെന്നു സൂചിപ്പിച്ചുവല്ലോ. പക്ഷേ, രാജവംശത്തിന്റെ ആസ്ഥാനം കണ്ടെത്തുന്ന ദിശയിലേക്കു നീങ്ങാൻ അതിനു കഴിഞ്ഞിരുന്നില്ല. രണ്ടാംഘട്ട ഉൽഖനനവേളയിൽ തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം ഈ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രം ചിത്രീകരിക്കാനെത്തിയത് തികച്ചും യാദൃച്ഛികവും നിമിത്തവുമായിരുന്നു. മൂന്നു എപ്പിസോഡിൽ 'വെങ്കിനാടിന്റെ സൂര്യവംശസ്മൃതികൾ' എന്ന ഡോക്യുമെന്ററി (സംവിധാനം കെ.എസ്. രാജശേഖരൻ, രചനയും ഗവേഷണവും ഈ ലേഖകൻ) ശാസ്ത്രീയ രീതിയിലാക്കാൻ അതു സഹായിച്ചു. 'വെങ്കിനാട് ബെക്കന്റ്'' എന്ന പേരിൽ ഇംഗ്ലീഷിലും ഇവ തയ്യാറാക്കിയിരുന്നു. മികച്ച ഡോക്യുമെന്ററിക്കുള്ള സംസ്ഥാന-ദേശീയ പുരസ്കാരങ്ങൾക്ക് ഈ ചരിത്രഡോക്യുമെന്ററി നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു. കോവിലകം പറമ്പിൽ സംസ്ഥാന പുരാവസ്തുവകുപ്പ് നടത്തിയ ഉൽഖനനവും മഹാശിലായുഗ സ്മാരകത്തിന്റെ ഉൽഖനനവും ചിത്രീകരിക്കാൻ കഴിഞ്ഞതിനു പുറമെ ചരിത്രപ്രാധാന്യമുള്ള അയൽപ്രദേശങ്ങളെക്കുറിച്ച് ഏകദേശ വിവരണം നൽകാനും അതിലൂടെ കഴിഞ്ഞിരുന്നു. ഭാഗികമായി മൂടപ്പെട്ടുകിടന്നിരുന്ന കരിങ്കൽ നിർമ്മിതകിണറിന്റെ ഉൽഖനനവും സ്ട്രാറ്റിഗ്രാഫി ഉൽഖനനവും ചിത്രീകരിച്ചിരുന്നു.

**ബാല്യത്തിന്റെ പ്രചോദനം**

ഈ ലേഖകന്റെ ചരിത്രാന്വേഷണത്വരയ്ക്ക് പ്രത്യേകമായ ഘടകം ഈ കോവിലകംപറമ്പിനെക്കുറിച്ച് കുട്ടിക്കാലത്തു ലഭിച്ച ഉൾക്കാഴ്ചകളാണെന്ന് സവിനയം പറയട്ടെ. കോവിലകംപറമ്പിന്റെ നിഗൂഢ ചരിത്രപശ്ചാത്തലത്തെക്കുറിച്ച് മുത്തശ്ശി പറഞ്ഞുതന്ന അറിവുകളാണ് പഴമക്കാരിൽനിന്നും മറ്റുമൊക്കെ കൂടുതൽ ചോദിച്ചറിയാനുള്ള കൗതുകമുണർത്തിയത്. നാലഞ്ച് തലമുറകൾ അഞ്ഞൂറുവർഷം വരെ പിറകോട്ടു പോകുന്ന കുടുംബചരിത്രത്തിൽ ആ പൂർവ്വികർ പിൻതലമുറക്കു കൈമാറിയ വിവരങ്ങളാണ് മുത്തശ്ശിയിലൂടെ ഈ ലേഖകന് കിട്ടിയത്. ടിപ്പുസുൽത്താന്റെ ആക്രമണത്തിലൂടെയാണ് കോവിലകംപറമ്പിലെ കൊട്ടാരം പൂർണ്ണമായും തകർക്കപ്പെട്ടതെന്ന ആധികാരിക വിവരം

അങ്ങനെ ലഭിച്ചതാണ്. ആക്രമണവേളയിൽ ഗർഭിണിയായ ഒരു ബ്രാഹ്മണസ്ത്രീ സമീപത്തെ കൽമണ്ഡപങ്ങളുള്ള കുണ്ടുകുളത്തിൽ ചാടി ആത്മഹത്യചെയ്തു എന്നും പറയപ്പെടുന്നു. ടിപ്പുവിന്റെ ആക്രമണത്തിനു മുമ്പും അതിനു ശേഷവും തകർക്കപ്പെട്ട പല സാധനങ്ങളും ക്ഷേത്രാവശിഷ്ടങ്ങളും സമീപത്തെ കരിങ്കൽനിർമ്മിത കിണറ്റിലിട്ട് മൂടുകയായിരുന്നു എന്നതാണ് അതിലൊന്ന്. കോവിലകംപറമ്പിലെ കിണറിനകത്തും കൽപ്പടവുകളായിരുന്ന കുണ്ടുകുളത്തിലും ചരിത്രാവിശിഷ്ടങ്ങളും നിധികുംഭങ്ങളും ഉണ്ടെന്നു പറയപ്പെടുന്നു. ഇവിടുത്തെ രാജവംശത്തിന്റെ ചരിത്രം സൂചിപ്പിക്കുന്ന ശിലാലിഖിത ഫലകം കിണറിന്റെ കരയിലുണ്ടായിരുന്നത് കിണറിനകത്തേക്ക് മറിഞ്ഞുകിടക്കുന്നുണ്ട്. കൊല്ലങ്കോട് കോവിലകംമുക്കിൽ ഇപ്പോൾ കാണപ്പെടുന്ന കൊട്ടാരത്തിന്റെ ആദ്യകാല ആസ്ഥാനം നെൻമേനിയാണെന്നും, ഇവ തകർക്കപ്പെട്ടതിനു ശേഷമാണ് കോവിലകംമുക്കിലേക്ക് മാറിയതെന്നും പറയപ്പെടുന്നു. വെങ്കിനാട് രാജവംശത്തെക്കുറിച്ച് വിശദീകരിക്കുമ്പോൾ പതിമൂന്നാം നൂറ്റാണ്ടിനു ഇപ്പുറവും അപ്പുറവുമുള്ള കാലഘട്ടത്തിലേക്ക് കടക്കുമ്പോഴേ വെൺകുണ്ടനാട് രാജവംശത്തിന്റെ ഏറ്റക്കുറച്ചിലുകൾ ബോധ്യമാകുകയുള്ളു.

ഏകദേശം നൂറുവർഷം മുമ്പുവരെ വെങ്കിനാട് രാജകുടുംബാംഗങ്ങൾ നെൻമേനി കോവിലകം പറമ്പും ഇവിടെ മൂടപ്പെട്ടു കിടന്നിരുന്ന കിണറും കൽമണ്ഡപവും കുണ്ടുകുളവും മറ്റും സന്ദർശിച്ച് അൽപസമയം പ്രാർത്ഥിച്ചുപോയിരുന്ന കാര്യവും പഴമക്കാർ സൂചിപ്പിച്ചിട്ടുണ്ട്. അന്നൊക്കെ കോവിലകം പറമ്പു മുഴുവൻ വീതിയും നീളവുമുള്ള വലിയ കരിങ്കൽക്കൂമ്പാരങ്ങൾകൊണ്ട് നിറഞ്ഞുകിടന്നിരുന്നു. ഒരുകാലത്ത് തകർക്കപ്പെട്ടും പരിപൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടും ഒരു പ്രേതനഗരമായി കിടന്നിരുന്ന ഇവിടെ ഈ ലേഖകന്റേതടക്കം അഞ്ചു വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് വിവിധ ഘട്ടങ്ങളിലായി സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരും ഹരിജനങ്ങളും ഇവിടേക്ക് താവളം മാറ്റി. ബ്രാഹ്മണരുടെയും നായൻമാരുടെയും നമ്പൂതിരിമാരുടെയുമൊക്കെ പൈതൃകം പേറിയിരുന്ന ഇവിടെ നൂറ്റാണ്ടുകൾക്കു ശേഷമുള്ള കുടിയേറ്റത്തിലൂടെ ഈഴവരും ചെറുമരും പാണരും അധിവാസമുറപ്പിച്ചു. കോവിലകംപറമ്പിലെ തകർന്നടിഞ്ഞ കരിങ്കല്ലുകളെല്ലാം തന്നെ പിൽക്കാലത്ത് ടിപ്പുസുൽത്താന്റെ കോട്ടനിർമ്മാണത്തിനും, ഇവിടെ താമസമുറപ്പിച്ചവരുടെ വീടുനിർമ്മാണത്തിനും എടുത്തുകൊണ്ടുപോയി. വീടുനിർമ്മാണത്തിന് കുഴികളെടുക്കുമ്പോൾ, കൊട്ടാരത്തിന്റെ അടിത്തറയിൽനിന്ന് വീതിയേറിയ അസ്ഥിവാരകല്ലുകൾ ധാരാളമായി ലഭിക്കാറുണ്ടെന്ന് പരിസരവാസികൾ പറയാറുണ്ട്. ഇനിയും ഉൽഖനനം നടത്തിയാൽ കൂടുതൽ അസ്ഥിവാരകല്ലുകൾ ലഭിക്കും.


സാമൂതിരിയുടെ കാലഘട്ടത്തിനു മുമ്പുള്ള നിരവധി നാണയങ്ങൾ ഇവിടെനിന്നും ഈ ലേഖകൻ കണ്ടെത്തിയിട്ടുണ്ട്. കോവിലകംപറമ്പിൽ വിശദമായി ഉൽഖനനം നടത്തിയാൽ രാജവംശത്തിന്റെ അടിത്തറ കണ്ടെത്താൻ കഴിയുമെന്ന് ചൂണ്ടിക്കാട്ടി പുരാവസ്തു വകുപ്പിനു നിവേദനം നൽകുന്ന ഘട്ടത്തിലാണ് കോവിലകംപറമ്പിന്റെ ബാക്കി ഭാഗത്ത് ഹരിജൻ കോളനിയാക്കാൻ പഞ്ചായത്തും സർക്കാരും തീരുമാനമെടുത്തത് എന്നതാണ് വേദനാജനകം. പഴയ രാജവംശത്തിന്റെ അടിത്തറ തകർത്ത് അവസാനത്തെ ആണിയും അടിക്കുന്ന തീരുമാനമായിരുന്നു അത്. ഇന്ന് അമ്പതോളം വീടുകൾ കോവിലകംപറമ്പിന്റെ ഹൃദയഭാഗത്ത് നിർമ്മിച്ചിരിക്കുന്നു. കോവിലകം പറമ്പിന്റെ പേരിനെ അന്വർത്ഥകമാക്കുംവിധം മൈതാനം കണക്കെ ഒരു പ്രദേശമുണ്ട്. ഇവിടെയും മറ്റു പ്രദേശങ്ങളിലും ഉൽഖനനം നടത്തിയാൽ വെൺകുണ്ടനാടിന്റെ രാജകൊട്ടാരത്തിന്റെ അടിത്തറ പുറത്തുകൊണ്ടുവരുവാൻ കഴിയും. അതിലൂടെ മധ്യകാലഘട്ടത്തിലും അതിനു മുമ്പും നിലനിന്നിരുന്ന രാജവംശത്തിന്റെ അടിത്തറയിലേക്കാണ് ചെന്നെത്തുക. ചേരനാട്ടിൽ മറ്റെങ്ങും ദർശിക്കാൻ കഴിയാത്ത ഒരു രാജവംശത്തിന്റെ ആസ്ഥാനത്തിലേക്കാണ് നാം കടന്നുചെല്ലുന്നത്.

**കൽമണ്ഡപങ്ങൾ**

ചരിത്രത്തിന്റെ പുനർനിർമ്മിതിയിൽ പുരാവസ്തു പ്രാധാന്യമുള്ള തെളിവുകളും അതിനു ഉപോൽ ബലകമായ തെളിവുകളും രേഖകളും സമന്വയിക്കേണ്ടതുണ്ട്. ഏതൊരു സംസ്കാരത്തിനും പരിപൂർണ്ണ നാശം സംഭവിക്കുമ്പോഴും അത് എന്തെങ്കിലുമൊരു സൂചന അവശേഷിക്കാതിരിക്കുകയില്ല എന്നത് ഒരു പ്രകൃതിനിയമമാണ്. കോവിലകംപറമ്പിന്റെ കഥയും അതുതന്നെ. ഇവിടുത്തെ തുറസായും അടഞ്ഞ രീതിയിലുമുള്ള കൽമണ്ഡപങ്ങൾ, കരിങ്കൽനിർമ്മിത കിണറുകൾ, നാണയങ്ങൾ, ക്ഷേത്രാവാശിഷ്ടങ്ങൾ എന്നിവയൊക്കെ വിശകലനവിധേയമാക്കേണ്ടതുണ്ട്.

കരിങ്കൽഭിത്തിയിൽ തൂണുകൾ ഉയർത്തി, ചുട്ട ഇഷ്ടികകൾകൊണ്ട് അടഞ്ഞിരിക്കും വിധം നിർമ്മിച്ചിരിക്കുന്ന കൽമണ്ഡപവും തുറസായ രീതിയിൽ നിർമ്മിച്ചിട്ടുള്ള കൽമണ്ഡപവുമാണ് ഇവിടെയുള്ളത്. കൽമണ്ഡപത്തിന് സമാന്തരമായി ഏകദേശം പത്തുമീറ്റർ വടക്കു മാറിയാണ് അടഞ്ഞുകിടക്കുന്ന കൽമണ്ഡപം സ്ഥിതിചെയ്യുന്നത്. പടിഞ്ഞാറ് അഭിമുഖമായാണ് കൽമണ്ഡപത്തിന്റെ നിർമ്മിതി. കരിങ്കല്ലുകൊണ്ട് നിർമ്മിച്ച അധിഷ്ഠാനത്തിന് ഏകദേശം ഒരു മീറ്റർ നീളത്തിലും അത്രതന്നെ വീതിയിലുമായി സമചതുരാകൃതിയിലാണ് ഈ കൽമണ്ഡപക്ഷേത്രസമുച്ചയം പണിതീർത്തിട്ടുള്ളത്. മഞ്ചകരീതിയിലാണ് നിർമ്മാണം. അധിഷ്ഠാനത്തിന്റെ പാദുകം ജഗതി, കുമുദ, പടി എന്നീ ശിൽപശാസ്ത്രലക്ഷണങ്ങളെയാണ് അവലംബിച്ചിട്ടുള്ളത്. തുളുനാട്ടിലെ മാന്ത്രികക്ഷേത്രത്തിന്റെയും അന്ധ്രാപ്രദേശിലെ ദാക്ഷാരാമാക്ഷേത്രത്തിന്റെയും ഭീമാവാരം ക്ഷേത്രത്തിന്റെയും മാതൃകയിലാണ് ഈ നിർമ്മിതി. 0.48 മീറ്റർ ഉയരവും 0.80 മീറ്റർ ഉയരവുമുള്ള സോപാനം തുമ്പിക്കൈ ആകൃതിയോടുകൂടിയ ഹസ്തിഹസ്തി രീതിയിലുള്ളവയാണ്. ഒരു ചെറിയ ചരടിന്റെ വലുപ്പത്തിലുള്ള കൊത്തുപണിയേ സോപാനത്തിലുള്ളു. ബാക്കിയൊന്നിലും കൊത്തുപണികളോ ചിത്രവേലകളോ ഇല്ല. അതുകൊണ്ടുതന്നെ ക്ഷേത്രനിർമ്മാണത്തിന്റെ കാലപ്പഴക്കവും കൂടുതലാണ്. പാദുകത്തിലെ ജഗതി, കുമുദ എന്നിവയൊക്കെ ദീർഘചതുരാകൃതിയിൽ കരിങ്കൽപ്പാളികൾകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഗർഭഗൃഹം സ്ഥിതിചെയ്യുന്ന നിലത്ത് ദീർഘചതുരാകൃതിയിലുള്ള കരിങ്കൽപ്പാളികൾ പതിച്ചിട്ടുണ്ട്. കുമുദത്തിന്റെ മുകളിൽനിന്നാണ് മണ്ഡപത്തിന്റെ 147 സെ.മീ. ഉയരത്തിൽ ഭിത്തി ആരംഭിക്കുന്നത്. ചെറുതും വലുതുമായ ചുട്ട ഇഷ്ടികകൾ കൊണ്ടാണ് ഭിത്തിയുടെ നിർമ്മാണം. കാറയും കുമ്മായവും നീറ്റിയാണ് ഇഷ്ടിക കെട്ടിപ്പൊക്കിയിട്ടുള്ളതും പുറമേതേച്ചിട്ടുള്ളതും.

കുമുദത്തിന്റെ നാലു മൂലകളിലായി 147 സെ.മീ. ഉയരത്തിൽ ഒറ്റക്കല്ലിൽ തീർത്ത തൂണുകൾ നാട്ടിയിട്ടുണ്ട്. ഈ തൂണുകൾക്കു മുകളിലായി മറ്റു കരിങ്കൽ ബാറുകൾ



സ്ട്രാറ്റിഗ്രാഫി



കൽമണ്ഡപത്തിലെ വിഗ്രഹം

ഉറപ്പിച്ചുനിർത്താൻ കഴിയുംവിധം 23 സെ.മി. കനത്തിൽ L ആകൃതിയിൽ നാലു കരിങ്കൽ താങ്ങുകൾ (Supporting brackets raffers) വച്ചിട്ടുണ്ട്. പന്തലിടുമ്പോൾ നാല് തൂണുകൾക്കു മുകളിലായി പോതികൾ കെട്ടുന്നതു പോലെ ദീർഘചതുരാകൃതിയിലുള്ള നാലു കരിങ്കൽപ്പാളികൾ മണ്ഡപത്തിലെ തൂണുകൾക്കു മുകളിൽ പോതിയായി (raffers) വച്ചിട്ടുണ്ട്. 269 സെ.മി. നീളത്തിലും 30 സെ. മീ. കനത്തിലും അത്രതന്നെ വീതിയിയിലുമുള്ള ഒറ്റക്കല്ലിലാണ് ഈ നാലെണ്ണവും സ്ഥാപിച്ചിട്ടുള്ളത്. ഈ പോതികൾക്കു മുകളിലായി 260 സെമീ. നീളത്തിലും 30 സെമീ. കനത്തിലും വീതിയിലുമുള്ള പരന്ന ഏഴ് കരിങ്കൽപ്പാളികളുണ്ട്. പന്തൽ ഇട്ടതുപോലെ പരന്നിരിക്കുന്ന മേൽക്കൂരക്കകത്ത് വെയിലോ മഴയോ ഒട്ടും ഏൽക്കാത്ത വിധത്തിലാണ് ഇവ ഉറപ്പിച്ചിരിക്കുന്നത്. മേൽക്കൂരയ്ക്കു മുകളിൽ കക്ക നീറ്റിയെടുത്ത കുമ്മായവും മറ്റും കൊണ്ടു നിർമ്മിച്ച കാറ ഇട്ടിട്ടുണ്ട്. ഈ മേൽക്കൂരയ്ക്കു മുകളിൽ പതിച്ചിട്ടുള്ള ചുട്ടഇഷ്ടികൾ പതിച്ച പ്രതലത്തിനു മുകളിലായാണ് കമാനാകൃതിയിൽ (dominial structures) നിർമ്മാണം നടന്നതിന്റെ ലക്ഷണങ്ങൾ കാണുന്നത്. അത് തകർന്ന നിലയിലാണ്. ഏകതലഗോപുരത്തിലാണ് ഇവയുടെ നിർമ്മാണശൈലിയെന്ന് മുകളിലെ അവശിഷ്ടങ്ങളിൽനിന്നും പഴമക്കാരിൽനിന്നും അറിയാൻ കഴിഞ്ഞു.

ഭിത്തിയിൽ തോരണങ്ങളോടുകൂടിയ മൂന്നു ഗണദ്വാരങ്ങൾ വടക്കും തെക്കും കിഴക്കും ഭിത്തികളിലായി നിർമ്മിച്ചിട്ടുണ്ട്. ഗർഭഗൃഹത്തിലേക്കുള്ള പ്രവേശനകവാടവും കരിങ്കൽ ബ്ലോക്കുകൾകൊണ്ട് നിർമ്മിതമാണ്. ഈ പ്രവേശനകവാടം പടിഞ്ഞാറു ഭാഗത്തായാണുള്ളത്. കോവിലകം പറമ്പിന്റെ കിഴക്കു ഭാഗത്താണ് കൽമണ്ഡപങ്ങൾ സ്ഥിതിചെയ്യുന്നത് എന്നതിനാൽ കൊട്ടാരത്തിന്റെ സ്ഥാനം കിഴക്ക് അഭിമുഖമായോ വടക്ക് അഭിമുഖമായോ ആവാം. പ്രവേശനകവാടത്തിൽ മരവാതിലുകൾ ഉറപ്പിക്കാനുള്ള ദ്വാരങ്ങളുണ്ട്. വാതിലുകൾ അപ്രത്യക്ഷ്യമായിട്ടുണ്ട്. ക്ഷേത്രവാതിലിന്റെ പ്രവേശനകവാടത്തിനു മുമ്പിൽ ചെറിയ കൽപ്പടികൾ (balustrades) വച്ചിട്ടുണ്ട്. ഇതിൽ കൊത്തുപണികളോ വരകളോ ദൃശ്യമല്ല. ക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് കുമുദത്തിനു മുകളിലായി പ്രണാളി വടക്കുദിശയിലായി സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ പകുതിഭാഗം പൊട്ടിയ നിലയിലാണ്. താങ്ങിനിൽക്കുന്നതിന് സഹായമില്ലാതെയാണ് പ്രണാളിയുടെ നിർമ്മാണം.

ക്ഷേത്രത്തിന്റെ വടക്ക് അഭിമുഖമായാണ് പ്രണാളി സ്ഥാപിച്ചിട്ടുള്ളതെങ്കിലും വിഗ്രഹത്തിൽ അഭിഷേകം ചെയ്ത തീർത്ഥജലം ഒഴുകാനുള്ള നാളീസൂത്രം കാണുന്നില്ല. അതേ സമയം, കരിങ്കല്ലുകൾ പാകിയ പ്രതലം പ്രണാളിക്ക് അഭിമുഖമായി ജലം ഒഴുകിപ്പോകാൻ പാകത്തിൽ ചരിഞ്ഞ സ്ഥിതിയിലാണ് നിർമ്മിച്ചിരിക്കുന്നത്.

ഗർഭഗൃഹത്തിന്റെ മധ്യത്തിലായി 40*35*30 സെ. മീ. വലുപ്പത്തിൽ ചതുരാകൃതിയിൽ ഒരു കരിങ്കൽ പീഠം ഉണ്ട്. പീഠത്തിനു മുകളിൽ ഭാഗികമായി തകർക്കപ്പെട്ട ഒരു കരിങ്കൽ ശിൽപം ഉണ്ടായിരുന്നു. ഇടുപ്പിനു താഴെവച്ചു മുറിക്കപ്പെട്ട ദേവീപ്രതിഷ്ഠയുടെ ഭാഗം നഷ്ടപ്പെട്ട അവസ്ഥയിലാണ്. ശിൽപത്തിൽ അടയാള ആഭരണങ്ങൾ അണിഞ്ഞിട്ടുണ്ട്. പ്രധാന ആരാധനാകേന്ദ്രത്തിന്റെ ചുററുഭാഗങ്ങളിൽനിന്ന് ബലിക്കല്ലുകളും കിട്ടിയിരുന്നു. എന്നാൽ, ഇതുപോലുള്ള ക്ഷേത്രത്തിൽ ബലിക്കല്ലുകൾ അവിഭാജ്യഘടകമാണ്. ചില കാരണങ്ങളാൽ അവ അവിടെനിന്നും മാററപ്പെട്ട നിലയിലാണ്. വിഗ്രഹത്തിന്റെ ഇടുപ്പിനുതാഴെയുള്ള ഭാഗം മാത്രമേ കാണപ്പെട്ടിരുന്നുള്ളൂ. ഇടുപ്പിനു മുകളിലുള്ള ഭാഗം പരിസരത്തെവിടെയും



*കൽമണ്ഡപം ഉൽഖനനത്തിനു ശേഷം*

കാണുന്നില്ല. ബലിക്കല്ലുകളിൽ പലതും കാണാതായ അവസ്ഥയിലാണ്. സോപാനം വീണുകിടക്കുന്നു. ഇവ നശിപ്പിക്കപ്പെട്ടത് ബോധപൂർവ്വമാണെന്നതു വ്യക്തം. മറ്റു ക്ഷേത്രങ്ങളിലേതുപോലെ മുഖമണ്ഡപം ഈ ക്ഷേത്രത്തിനില്ല. അതുകൊണ്ടുതന്നെ കാലപ്പഴക്കത്തെ ഇതു സൂചിപ്പിക്കുന്നു. പുരാവസ്തുവകുപ്പ് 8-10 നൂറ്റാണ്ടാണ് ഈ ക്ഷേത്രത്തിനു പഴക്കം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, ഇതിനു സമാനമായ ക്ഷേത്രങ്ങൾ 5-6 നൂറ്റാണ്ടിലാണ് പണികഴിപ്പിച്ചിട്ടുള്ളതെന്നു കാണാം. അതുകൊണ്ടു തന്നെ എട്ടാം നൂറ്റാണ്ടിനു മുമ്പ് ആദ്യകാല ക്ഷേത്രമാതൃകയിൽ നിർമ്മിച്ച കരിങ്കൽക്ഷേത്രനിർമ്മിതിയാണെന്ന് കൽമണ്ഡപത്തെയും കോവിലകം രാജവംശത്തെയും കുറിച്ചുള്ള വിശകലനത്തിൽ ബോധ്യപ്പെടുന്നു.

### തുറസായ കൽമണ്ഡപം

ഭിത്തികൊണ്ടു മറച്ച കൽമണ്ഡപക്ഷേത്രത്തിന്റെ അഞ്ചു മീററർ തെക്കു മാറിയാണ് തുറസായ കൽമണ്ഡപത്തിന്റെ സ്ഥാനം. പ്രധാന ആരാധനാലയത്തിന്റെ അതേ മാതൃകയിലാണ് ഇത് പണിതിട്ടുള്ളത്. പാദുകം, ജഗതി, കുമുദം, പടി, തൂണുകൾ, താങ്ങുകൾ, കഴുക്കോലുകൾ, മേൽപ്പുര എന്നിവയെല്ലാം കരിങ്കൽപ്പാളികൾകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഈ കൽമണ്ഡപത്തിന് ഭിത്തി കെട്ടിയിട്ടില്ല. ഏകദേശം 40 സെ. മീ. ഉയരത്തിൽ 2.60 മീററർ നീളവും അത്രതന്നെ വീതിയും 40 സെ.മീ. ഉയരവുമാണ് അധിഷ്ഠാനത്തിനുള്ളത്. കരിങ്കല്ലുകൾകൊണ്ടു തീർത്ത അധിഷ്ഠാനം ക്ഷേത്രശിൽപശാസ്ത്രത്തിന്റെ മാതൃകയിൽ മഞ്ചകരീതിയിൽ പണികഴിപ്പിച്ചിട്ടുള്ളതാണ്. അധിഷ്ഠാനത്തിന്റെ വടക്കു ഭാഗത്തായാണ് പ്രണാളി 108 സെ. മീ. നീളമുള്ള പ്രണാളി തുറന്ന രീതിയിലുള്ളതാണ്. പ്രണാളിയ്ക്കു താഴെ ആലിലയുടെ ആകൃതിയിലുള്ള അപൂർവ്വമായ കരിങ്കൽഫലകമുണ്ട്. തമ്പുതളി എന്ന പേരിലാണ് ഇവ അറിയപ്പെടുന്നത്. ഇവയ്ക്ക് 1.35 മീററർ നീളവും 0.90 മീററർ വീതിയുമാണുള്ളത്. തമ്പുതളിയുടെ ആന്തരികഭാഗത്തിന് 66 സെ.മി. നീളവും 61 സെ.മീ. വ്യാസവുമാണുള്ളത്. അഭിഷേകജലം ഒഴുകിപ്പോകാനുള്ള ലളിതമായ രീതി. പ്രണാളിയിലൂടെ ഒഴുകിവരുന്ന അഭിഷേകജലം ശേഖരിക്കുകയാണ് തമ്പുതളിയുടെ ഉദ്ദേശ്യം. മറ്റു ക്ഷേത്രങ്ങളിൽനിന്നും വ്യത്യസ്തമായി പാദുകം, കുമുദ, കുമുദപ്പടി എന്നിവ ഉൾക്കൊള്ളുന്നതാണ് അധിഷ്ഠാനം. അധിഷ്ഠാനത്തിനു നാലു മൂലയിലുമായി 147 സെ.മീ. ഉയരവും 0.30 മീററർ വീതിയിലുമായി നാലു കരിങ്കൽ നിർമ്മിത തുണുകൾ ഉണ്ട്. മണ്ഡപത്തിന്റെ മുകൾഭാഗത്ത് അതിർത്തി കെട്ടിയിരിക്കുംവിധം നാല് പോതികകൾ 0.44 മീററർ നീളത്തിലും 0.23 മീററർ ഉയരത്തിലുമായി സ്ഥാപിച്ചിട്ടുണ്ട്. ഒററക്കല്ലിൽ തീർത്ത എട്ടു പാളികൾ തൂണുകൾക്കു മുകളിൽ കരിങ്കൽപ്പട്ടിക അടിച്ചതുപോലെ മേൽക്കൂര തീർത്ത് സ്ഥാപിച്ചിട്ടുണ്ട്. നാലു പോതികകൾക്കു മുകളിലായാണ് അവയുടെ സ്ഥാനം. L ആകൃതിയുള്ള കരിങ്കൽ ബ്രാക്കററിന് 23 സെ.മീ. ഉയരമാണുള്ളത്. മണ്ഡപത്തിനു മുകളിൽ സ്ഥാപിച്ചിട്ടുള്ള കരിങ്കൽപ്പാളിയുടെ ഉയരം 30 സെ.മീ.

കൽമണ്ഡപത്തിന്റെ ശ്രീകോവിലകത്തെ കരിങ്കല്ലുകൾ നീക്കംചെയ്യപ്പെട്ട നിലയിലാണ്. മണ്ഡപത്തിന്റെ അധിഷ്ഠാനത്തിന്റെ നാലുമുക്കിൽനിന്നാണ് ഇവിടെയും ഒററക്കല്ലിലുള്ള നാലു കരിങ്കൽത്തൂണുകൾ സ്ഥാപിച്ചിട്ടുള്ളത്. ഈ കരിങ്കൽത്തൂണുകൾക്കു മുകളിലായാണ് L ആകൃതിയിൽ നാലു ഭാഗങ്ങളിലും സമചതുരാകൃതിയിൽ കരിങ്കൽ താങ്ങുകൾ സ്ഥാപിച്ചിട്ടുള്ളത്. അതിനു മുകളിലായാണ് കഴുക്കോലുകൾ പോലെ (rafters) ദീർഘചതുരാകൃതിയിലുള്ള കരിങ്കൽപ്പലകകൾകൊണ്ട്

മുകൾഭാഗം ആവരണം ചെയ്തിരിക്കുന്നത്. ഉയർന്ന സാങ്കേതികവിദ്യയും പൂർണ്ണതയും ഈ കരിങ്കൽപ്പലകകൾ വിരിക്കുന്നതിലും കാണാം. കരിങ്കൽപ്പലകകൾ വിരിച്ച് മേൽപ്പുര തീർത്തിട്ടുള്ളതിന്റെ മുകൾഭാഗത്ത് ചുട്ട ഇഷ്ടികകൾ കാണാം. അതുകൊണ്ടുതന്നെ മുകൾഭാഗം ഏകതല ഗോപുരത്തിന്റെ ആകൃതിയാണ് ഇതിനും ഉണ്ടായിരുന്നതെന്നു പറയാം. ഇവയൊക്കെ തകർക്കപ്പെട്ട നിലയിലാണ്.

കൽമണ്ഡപത്തിന്റെ നിർമ്മാണരീതിയും പ്രണാളിയുടെയും തമ്പുതളിയുടെ സാന്നിധ്യം സൂചിപ്പിക്കുന്നത് ശ്രീകോവിലിന്നകത്ത് പ്രതിഷ്ഠ ഉണ്ടായിരുന്നു എന്നുതന്നെയാണ്. എന്നാൽ, ഇവിടെ നിലത്ത് പതിച്ചിരിക്കുന്ന കരിങ്കൽപ്പാളികൾ നീക്കംചെയ്യപ്പെട്ട നിലയിലാണ്. അതുകൊണ്ടുതന്നെ, അവ ബോധപൂർവ്വം തകർപ്പെടുകയോ നീക്കംചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. ഈ കൽമണ്ഡപവും ഒരു ആരാധനാലയമായിരുന്നു എന്നതിൽ സംശയമില്ല. ഏതു പ്രതിഷ്ഠയാവുമിതെന്നു പറയാൻ കഴിയില്ല. വിഷ്ണുവിന്റെയോ ശിവന്റെയോ ബുദ്ധമതവുമായി ബന്ധപ്പെട്ട ശിൽപരൂപമോ ആവാം. വിശദമായ ഉൽഖനനത്തിലൂടെ അവയും സമീപത്തെ കുളത്തിൽനിന്നോ കരിങ്കൽനിർമ്മിത കിണറ്റിൽനിന്നോ കണ്ടെത്താവുന്നതാണ്.

അപൂർവ്വമായ സ്ഥലങ്ങളിലേ ഇത്തരം ആരാധനാകേന്ദ്രങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. കേരളത്തിൽ അവയുടെ സാന്നിധ്യമില്ലെന്നുതന്നെ പറയാം. ഇതിനു സമാനമായ കരിങ്കൽക്ഷേത്രം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ഉത്തർപ്രദേശിലെ ലളിത്പൂർ ജില്ലയിലെ ദേവഗഢിലെ ദശാവതാര വിഷ്ണുക്ഷേത്രത്തിനാണ്. ഈ ആരാധനാകേന്ദ്രം ആരു സ്ഥാപിച്ചുവെന്നു പറയാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ഗുപ്തകാലഘട്ടത്തിലും അതിനു ശേഷവുമാണ് നാലു കരിങ്കൽത്തൂണുകളോടെ ചെറിയ കൽമണ്ഡപ രൂപത്തിൽ ചതുരാകൃതിയിൽ ഗർഭഗൃഹം തീർത്ത് ക്ഷേത്രനിർമ്മിതി നടത്തിയിട്ടുള്ളത്. ഇതിന്റെ പ്രവേശനകവാടം



*കിണർ-കോവിലകം പറമ്പ്*

ഗുഹാക്ഷേത്രങ്ങളിലേതുപോലെ കരിങ്കല്ലുകൾകൊണ്ട് തീർത്ത ചെറിയ വാതിലോടുചേർന്നവയാണ്. ദേവഗഢിലെ വിഷ്ണുക്ഷേത്രം പണിതിട്ടുള്ളത് അഞ്ചാം നൂററാണ്ടിലാണ്. നമ്മുടെ പുരാവസ്തുവകുപ്പ് കോവിലകം പറമ്പിലെ കൽമണ്ഡപക്ഷേത്രങ്ങൾക്കു നൽകിയിട്ടുള്ള കാലപ്പഴക്കം 8, 9 നൂററാണ്ടുകളാണ്. എന്നാൽ, വെൺകുണ്ട്റനാടിന്റെ ചരിത്രവും ഇവിടത്തെ ആരാധനാസമുച്ചയങ്ങളുടെ സവിശേഷതകളും, കൽമണ്ഡപങ്ങളുടെ ദക്ഷിണേന്ത്യയിലെയും ഉത്തരേന്ത്യയിലെയും എട്ടാം നൂറ്റാണ്ടിനുമുമ്പുള്ള ക്ഷേത്രങ്ങളുമായുള്ള സാദൃശ്യവും ഒരു കാര്യം വ്യക്തമാക്കുന്നു. നെൻമേനി കോവിലകംപറമ്പിലെ വെൺകുണ്ട്റനാടുമായി ബന്ധമുള്ള ഈ കൽമണ്ഡപത്തിന്റെ നിർമ്മാണം ആറാം നൂററാണ്ടിന്റെ അവസാനമോ ഏഴാം നൂററാണ്ടിന്റെ ആരംഭത്തിലോ ആവാനാണ് സാധ്യത ●


മലയാളത്തിന്റെ സാംസ്കാരിക തനിമ

ശാന്തം മാസിക

വാർഷിക വരിസംഖ്യ 150 രൂപ, ദ്വൈവാർഷിക വരിസംഖ്യ 270 രൂപ

ചെക്ക്/ഡി. ഡി. Santhakumaran Thampi Foundation Trust എന്ന പേരിൽ അയയ്ക്കുക

**Santham Masika**

House No. 54, Devi Nagar, Opp. Aiswarya,Abode, Shalom Bhavan Road, Nurani - P.O, Palakkad, Kerala-678 004.

Ph : +91 8281650608 ; +91 9633992300

www.santhamonline.com /Santhammasika



കുഴിച്ചുകുഴിച്ചു ചെല്ലുന്തോറും ചരിത്രത്തിനു മാത്രമല്ല ചരിത്രാവബോധത്തിനും തെളിമ ലഭിക്കും. ഹതാശമായ ഒരു ഉൽഖനനത്തിന്റെ കഥ.

# പാലക്കാടൻ സംസ്കൃതി


ഡോ: വി. സനൽകുമാർ

## ഉൽഖനനാനന്തര ഭൂമിശാസ്ത്രം

കേരളത്തിലും ചേരനാടിന്റെ മററു പ്രദേശങ്ങളിലും കാണപ്പെടുന്ന ക്ഷേത്രനിർമ്മിതിയുടേതിൽനിന്നും വേറിട്ട സവിശേഷതകൾ ഇവിടത്തെ കൽമണ്ഡപങ്ങൾക്കുണ്ട്. ഒരു രാജവംശാസ്ഥാനകേന്ദ്രത്തിനുവേണ്ട എല്ലാ സവിശേഷതകളും സന്നിവേശിച്ച നിലയിലാണ് ഇവിടം. രണ്ടു കൽമണ്ഡപങ്ങളും ദീർഘചതുരാകൃതിയിൽ കൊത്തിയെടുത്തിട്ടുള്ള കരിങ്കൽബ്ലോക്കുകൾകൊണ്ടും കരിങ്കൽത്തൂണുകൾകൊണ്ടും നിർമ്മിതമാണ്. രണ്ടുമണ്ഡപങ്ങളുടെയും അധിഷ്ഠാനങ്ങൾ നാലാം നൂററാണ്ടിനു ശേഷം രൂപപ്പെട്ട ക്ഷേത്രാധിഷ്ഠാന നിർമ്മിതിയിൽനിന്നും വേറിട്ടതാണ്. ഈ രണ്ടു കരിങ്കൽ മണ്ഡപങ്ങളുടെയും 40 സെ.മീ. ഉയരമുള്ള അധിഷ്ഠാനങ്ങൾ ചതുരശ്ര വിമാനാകൃതിയിൽ ഏകതല രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. 262 സെ. മീ. നീളവും വീതിയുമാണ് ഇവയ്ക്ക് രണ്ടിനും. അധിഷ്ഠാനത്തിന്റെ നാലുമൂലയിൽനിന്ന് ഉയർന്നുനിൽക്കുന്ന കരിങ്കൽത്തൂണുകളിൽ ഒന്നിലും യാതൊരുവിധ ശിൽപവേലയും ചെയ്യാത്തത് അവയുടെ ആദ്യകാല പഴക്കത്തെയാണ് സൂചിപ്പിക്കുന്നത്. രണ്ടു മണ്ഡപങ്ങളുടെയും മുകൾഭാഗത്ത് വിരിച്ചിട്ടുള്ള ദീർഘചതുരാകൃതിയിൽ പതിച്ച കരിങ്കൽപ്പാളികളുടെ മുകളിൽ ചുണ്ണാമ്പുകല്ലിന്റെയും കാറയുടെയും മിശ്രിതമാണുള്ളത്. മുകളിൽ ഒരുകാലത്ത് ഏകതല ഗോപുരമുണ്ടായിരുന്നു എന്നു വ്യക്തം. മുകളിലുള്ള താഴുകൾക്ക് 30 സെ.മീ. കട്ടിയാണുള്ളത്. അധിഷ്ഠാനത്തിന്റെ അടിത്തട്ടു മുതൽ മുകൾഭാഗം വരെയുള്ള ഉയരം 270 സെ.മീ. ആണ് രണ്ട് മണ്ഡപത്തിലും. പടിഞ്ഞാറ് അഭിമുഖമായാണ് ശ്രീകോവിലിന്റെ സ്ഥാനം. രണ്ടിന്റെയും പ്രണാളി പടിഞ്ഞാറ് അഭിമുഖമായാണ് നിർമ്മാണം.

മധ്യകാലഘട്ടത്തിലെ ആദ്യകാല രൂപങ്ങളാണിവ എന്നു പറയാം. കരിങ്കൽ ഫലകം വഴി അഭിഷേകം ഒഴുകിപ്പോകാനുള്ള ലളിതമായ വ്യവസ്ഥയാണിത്. കേരളത്തിൽ മററു ക്ഷേത്രങ്ങളിലൊന്നും ദർശിക്കാൻ കഴിയാത്ത തളിതമ്പിന്റെ സാന്നിധ്യം തുറസായ കൽമണ്ഡപത്തെ ശ്രദ്ധേയമാക്കുന്നു. പടിഞ്ഞാറ് അഭിമുഖമായാണ് രണ്ടു ശ്രീകോവിലിന്റെയും സ്ഥാനം. തുറസായ കൽമണ്ഡപത്തിൽനിന്ന് പ്രതിഷ്ഠ പൂർണ്ണമായും നീക്കം ചെയ്യപ്പെട്ടപ്പോൾ മറെറാന്നിൽ പ്രതിഷ്ഠ തകർക്കപ്പെട്ട നിലയിലാണ്.

ഏഴ്, എട്ട് നൂററാണ്ടു കാലത്തിലെ ഈ അപൂർവ്വ കൽമണ്ഡപം പൂർണ്ണമായും അവഗണനയേററു കിടക്കുന്നത് വേദനാജനകമാണ്. രണ്ട് മണ്ഡപങ്ങളുടെയും മുകൾഭാഗം കുററിച്ചെടികൾ വളർന്ന് ജീർണ്ണാവസ്ഥയിലാണ്. വർഷക്കാലത്ത് ഇവ പരിപൂർണ്ണമായും പച്ചപ്പിൽമൂടപ്പെട്ടു കിടക്കും. വേനൽക്കാലമാകുമ്പോഴേക്കും ഇവ ഉണങ്ങിക്കരിഞ്ഞു നിൽക്കുന്നു. പരിസരശുചിത്വം ശോചനീയം. കേരളത്തിന്റെ ആദ്യചേരകാലഘട്ടത്തിലെ അത്യപൂർവ്വ കരിങ്കൽസ്മാരകമന്ദിരത്തിനാണ് ഈ ദുർഗതിയുള്ളതെന്ന് ഓർക്കണം. നൂറും ഇരുനൂറും വർഷം പഴക്കമുള്ള കെട്ടിട



*വെൺകുണ്ടറനാട് എക്കൻ കോമതി ലിഖിതം*

ങ്ങൾക്കും ജൂത-ബ്രിട്ടീഷ് പള്ളികൾക്കും അവ ബ്രിട്ടീഷുകാരുടെയും പോർച്ചുഗീസുകാരുടെയും കാലഘട്ടങ്ങളിലെ കെട്ടിടങ്ങളാണെന്നു പറഞ്ഞ് അവയുടെ പരിചരണത്തിനും അനുബന്ധ വികസനത്തിനുമായി പതിനായിരം കോടിയിലധികം രൂപയാണ് സർക്കാർ വകയിരുത്തി വിവിധ കാലഘട്ടങ്ങളിൽ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ, പന്ത്രണ്ട് നൂറ്റാണ്ട് പഴക്കമുള്ള നമ്മുടെ ആദ്യകാല ചേരകാലഘട്ടത്തെ കരിങ്കൽ നിർമ്മിത ജീവൽസ്മാരകങ്ങൾ ശാപമോക്ഷം കിട്ടാതെ, പൂർണ്ണമായും അവഗണനയേററ് ഇങ്ങനെ കിടക്കുന്നത് ആരും കാണുന്നില്ല! കൊടുങ്ങല്ലൂരിലോ പട്ടണത്തോ മാത്രം രാജവംശ ആസ്ഥാനകേന്ദ്രം കണ്ടെത്തിയാൽ മാത്രമേ നമ്മുടെ ചരിത്രഗവേഷണം അർത്ഥവത്താകുകയുള്ളൂ എന്ന് നമ്മുടെ ചരിത്രപണ്ഡിതൻമാർ പരമ്പരയായി ചിന്തിച്ചതുകൊണ്ടാണ് ആ യജ്ഞം സാക്ഷാത്കരിക്കപ്പെടാതെ പോകുന്നത്.

**ചേരകാലഘട്ടത്തെ കരിങ്കൽ കിണർ**

ഭിത്തികൾ തീർത്തു നിർമ്മിച്ച കൽമണ്ഡപത്തിന്റെ പതിനഞ്ചു മീററർ വടക്കായാണ് പൂർണ്ണമായും തകർന്നടിഞ്ഞുകിടക്കുന്ന കൂററൻ കരിങ്കൽനിർമ്മിത കിണറിന്റെ സ്ഥാനം. ഏറെക്കുറെ മൂടപ്പെട്ട നിലയിൽ കിണർ കിടന്നിരുന്നതുകൊണ്ടാവാം പൊട്ടക്കിണർ എന്ന പേരിൽ പരിസരവാസികൾ വിളിച്ചിരുന്നത്. ചപ്പുചവറുകളും പൊട്ടിയ മൺപാത്രങ്ങളും ശീവേലി വയ്ക്കുമ്പോൾ മൂദേവിയുടെ പ്രതീകമായ ചേഷ്ഠകൾ കൊണ്ടുകളഞ്ഞിരുന്നതും ഈ കിണറിന്നകത്തായിരുന്നു കൊണ്ടിട്ടിരുന്നത്.

ഒരു കാലത്ത് കരിങ്കൽ കുമ്പാരം കൊണ്ടുനിറഞ്ഞിരുന്ന കോവിലകം പറമ്പ് പഴയകാല രാജാക്കൻമാരുടെ ആസ്ഥാനകേന്ദ്രമായിരുന്നു എന്നും, ടിപ്പുവിന്റെ ആക്രമണത്തിലൂടെയാണ് ഇവിടം പൂർണ്ണമായും തകർക്കപ്പെട്ടതെന്നും, ഏറെക്കുറെ മൂടപ്പെട്ടുകിടന്നിരുന്ന ഈ ഭീമാകാര കിണറിന്നകത്ത് പഴയകാല രാജാക്കൻമാരുടെ നിധികുംഭവും മററും ഇട്ട് ഒളിപ്പിച്ചിട്ടുണ്ടെന്നും അതിനു കാവലായി സർപ്പങ്ങൾ കാവലുണ്ടെന്നും അതെടുക്കാൻ ശ്രമിച്ചാൽ മരണപ്പെടുമെന്നുമുള്ള ഒരു കഥ ഈ ലേഖകൻ കുട്ടിക്കാലത്ത് കേട്ടിരുന്നു. ഇവിടത്തെ രാജാക്കൻമാരുടെ ചരിത്രമെഴുതിയ ഒരു ശിലാലിഖിതം കിണറിന്റെ പരിസരത്തുണ്ടായിരുന്നത് അകത്തു വീണുകിടക്കുന്നുണ്ട് എന്ന കഥയും ഒരു കനലായി സൂക്ഷിക്കുന്നുണ്ട്.

ഇവിടം ഉൽഖനനവിധേയമാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ച് 1994 മുതൽ ചില പ്രധാനപത്രമാധ്യമങ്ങളിൽ വാർത്ത നൽകുകയും, പിന്നീട് മലയാള മനോരമ വാരാന്തപ്പതിപ്പിൽ 'നെൻമേനി ചരിത്രത്തിന്റെ ഈടുവെപ്പ്' എന്ന പേരിൽ ഒരു ഫീച്ചർ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതേത്തുടർന്ന് നിയമസഭയിലും ഇവിടെ ഉൽഖനനം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ച ചോദ്യങ്ങൾ ചില നിയമസഭാസാമാജികർ മുഖാന്തിരം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ പുരാവസ്തു മ്യൂസിയം ക്യൂറേറ്റർ ആയിരുന്ന ഹേമചന്ദ്രൻ സ്ഥലം സന്ദർശിച്ച് ഉൽഖനനം നടത്താനുള്ള ഔദ്യോഗിക ശ്രമങ്ങളാരംഭിക്കുകയും ചെയ്തു. 1998-ലും 1999-ലും സംസ്ഥാന പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ ഉൽഖനനം നടത്തുവാനുള്ള അനുമതി ലഭിച്ചതിന്റെ പശ്ചാത്തലം അതാണ്. ഇവിടെ പാതി മൂടപ്പെട്ടുകിടക്കുന്ന കരിങ്കൽനിർമ്മിത കിണർ ഉൽഖനനവിധേയമാക്കുന്നു എന്ന പ്രഥമ പരിഗണന നൽകിയതിനു പിന്നിൽ കിണറിനകത്തു കിടക്കുന്ന ശിലാലിഖിതവും പുരാവസ്തു തെളിവുകളും പുറത്തെടുക്കണമെന്ന അദമ്യമായ ആഗ്രഹം മാത്രമായിരുന്നു. എക്സ്കവേഷൻ അസിസ്റ്റന്റ് ശ്രീധരൻ, സോന, ബാലമോഹനൻ എന്നിവരുടെ നേതൃത്വത്തിലുള്ള ടീം അംഗങ്ങളായിരുന്നു രണ്ടു ഘട്ടങ്ങളിലായി നടത്തിയ ഉൽഖനനത്തിൽ പങ്കെടുത്തിരുന്നത്. രണ്ടു ഘട്ട ഉൽഖനനത്തിനായി സർക്കാർ അനുവദിച്ചിരുന്നത് 27000 രൂപ മാത്രമായിരുന്നു. ഈ ലേഖകന്റെ വീട്ടിലും കളപ്പുരയിലുമൊക്കെയായിരുന്നു പുരാവസ്തുവകുപ്പ് അധികൃതർ താമസിച്ച് ഉൽഖനനപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. എന്നാൽ, ചില വസ്തുതകൾ തമസ്കരിച്ചും ഉൽഖ